



ലക്കം 2 ❖ ഏപ്രിൽ 2024 ❖ പുസ്തകം 155


6/10



# മാതൃമൊഴി...

**യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും. റോമ. 10 /9**

പ്രിയ മദേഴ്സ്, സിസ്റ്റേഴ്സ്,

എല്ലാവർക്കും സമാധാനത്തിന്റേയും സന്തോഷത്തിന്റേയും നന്മയുടേയും ഉത്ഥാനത്തിരുനാൾ ഏറ്റം സ്നേഹത്തോടെ ആശംസിക്കുന്നതോടൊപ്പം സമാഗതമാകുന്ന പെന്തിക്കൊസ്തിപ്പെരുനാളിലൂടെ പരിശുദ്ധാത്മാഭിഷേകത്താൽ നിറയപ്പെടാൻ നമുക്ക് പരസ്പരം പ്രാർത്ഥിക്കാം.

യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ (ഗുരു എന്നർത്ഥം) വിളിച്ചു. - വി.യോഹ. 20/16.

ജീവിതത്തിന്റെ വിവിധ വ്യഗ്രതകളിൽ മുഴുകിയിരിക്കുന്ന നമുക്ക് നമ്മെ പേരു ചൊല്ലി വിളിക്കുന്ന ഉത്ഥിതനായ യേശുവിനായി കാതോർക്കാം. നിർമ്മല മനഃസാക്ഷിയോടെ അവിടുത്തേക്കായി ഹൃദയവാതിലുകൾ തുറന്ന് കാത്തിരിക്കാം. ഉത്ഥിതനായ യേശു നമുക്ക് വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ നമുക്ക് വരവേൽക്കാം. ആത്മാവിന്റെ പ്രചോദനമനുസരിച്ച് നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും നാം ഏറ്റെടുത്തിരിക്കുന്ന ശുശ്രൂഷാജീവിതത്തിലും പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങൾ ഉപയോഗിക്കുകയും ആത്മാവിന്റെ നിമന്ത്രണങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യാം.

ശരിയായ മനസാക്ഷിയുടെ രൂപീകണത്തിലൂടെയും വചനത്തിന്റെ നിറവിലൂടെയും പരിശുദ്ധ അമ്മയോടുള്ള ഭക്തി മുഖേനയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടുള്ള തുറവിയിലൂടെയും വിശ്വാസത്തിലൂടെയുമാണ് വരദാനഫലങ്ങൾ നമ്മിൽ പ്രകടമാവുക.

നമുക്ക് ആത്മാവിന്റെ വരദാനഫലങ്ങളോടുള്ള ഒരു വലിയ തുറവി ആഗ്രഹിക്കാം. ആത്മാവിന്റെ ഏഴ് ദാനങ്ങളും ഒൻപത് വരങ്ങളും പന്ത്രണ്ട് ഫലങ്ങളും നൽകി അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ.

അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാവും. ആ നാളുകളിൽ എന്റെ ദാസന്മാരുടേയും ദാസിമാരുടേയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. ജോയേൽ 2 : 28, 29

പെന്തക്കുസ്താ തിരുനാളിനായി പ്രത്യേകം നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

സ്നേഹപൂർവ്വം

Ardra Sr SIC

മദർ ആർദ്ര SIC
സുപ്പീരിയർ ജനറൽ



# എഡിറ്റോറിയൽ

മനുഷ്യജീവിതം കല്ലറയ്ക്കുള്ളിലോ കാൽവരിയുടെ ദുഃഖ പാരമ്യതയിലോ അവസാനിക്കുവാനുള്ളതല്ല എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് വീണ്ടും ഒരു ഉയിർപ്പുതിരുനാൾ കൂടി നമ്മെ തേടിയെത്തി. ഈസ്റ്ററിന്റെ പ്രത്യാശാപൂരിതമായ പുലരിക്ക് പിന്നിൽ നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയ ഒരു ദുഃഖവെള്ളിയുടെ മധ്യാഹ്നമുണ്ട്. രാത്രിയില്ലാതെ പ്രഭാതമില്ല എന്ന അയത്നലളിതമായ സത്യം ഈസ്റ്റർ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ ഇരുൾനിറഞ്ഞ വേളകളെ ഹൃദയപൂർവം സ്വീകരിച്ച് അവയെ കൂടുതൽ പ്രസാദാത്മകമാക്കാൻ ഈ സുദിനം നമ്മെ ക്ഷണിക്കുകയാണ്.

മരണത്തിന്റെ അഗാധത്തിൽ നിന്നും ദൈവപുത്രൻ ഉയിർപ്പിക്കപ്പെട്ടു എന്നതിന്റെ പ്രധാന തെളിവുകൾ ശൂന്യമായ കല്ലറയും ഉത്ഥിതനെ കണ്ട മനുഷ്യരുടെ സാക്ഷ്യങ്ങളുമാണ്. ക്രിസ്തുവിന്റെ ഉത്ഥാനം ക്രിസ്തുശിഷ്യരായ നമ്മുടെയും വ്യക്തി ജീവിതങ്ങളിൽ വരുത്തേണ്ടത് ഇപ്രകാരമുള്ള ഒരു രൂപാന്തരീകരണമാണ്.

“തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നു” (റോമ. 8/28) എന്ന തിരുവചനത്തിലൂടെ വി. പൗലോസ് ശ്ലീഹാ നമുക്ക് നൽകുന്നത് ജീവിതത്തിൽ സംഭവിക്കുന്നവയെല്ലാം നമ്മുടെ ഉപരി നന്മയ്ക്കായി ദൈവം പരിണമിപ്പിക്കും എന്ന ഉറപ്പാണ്. രോഗമോ ദുഃഖമോ ദുരിതമോ കഷ്ടതയോ ആപത്തോ വാളോ എന്തുതന്നെയായാലും അത് ആത്യന്തികനന്മയുടെയും യേശുവിന്റെ സ്വഭാവത്തിന്റെയും സ്വാംശീകരണത്തിലേക്ക് നമ്മെ നയിക്കുമെന്നതിൽ സംശയമില്ല. യേശുവിന് താൻ അനുഭവിക്കേണ്ടി വന്ന പീഡകളെക്കുറിച്ച് ദൈവത്തോടോ മനുഷ്യരോടോ യാതൊരു

പരാതിയോ പരിഭവമോ ഉണ്ടായിരുന്നില്ലയെന്ന് കുരിശിലെ അന്ത്യ മൊഴികൾ സാക്ഷിക്കുന്നുണ്ട്. ജീവിതത്തിൽ താൻ കുടിക്കേണ്ടി വന്ന കഷ്ടതയുടെ ചഷകത്തെ 'പിതാവ് എനിക്കു തന്ന പാന പാത്രം' എന്നാണ് യേശു വിശേഷിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ ആ പാനപാത്രം യേശുവിനായി ഒരുക്കിയത് തന്റെ ശത്രുക്കളായിരുന്നെ ങ്കിൽക്കൂടി അവിടുന്ന് അതിനെ പിതാവ് ഒരുക്കിയ രക്ഷയുടെ പാനപാത്രമായിക്കണ്ട് മനുഷ്യകരങ്ങളിൽ നിന്നും നിറമനസോടെ സ്വീകരിച്ചു. യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന ആത്യ ന്തിക നന്മയാണു നമ്മുടെ ലക്ഷ്യമെങ്കിൽ നമ്മുടെ പ്രതിസന്ധി കൾക്ക് പിന്നിലുള്ള ദൈവത്തിന്റെ കരം കാണുവാൻ ഇനിയും എത്രകാതം നാം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു!

തിരുവുത്ഥാനം നമ്മെ ഓർപ്പിക്കുന്ന മറ്റൊരു സത്യം, അവസാന വിജയം നന്മയ്ക്കായിരിക്കും എന്നതാണ്. എല്ലാവരു ടെയും നന്മ മാത്രം ആഗ്രഹിക്കുകയും വാക്കിലും പ്രവൃത്തിയിലും മനോഭാവത്തിലും ഒരു തെറ്റും ചെയ്യാത്തവനുമായിരുന്നു യേശു. എന്നിട്ടും മതമേലധ്യക്ഷന്മാരും ഭരണകൂടവും തെറ്റായ ആരോപണ ങ്ങളുന്നയിച്ച് അവനെ കുരിശിൽതറച്ചു. തിന്മയും അസത്യവും ജയിച്ചുവെന്ന് എല്ലാവരും കരുതിയപ്പോൾ, മരണത്തെ തോൽപ്പിച്ച് അവിടുന്ന് ഉയിർത്തെഴുന്നേറ്റു. തിന്മയുടെ വിജയം താൽക്കാലികം മാത്രമെന്നും നന്മയും സത്യവും മാത്രമേ ശാശ്വതമായി നിലനിൽക്കു കയുള്ളുയെന്നും വെള്ളിയാഴ്ച, സത്യത്തെ ക്രൂശിച്ചാൽ അതു ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കുമെന്നും ഈസ്റ്റർ നമ്മെ പഠിപ്പി ക്കുന്നു.

വളഞ്ഞ വഴികൾ തേടുന്നവർക്ക് താൽക്കാലികമായി നേട്ടം ലഭിച്ചുവെന്ന് വരാം. അവരാണു ജയിച്ചതെന്ന് മറ്റുള്ളവരും കരുതി യേക്കാം. എന്നാൽ ആത്യന്തിക വിജയം നന്മയ്ക്കു തന്നെയായിരി ക്കും. സത്യത്തിന്റെ ഭാഗത്ത് ന്യൂനപക്ഷമേയുള്ളുവെങ്കിൽപോലും സത്യത്തോടൊപ്പം നിൽക്കുവാൻ നമുക്കും പരിശീലിക്കാം.

മാളികയിൽ വച്ച് അഗ്നിനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങിവന്ന് ദിവ്യജ്ഞാനത്താൽ അവരുടെ മനസ്സിനെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് തന്റെ

വരദാനഫലങ്ങളാകുന്ന ദിവ്യകിരണങ്ങളാൽ നമ്മെയും പ്രകാശ പൂരിതരാക്കട്ടെ.

തിരുസഭയോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം...

“കർത്താവേ, ജീവദായകനായ നിന്റെ പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളിൽ ചൊരിയണമെ. എപ്പോഴും നീ ഞങ്ങളിൽ വസിച്ച് വാക്കിലും പ്രവൃത്തിയിലും നടപടികളിലും ഉത്തമവും പൂർണ്ണ വുമായ സകല പ്രവർത്തനങ്ങളിലും നിന്റെ ദൈവീകവ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമേ. ഞങ്ങളുടെ പാപങ്ങളും നിയമലംഘനങ്ങളും മൂലം ഞങ്ങളിൽനിന്ന് നിന്റെ കൃപയെ നീ നിരോധിക്കരുതെ. പാപമാകുന്ന സകല മുള്ളുകളിൽനിന്നും ഞങ്ങൾ വിമുക്തരായി വിശ്വാസം, ശരണം, സത്യസ്നേഹം എന്നീ ആത്മീയ സുകൃതങ്ങൾ നിനക്കു സമർപ്പിക്കുവാൻ അർഹരായി ത്തീരണമേ.”

ഉത്ഥാനം പ്രകാശത്തിന്റെ പെരുന്നാളെങ്കിൽ ആ മഹാ രഹസ്യം നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത് അൻപതാം ദിവസ ത്തിലെ ആത്മാവിന്റെ ആവാസത്തിലേക്കാണ്. ആകയാൽ ഉത്ഥിത നോടൊപ്പം നമുക്കും പ്രകാശിതരാകാം. പെന്തിക്കോസ്തി തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ഹൃദയപൂർവം നേരുന്നു.

സ്നേഹപൂർവ്വം

സിസ്റ്റർ ലില്ലി ജോസ് SIC
ചീഫ് എഡിറ്റർ

# വാർത്തകൾ

## ജനറലേറ്റ്

### പാറശ്ശാല രൂപതയുടെ പാസ്റ്ററൽ സെന്റർ ഉദ്ഘാടനം

2024 ജനുവരി 1-ാം തീയതി വൈകുന്നേരം 3 മണിക്ക് പാറശ്ശാല രൂപതയുടെ പാസ്റ്ററൽ സെന്റർ ഉദ്ഘാടനകർമ്മത്തിൽ മദർ ആർദ്രയും സിസ്റ്റർ രാജിതയും സംബന്ധിച്ചു.

### കാതോലിക്കാ ബാവാ തിരുമനസ്സിന് ഫീസ്റ്റിൻ മംഗളാശംസകൾ...

2024 ജനുവരി 2-ാം തീയതി രാവിലെ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ ഫീസ്റ്റ് പ്രമാണിച്ച് പട്ടം കത്തീഡ്രലിൽ ക്രമീകരിച്ച ദിവ്യബലിയിലും തുടർന്ന് നടന്ന മീറ്റിംഗിലും സ്നേഹഭോജനത്തിലും മദർ ആർദ്രയും സിസ്റ്റർ രാജിതയും സംബന്ധിച്ചു.

### MOC : ആത്മീയ നവീകരണ ക്ലാസ്സ്

ജനുവരി 2-ാം തീയതി മുതൽ 31-ാം തീയതി വരെ MOC യിൽ ക്രമീകരിച്ച ക്ലാസ്സിന് സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന നമ്മുടെ 10 ജൂണിയർ സിസ്റ്റേഴ്സ് സംബന്ധിച്ചു.

### ക്ലാസ്സ്

ഒക്ടോബർ 9, 10 തീയതികളിൽ സിസ്റ്റർ ഗ്രേസ് SIC (TLA) സമർപ്പിതജീവിതം എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന നമ്മുടെ ജൂണിയർ സിസ്റ്റേഴ്സിന് ക്ലാസ്സ് നയിച്ചു.

**നവാഭിഷിക്തർക്ക് ആശംസകൾ**

ജനുവരി 3-ാം തീയതിയും ജനുവരി 4-ാം തീയതിയും പുന്നമൂട്, കോന്നി എന്നിവിടങ്ങളിലെ നവാഭിഷിക്തരുടെ പൗരോഹിത്യ ശുശ്രൂഷയിലും പ്രഥമദിവ്യബലിയർപ്പണത്തിലും മദർ ആർദ്രയും സിസ്റ്റേഴ്സും സംബന്ധിച്ച് ആശംസകൾ നേരുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു.

**ബഥനി സെൻട്രൽ സ്ക്കൂൾ, നങ്ങ്യാർകുളങ്ങര - വാർഷികാഘോഷപരിപാടികൾ**

ജനുവരി 5-ാം തീയതി മദർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ നങ്ങ്യാർകുളങ്ങര ബഥനി സെൻട്രൽ സ്ക്കൂളിന്റെ വാർഷികാഘോഷപരിപാടികൾ നടന്നു.

**മലങ്കര ആരാധനക്രമാധിഷ്ഠിതമായി ദനഹാതിരുനാൾ -**

ജനുവരി 6-ാം തീയതി ബഹു. മാത്യു മണലുവിള അച്ചന്റെ മുഖ്യ കാർമ്മീകത്വത്തിൽ വെള്ളം വാഴ്ത്തൽ ക്രമത്തോടെ ദനഹാതിരുനാളിൽ ആഘോഷമായ ദിവ്യബലി ജനറലേറ്റിൽ അർപ്പിച്ചു.

**കെ.സി.എം. കരിസ്മാറ്റിക് പ്രാർത്ഥനാക്കൂട്ടായ്മ**

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ 6-ാം തീയതികളിൽ കോട്ടയത്തു വച്ച് ക്രമീകരിച്ച കെ.സി.എം. കരിസ്മാറ്റിക് ജൂബിലി പ്രാർത്ഥനാക്കൂട്ടായ്മയിൽ സിസ്റ്റർ കുസുമം സംബന്ധിച്ചു.

**ജൂബിലി ആഘോഷം**

ജനുവരി 6-ാം തീയതി തിരുവല്ല പ്രോവിൻസ് തിരുമൂലപുരത്ത് ക്രമീകരിച്ച നമ്മുടെ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷപരിപാടികളിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. മദർ ആർദ്ര ജൂബിലേറിയൻസിന് ആശംസകൾ നേർന്ന് സംസാരിച്ചു.

ജനുവരി 6-ാം തീയതി മദർ ആർദ്രയും സിസ്റ്റർ ട്രീസ്സയും CFSN Congregation-ന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

ജനുവരി 14, 15 തീയതികളിൽ മദർ ആർദ്ര കറുകുറ്റി CMC Sisters-ന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ സംബന്ധി

ക്കുകയും പിറ്റേ ദിവസം അവരുടെ സിസ്റ്റേഴ്സിനായി ക്ലാസ്സ് നയിക്കുകയും ചെയ്തു

## റമ്പാൻ പട്ട ശുശ്രൂഷ

ജനുവരി 9-ാം തീയതി മൂവാറ്റുപുഴ രൂപതയിലെ പൂതൃക്ക സെന്റ് ജെയിംസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് ക്രമീകരിച്ച വന്ദ്യ മോൺ. മത്തായി കടവിൽ അച്ചന്റെ റമ്പാൻ പട്ട ശുശ്രൂഷയിൽ ബഹു. മദർ ആർദ്രയും സിസ്റ്റേഴ്സും സംബന്ധിച്ചു.

## ബഹു. ജെയിംസ് മാമ്മൂട്ടിൽ അച്ചന് പ്രണാമം.....

ജനുവരി 11-ാം തീയതി മദർ ആർദ്രയും സിസ്റ്റേഴ്സും തിരുവനന്തപുരം - നാലാഞ്ചിറയിൽ ബഹു. ജെയിംസ് മാമ്മൂട്ടിൽ അച്ചന്റെ സംസ്ക്കാര ചടങ്ങുകളിൽ സംബന്ധിച്ച് പ്രാർത്ഥിച്ചു.

## ഇവാനീയം - ശതാബ്ദി സ്മാരക മന്ദിര കൂദാശാകർമ്മം

ജനുവരി 13-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് നമ്മുടെ ശതാബ്ദി സ്മാരക മന്ദിരത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. കൂദാശാകർമ്മത്തെത്തുടർന്ന് കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പൊതു മീറ്റിംഗ് ക്രമീകരിച്ചു. മദർ ആർദ്ര ഏവർക്കും സ്വാഗതം ആശംസിച്ചുകൊണ്ട് എന്താണ് ബഥനി സന്യാസിനീ സമൂഹത്തിന്റെ കാരിസം, ധർമ്മം, മിഷൻ എന്നിവ ആമുഖമായി വിശദീകരിച്ചു. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് അനുഗ്രഹപ്രഭാഷണം നടത്തി. ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ബഹു. ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചൻ, നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മാത്യു ജേക്കബ് തിരുവാലിൽ അച്ചൻ, വാർഡ് മെമ്പർ ശ്രീമതി സിസി ബോബി, മൈത്രി റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ റോയി ജോൺ ഇടയത്തറ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

പ്രസ്തുത ചടങ്ങുകളോടൊപ്പം കാതോലിക്കാ ബാവാ തിരുമനസ്സിന്റെ ഫീസ്റ്റ് പ്രമാണിച്ച് വീഡിയോ അവതരണം, ആശംസാ പ്രസംഗം എന്നിവയും ആഘോഷങ്ങളുടെ മാറ്റു കൂട്ടി. വന്ദ്യ വൈദീക ശ്രേഷ്ഠർ, നമ്മുടെ 5 പ്രോവിൻസുകളിലെ മദേഴ്സ്, കൗൺസിലേഴ്സ്, ഇതര സന്യാസ-സന്യാസിനീ സമൂഹങ്ങളിലെ

ബഹു. വൈദീകശ്രേഷ്ഠർ, മദർ സുപ്പീരിയേഴ്സ്,  ബഥനിയുടേയും ഇതര സന്യാസിനീ സമൂഹങ്ങളിൽ നിന്നുമുള്ള ബഹു. സിസ്റ്റേഴ്സ്, ജനപ്രതിനിധികൾ, വിജയപുരം പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർ, മൈത്രി റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, കീച്ചാൽ, കളത്തിപ്പടി ഇടവകാംഗങ്ങൾ, ജനറലേറ്റിന് സമീപമുള്ള ഭവനങ്ങളിൽ നിന്നും മാതാപിതാക്കൾ, കുഞ്ഞുങ്ങൾ, ഗുണകാംക്ഷികൾ എന്നിവരുടെ സാന്നിധ്യം പ്രസ്തുത കർമ്മങ്ങളെ അവിസ്മരണീയമാക്കി.

## അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സ്-ജനറൽ ടീം-പ്രൊവിൻഷ്യൽസ്  മീറ്റ്

ജനുവരി 13-ാം തീയതി ശതാബ്ദി സ്മാരക കൂദാശയ്ക്ക് ശേഷം അത്യഭിവന്ദ്യ കാതോലിക്കാ ബാവാ ജനറൽ ടീം, പ്രൊവിൻഷ്യൽസ് എന്നിവരെ ഒരുമിച്ച് കൂട്ടി ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനചടങ്ങുകളെക്കുറിച്ചും ഇതര വിഷയങ്ങളെക്കുറിച്ചും ചർച്ച നടത്തി.

## Finance Officers' Meet at POC

എറണാകുളം പി.ഓ.സി-യിൽ Finance Officers-നുവേണ്ടി ജനുവരി 16-ാം തീയതിയും മാർച്ച് 8-ാം തീയതിയും ക്രമീകരിച്ച ക്ലാസ്സിൽ സിസ്റ്റർ ട്രീസ്സ സംബന്ധിച്ചു.

## നവാഭിഷിക്തരുടെ  കൃതജ്ഞതാബലിയർപ്പണം

ജനുവരി 17-ാം തീയതി തിരുവല്ല രൂപതയിലെ ഈ വർഷം പട്ടം കിട്ടിയ 6 നവവൈദീകരും ജനുവരി 18-ാം തീയതി ബഥനി ആശ്രമത്തിലെ ഈ വർഷം പട്ടം കിട്ടിയ 3 നവവൈദീകരും ജനറലേറ്റിൽ ദിവ്യബലി അർപ്പിച്ചു. നവാഭിഷിക്തരുടെ കൈമുത്തി അനുഗ്രഹം പ്രാപിച്ചു. തുടർന്ന് ഫോട്ടോ സെഷൻ, അനുമോദനസമ്മേളനം, സ്നേഹഭോജനം ഇവ ക്രമീകരിച്ചു.

## കാനോനിക  സന്ദർശനം

ജനുവരി 18-ാം തീയതി മുതൽ 23-ാം തീയതി വരെയും

ഫെബ്രുവരി 2-ാം തീയതിയും ചെങ്ങരൂർ മഠവും ഫെബ്രുവരി 9-ാം തീയതി മുതൽ 18-ാം തീയതി വരെ ഔറംഗാബാദ്, ദേഹു റോഡ്, കാലേവാഡി മഠങ്ങളും ഫെബ്രുവരി 21, 23, 24 തീയതികളിൽ മണർകാട് മഠവും ഫെബ്രുവരി 27-ാം തീയതി മുതൽ മാർച്ച് 7-ാം തീയതി വരെ ആന്ധ്ര, ഹൈദരാബാദ്, തെലുങ്കാന എന്നിവിടങ്ങളിലെ തിരുവനന്തപുരം, തിരുവല്ല, പത്തനംതിട്ട പ്രോവിൻസുകളുടെ മന്ദിരങ്ങളും കാനോനിക സന്ദർശനം നടത്തി.

## ബഹു. മത്തായി കടവിൽ റമ്പാച്ചന് സ്വാഗതം

ജനുവരി 20-ാം തീയതി ബഹു. മത്തായി കടവിൽ റമ്പാച്ചന് ജനറലേറ്റിൽ ഊഷ്മളമായ സ്വാഗതം നൽകി. ദിവ്യബലിയർപ്പണത്തെ തുടർന്ന് ബൊക്കെ കൊടുത്ത് അനുമോദനഗാനം ആലപിച്ച് ആശംസകൾ നേർന്നു.

## Festal Celebrations of other Congregations

ജനുവരി 20-ാം തീയതി -CMI Provincial House-ൽ അവരുടെ കമ്യൂണിറ്റി ഫീസ്റ്റിലും ജനുവരി 21-ാം തീയതി MCBS Congregation-ന്റെ Home Day Celebration-ലും സിസ്റ്റേഴ്സ് സംബന്ധിച്ചു. ജനുവരി 31-ാം തീയതി പുതുപ്പള്ളി Don Bosco Congregation-ന്റെ Feast Day Celebration-ൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## MOC-യിൽ മലങ്കര കുർബാന

ജനുവരി 23-ാം തീയതി രാവിലെ കോട്ടയം മാങ്ങാനം MOC യിൽ ക്രമീകരിച്ച മലങ്കര ആരാധനക്രമം അനുസരിച്ചുള്ള വി. കുർബാനയിൽ സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരുന്ന ജൂണിയർ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## തിരുവനന്തപുരം പ്രോവിൻസിൽ ജൂബിലി ആഘോഷം

ജനുവരി 25-ാം തീയതി നാലാഞ്ചിറയിൽ ക്രമീകരിച്ച സിസ്റ്റേഴ്സിന്റെ സുവർണ്ണ-രജതജൂബിലി ആഘോഷത്തിൽ മദർ ആർദ്ര സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## Mother Ardra's Feast Day Celebrations

ജനുവരി 26-ാം തീയതി MOC-യിൽ നിന്നും മദറിന്റെ students

വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള 20 സിസ്റ്റേഴ്സ് ജനറലേറ്റിൽ വന്ന് ഫീസ്റ്റ് ഗാനം ആലപിച്ച് മദറിനെ ഫീസ്റ്റ് wish ചെയ്തു.

ജനുവരി 27-ാം തീയതി മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തെയോഡോഷ്യസ് പിതാവിന്റെ മുഖ്യ കാർമ്മീകത്വത്തിൽ രാവിലെ 09.30 ന് ദിവ്യബലി അർപ്പിച്ച് മദറിനു വേണ്ടി പ്രാർത്ഥിച്ചു. ബഹു. ജോബിൻ കുര്യാക്കോസ് അച്ചൻ, 5 പ്രോവിൻസുകളിലെ മദേഴ്സ്, സിസ്റ്റേഴ്സ് എന്നിവർ ഏകദേശം 350 പേർ കൃതജ്ഞതാബലിയർപ്പണത്തിൽ സംബന്ധിച്ചു.

വി. കുർബാനയെത്തുടർന്ന് കോൺഫറൻസ് ഹാളിൽ വന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ പൊതുമീറ്റിംഗ് ക്രമീകരിച്ചു. അഭിവന്ദ്യ പിതാവും ക്ഷണം സ്വീകരിച്ച് വന്ന വന്ദ്യ വൈദീകശ്രേഷ്ഠരും മദേഴ്സിന്റെ പ്രതിനിധിയായി മദർ തേജസ്സും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ശേഷം എല്ലാവരും സ്നേഹഭോജനത്തിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക് ശേഷം 2 മണിക്ക് 5 പ്രോവിൻസുകളിൽ നിന്നും സിസ്റ്റേഴ്സിന്റേയും പ്രീ-നോവീസ്സസ്, ക്യാൻഡിഡേറ്റ്സ്, കുമാരപുരം ഡിഫറന്റ്ലി ഏബിൾഡ് സ്റ്റുഡന്റ്സ് എന്നിവരുടേയും കർണ്ണാനന്ദകരമായ കലാപരിപാടികൾ അവതരിപ്പിച്ചു, മദറിന് പിറന്നാൾ-തിരുനാൾ ആശംസകൾ നേർന്നു.

## വന്ദ്യ റാഫേൽ തട്ടിൽ പിതാവിന് അനുമോദനങ്ങൾ

ജനുവരി 28-ാം തീയതി KCMS ഭാരവാഹികളോടൊപ്പം പ്രസിഡന്റ് മദർ ആർദ്ര എറണാകുളത്ത് POC -യിൽ വച്ചു അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ പുതിയ നിയമനത്തിൽ ആശംസകൾ അർപ്പിച്ചു.

## Annual Day Celebrations

ജനുവരി 19-ാം തീയതി മദർ ആർദ്ര ചെങ്ങരൂർ സെന്റ് തെരേസാസ് സ്ക്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷയായിരുന്നുകൊണ്ട് ആഘോഷപരിപാടികൾ മനോഹരമാക്കി.

ജനുവരി 30-ാം തീയതി സിസ്റ്റർ ലില്ലി ജോസിന്റെ അദ്ധ്യക്ഷതയിൽ ചെങ്ങരൂർ സെന്റ് തെരേസാസ് എൽ.പി. സ്ക്കൂളിന്റെ വാർഷികാഘോഷ പരിപാടികൾ നടന്നു. സിസ്റ്റർ രാജിത ചെങ്ങന്നൂർ സെന്റ് ആൻസ് സ്ക്കൂളിന്റെ വാർഷികാഘോഷത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ഫെബ്രുവരി 16-ാം തീയതി വൈകുന്നേരം 4 മണിക്ക് ഇലന്തൂർ സെന്റ് തോമസ് സെൻട്രൽ സ്ക്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷപ്രസംഗവും ഫെബ്രുവരി 16-ാം തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് വെൺമണി സെന്റ് ജൂഡ് സ്ക്കൂളിന്റെ വാർഷികാഘോഷത്തിന്റെ ഉദ്ഘാടനകർമ്മവും നിർവഹിച്ചു.

പാമ്പാടി വിമലാംബിക CBSE സ്ക്കൂളിന്റെ വാർഷികാഘോഷത്തിൽ മദർ ആർദ്ര അദ്ധ്യക്ഷപദം അലങ്കരിച്ച് ആഘോഷപരിപാടികൾ അനുഗ്രഹകരമാക്കി.

മാർച്ച് 19-ാം തീയതി ചേറ്റുകുഴി മാർ ഈവാനിയോസ് സ്ക്കൂളിന്റെ വാർഷികാഘോഷത്തിൽ സിസ്റ്റർ കുസുമം അദ്ധ്യക്ഷത വഹിച്ചു.

## കോട്ടയം ബൈബിൾ കൺവൻഷൻ

ജനുവരി 31-ാം തീയതി മുതൽ ഫെബ്രുവരി 4-ാം തീയതി വരെ നാഗമ്പടം സെന്റ് ആന്റണീസ് ചർച്ചിൽ ആരംഭിച്ച ബൈബിൾ കൺവൻഷനിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## സമർപ്പിത ദിനം - Zoom Meet

ഫെബ്രുവരി 2-ാം തീയതി ബഹു. ഷാജൻ അച്ചന്റെ നേതൃത്വത്തിൽ സമർപ്പിതദിനത്തോടനുബന്ധിച്ചുള്ള സൂം മീറ്റിംഗിലും KCMS- Voice of Nuns ന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച മീറ്റിംഗിലും നിയുക്ത മെത്രാൻ മോൺസിഞ്ഞോർ മത്തായി കടവിൽ OIC യെ അനുമോദിച്ച് മദർ ആർദ്ര സംസാരിച്ചു.

## ജൂണിയർ സിസ്റ്റേഴ്സ് നാഥന്റെ സന്നിധിയിൽ....

ഫെബ്രുവരി 3-ാം തീയതി മുതൽ ഒരാഴ്ച അണക്കര ധ്യാന

കേന്ദ്രത്തിൽ മിസ്ട്രസ്സ് സിസ്റ്റർ ശാലീനായോടൊപ്പം ജൂണിയർ സിസ്റ്റേഴ്സ് ധ്യാനം നടത്തി.

**മഹിളാ മാതൃസമാജം**

ജനുവരി 7-ാം തീയതിയും ഫെബ്രുവരി 4-ാം തീയതിയും മാർച്ച് 3-ാം തീയതിയും ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് ജനറലേറ്റിൽ വച്ച് മഹിളാ മാതൃ സമാജത്തിന്റെ മീറ്റിംഗ് നടത്തി. സിസ്റ്റർ ലില്ലി ജോസ്, സിസ്റ്റർ ഐവാനിയ, സിസ്റ്റർ ക്രിസ്റ്റ എന്നിവർ മൂന്നു ദിവസങ്ങളിലെ ക്ലാസ്സുകൾ നയിച്ചു.

**House Management**

ഫെബ്രുവരി 10-ാം തീയതി ജനറലേറ്റ് ഹൗസിൽ ജൂണിയർ സിസ്റ്റേഴ്സിന് ഒരു ഹൗസ് എങ്ങനെ മാനേജ് ചെയ്യാം എന്നുള്ള പ്രായോഗിക പരിശീലനം നൽകി. ഒരു ദിവസത്തെ ഹൗസിലെ എല്ലാ ഡ്യൂട്ടികളും ജൂണിയർ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മിസ്ട്രസ് സിസ്റ്റർ ശാലീനായുടെ മേൽനോട്ടത്തിൽ നിർവഹിച്ചു.

**റേൻജർ ടെസ്റ്റ്**

ഫെബ്രുവരി 10-ാം തീയതി കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ആസ്ഥാന കാര്യാലയത്തിൽ വച്ച് റേൻജർ കുട്ടികളുടെ ടെസ്റ്റ് സിസ്റ്റർ രാജിത നടത്തി.

**Reception to His Holiness at Sr. Mary's Cathedral, Pattom**

ഫെബ്രുവരി 11-ാം തീയതി വൈകുന്നേരം 5 മണിക്ക്, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സീറോ മലങ്കര കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ His Holiness Moran Mor Ignatius Aphrem II, Patriarch of Antioch and All the East and Supreme Head of the Universal Syriac Orthodox Church- ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സ് ക്രമീകരിച്ച സ്വീകരണചടങ്ങിൽ സിസ്റ്റർ രാജിത സംബന്ധിച്ചു.

**അഭിവന്ദ്യ പക്കോമിയോസ് പിതാവിന്റെ മെത്രാഭിഷേകം**

ഫെബ്രുവരി 15-ാം തീയതി നടന്ന അഭിവന്ദ്യ പക്കോമിയോസ് പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ മദർ ആർദ്ര സംബന്ധിച്ചു.

## പ്രിയ സഹജേ, സമാധാനത്തോടെ വസിക്ക...

ഫെബ്രുവരി 17-ാം തീയതി ജനറൽ കൗൺസിലർ സിസ്റ്റർ കുസുമത്തിന്റെ പ്രിയ മാതാവ് ശ്രീമതി തങ്കമ്മ ഈപ്പൻ നിത്യസമ്മാനത്തിന് അർഹയായി. ശവസംസ്ക്കാര ചടങ്ങിൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു. പരേതാത്മാവിന് ബഥനി മക്കളുടെ പ്രാർത്ഥനകൾ!!! പ്രിയ മാതാവിന്റെ 40-ാം ചരമദിനത്തിൽ ഉള്ളന്നൂർ മലങ്കര കത്തോലിക്കാ പള്ളിയിൽ ക്രമീകരിച്ച വി. കുർബാനയിലും സ്നേഹഭോജനത്തിലും ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## പ്രീ-നോവീസ്സസിന് ക്ലാസ്സ്

ഫെബ്രുവരി 19-ാം തീയതി മുതൽ 23-ാം തീയതി വരെ ഒരാഴ്ച നമ്മുടെ സമൂഹത്തിലെ പ്രീ-നോവീസ്സസ് 5 പേർക്കും സിസ്റ്റർ ലില്ലി ജോസ് ക്ലാസ്സ് എടുത്തു.

## മലങ്കര കത്തോലിക്കാ സഭാ സിനഡ് 2024

ഫെബ്രുവരി 22-ാം തീയതി നടന്ന മലങ്കര കത്തോലിക്കാ സഭയുടെ സിനഡിൽ ബഹു. മദർ ആർദ്രയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സും സംബന്ധിച്ചു. ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തെ പ്രതിനിധീകരിച്ച് മദർ ആർദ്ര സമൂഹത്തെ സംബന്ധിച്ച റിപ്പോർട്ട് അതിമനോഹരമായി അവതരിപ്പിച്ചു.

## നോമ്പുകാല ധ്യാനം

സിസ്റ്റർ ലില്ലി ജോസ് താഴെ പറയുന്ന ഇടവകകളിൽ നോമ്പുകാലധ്യാനം നടത്തി

| | |
|---|---|
| ഫെബ്രുവരി 16, 23 | - കൊല്ലാട് |
| ഫെബ്രുവരി 25 | - ചെങ്ങരൂർ |
| മാർച്ച് 3, 24, 25, 26 | - നെടുമ്പ്രം |
| മാർച്ച് 8, 29 | - കളത്തിപ്പടി |
| മാർച്ച് 10 | - ചുങ്കപ്പാറ |
| മാർച്ച് 15 | - മാരാമൺ |

| | |
|---|---|
| മാർച്ച് 19,20,21 | - പുല്ലാട് |
| മാർച്ച് 22 | - കല്ലുമല |
| മാർച്ച് 27 | - തിരുവല്ല കത്തീഡ്രൽ |

**കോർണർ പ്രാർത്ഥന**

വലിയ നോമ്പ് കാലയളവിൽ കളത്തിപ്പടി പള്ളിയിൽ വച്ചുള്ള കോർണർ പ്രാർത്ഥനയിൽ സിസ്റ്റർ സാന്നിധ്യ, സിസ്റ്റർ ജസീന്ത എന്നിവർ സംബന്ധിച്ചു.

**കോട്ടയം കാതലിക് മൂവ്മെന്റ് അവലോകനയോഗം**

ഫെബ്രുവരി 29-ാം തീയതി കോട്ടയം കാതലിക് മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടന്ന കോട്ടയം കൺവെൻഷന്റെ അവലോകന യോഗത്തിൽ സിസ്റ്റർ കുസുമം പങ്കെടുത്തു.

**ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി ഭാഷയിൽ ദിവ്യബലിയർപ്പണം**

ജനറലേറ്റ് ഹൗസിൽ ബഹു. ഷാജൻ കുറ്റിയിൽ അച്ചൻ, ബഹു. രാജു പറക്കോട്ട് അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി ഭാഷയിൽ ദിവ്യബലിയർപ്പിക്കുന്നു

**വൃദ്ധസദന സന്ദർശനം**

മാർച്ച് 3-ാം തീയതി കീച്ചാൽ ഇടവകാംഗങ്ങളോടൊപ്പം സിസ്റ്റർ കുസുമം മണർകാട് തൂത്തൂട്ടി വൃദ്ധസദനം സന്ദർശിച്ച് കൈത്താങ്ങായി സാമ്പത്തിക സഹായം ചെയ്ത്, അവരോടൊപ്പം അല്പസമയം ആയിരുന്ന് അവർക്ക് ആശ്വാസം പകർന്നു.

**സമർപ്പിത ജീവിതം**

മാർച്ച് 4, 5 തീയതികളിൽ സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന 10 ജൂണിയർ സിസ്റ്റേഴ്സിന് ബത്തേരി പ്രോവിൻസിൽ നിന്നും സിസ്റ്റർ കിരൺ Theology of Consecrated Life(Vows), Patristic Teachings on Consecrated Life എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ക്ലാസ്സ് എടുത്തു.

**ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ് ഹൗസിന് പുതിയ ചാപ്ലെയിൻ**

മാർച്ച് 9-ാം തീയതി ബഹു. വർഗ്ഗീസ് വിജയാനന്ദ് അച്ചന് മദർ ആർദ്ര സ്വാഗതം ആശംസിക്കുകയും, ബൊക്കെ കൊടുത്ത് അനുമോദനഗാനം ആലപിച്ച് കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.

**മാർ റാഫേൽ തട്ടിൽ പിതാവിന് തിരുവല്ല അതിരൂപതയിൽ ഊഷ്മള സ്വീകരണം**

മാർച്ച് 10-ാം തീയതി തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കന്മാരോടും വന്ദ്യ വൈദീകശ്രേഷ്ടരോടുമൊപ്പം ബഹു. മദർ ആർദ്രയും മാർ റാഫേൽ തട്ടിൽ പിതാവിന് ഹൃദ്യമായ സ്വീകരണം നൽകി. പ്രസ്തുത സ്വീകരണത്തിൽ സിസ്റ്റർ കുസുമം, സിസ്റ്റർ രാജിത, സിസ്റ്റർ ശാലീന, സിസ്റ്റർ സാന്നിധ്യ, സിസ്റ്റർ ഐവാനിയ എന്നിവരും പങ്കെടുത്തു.

**മാന്നാനം, കുടമാളൂർ തീർത്ഥയാത്ര**

മാർച്ച് 13-ാം തീയതി മദർ ആർദ്ര, ജനറൽ കൗൺസിലേഴ്സ്, പ്രൊക്കുറേറ്റർ ജനറൽ, സിസ്റ്റർ സാന്നിധ്യ, മിസ്ട്രസ് സിസ്റ്റർ ശാലീന, ജൂണിയർ സിസ്റ്റേഴ്സ് 10 പേർ എന്നിവർ ചേർന്ന് വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചന്റെ കബറിടവും വി. അൽഫോൻസാമ്മയുടെ മാതൃഗൃഹവും സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു.

**ജൂണിയർ സിസ്റ്റേഴ്സിന് യാത്രയയപ്പ്**

മാർച്ച് 14-ാം തീയതി വൈകിട്ട് 7 മണിക്ക് ജൂണിയർ സിസ്റ്റേഴ്സിനു വേണ്ടി Shared Prayer നടത്തി.

തുടർന്ന് സ്നേഹഭോജനവും ക്രമീകരിച്ചു. അതിനു ശേഷം Get together നടത്തി. മദറിന്റെ അനുഗ്രഹപ്രഭാഷണം, സിസ്റ്റർ കുസുമത്തിന്റെ ആശംസ, സിസ്റ്റർ ശാലീന, ജൂണിയർ സിസ്റ്റേഴ്സ് എന്നിവരുടെ അനുഭവം പങ്കു വയ്ക്കൽ എന്നിവ Get together കമനീയമാക്കി.

## ജൂണിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാന ശുശ്രൂഷയ്ക്കായി പ്രോവിൻസുകളിലേക്ക്

മാർച്ച് 15-ാം തീയതി ജൂണിയർ സിസ്റ്റേഴ്സ് 10 പേരും നിത്യവ്രതവാഗ്ദാനത്തിനായി അവരവരുടെ പ്രോവിൻസുകളിലേക്ക് പോയി.

## കടമാൻകുളം മാർ ഗ്രീഗോറിയോസ് ബഥനി ശാന്തി ഭവൻ സ്പെഷ്യൽ സ്ക്കൂൾ രജതജൂബിലി സമാപന സമ്മേളനം

മാർച്ച് 16-ാം തീയതി കടമാൻകുളം മാർ ഗ്രീഗോറിയോസ് ബഥനി ശാന്തി ഭവൻ സ്പെഷ്യൽ സ്ക്കൂളിന്റെ രജതജൂബിലി സമാപന സമ്മേളനം മദർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു.

## ബഥനി ക്വയർ ഗൂഗിൾ മീറ്റ്

ദാവീദിന്റെ കിന്നരങ്ങൾ എന്ന റിയാലിറ്റി ഷോയിൽ ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ബഥനി ക്വയർ മാർച്ച് 17-ാം തീയതി വെർച്വൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ മദർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ ഒരുമിച്ച് കൂടി, പാട്ടുകൾ നിശ്ചയിച്ചു.

## സെന്റ് ജോസഫ് ഫീസ്റ്റ് ദിനം

മാർച്ച് 19-ാം തീയതി തിരുനാൾ ദിനം ആഘോഷിക്കുന്ന സിസ്റ്റർ ലില്ലി ജോസിന്റെ ഫീസ്റ്റ് ആഘോഷങ്ങൾ ജനറലേറ്റിൽ ക്രമീകരിച്ചു. മാർച്ച് 17-ാം തീയതി വൈകിട്ട് സന്ധ്യാപ്രാർത്ഥനയെത്തുടർന്ന് ഷെയേർഡ് പ്രേയർ നടത്തി. മാർച്ച് 18-ാം തീയതി സിസ്റ്ററിനു വേണ്ടി ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ഭക്ഷണമുറിയിൽ ഫീസ്റ്റ് ഗാനം ആലപിച്ച് കേക്ക് മുറിച്ച് ആഘോഷിച്ചു. സിസ്റ്റർ രാജിത ആശംസകൾ നേർന്ന് സംസാരിച്ചു.

## KCBC-KCMS Executive Meeting

മാർച്ച് 19-ാം തീയതി മദർ ആർദ്ര Ernakulam POC യിൽ ക്രമീകരിച്ച KCBC-KCMS Executive Meeting ൽ സംബന്ധിച്ചു.

## National Level CRI Google Meet

മാർച്ച് 20-ാം തീയതി **National Level CRI** ക്രമീകരിച്ച **Google Meet** ൽ മദർ ആർദ്ര സംബന്ധിച്ചു.

## സന്യസ്ത സംഗമം

മാർച്ച് 21-ാം തീയതി നാഗമ്പടം സെന്റ് ആന്റണീസ് പള്ളിയിൽ വച്ച് സന്യസ്തർക്കു വേണ്ടി ക്രമീകരിച്ച മുരിക്കൻ പിതാവിന്റെ പ്രഭാഷണത്തിൽ സിസ്റ്റർ കുസുമം, സിസ്റ്റർ സാന്നിധ്യ എന്നിവർ സംബന്ധിച്ചു.

## നാല്പതാം വെള്ളി - കുരിശിന്റെ വഴി

മാർച്ച് 22-ാം തീയതി നാല്പതാം വെള്ളിയാഴ്ച നാഗമ്പടം സെന്റ് ആന്റണീസ് പള്ളിയിൽ നിന്ന് ആരംഭിച്ച് ശ്സ്ത്രി റോഡ് വഴി **Christ the King Cathedral** ൽ സമാപിച്ച കുരിശിന്റെ വഴിയിൽ സിസ്റ്റർ കുസുമം, സിസ്റ്റർ സാന്നിധ്യ എന്നിവർ സംബന്ധിച്ചു.

## National Day of Fasting & Prayer for the Nation & the Church

പരിശുദ്ധ മാർപ്പാപ്പയും പിതാക്കന്മാരും അറിയിച്ചതനുസരിച്ച് മാർച്ച് 22-ാം തീയതി ഉപവാസവും രാവിലെ 8 മണി മുതൽ 9 മണി വരെ കരുണയുടെ തിരുമണിക്കൂർ ആയും, തുടർന്ന് 12 മണി വരെ ദിവ്യകാരുണ്യ ആരാധനയും നടത്തി.

## പീഢാനുഭവ ധ്യാനം

മാർച്ച് 27-ാം തീയതി ഹാശാബുധനാഴ്ച മുതൽ 30-ാം തീയതി ദുഃഖശനിയാഴ്ച വരെ വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തിയ പീഢാനുഭവ ധ്യാനത്തിൽ മദർ ആർദ്രയും സിസ്റ്റർ രാജിതയും സംബന്ധിച്ചു.

## നിത്യവ്രതവാഗ്ദാനം

ഏപ്രിൽ 3-ാം തീയതി തിരുവനന്തപുരം പ്രോവിൻസിലെ സിസ്റ്റർ ഐവാനിയ, സിസ്റ്റർ ഏബൽ, സിസ്റ്റർ ജസീന്ത എന്നിവരുടെ നിത്യവ്രതവാഗ്ദാനം നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് ബഹു. മദർ ആർദ്ര സ്വീകരിച്ചു.

ഏപ്രിൽ 24-ാം തീയതി ചെങ്ങരൂർ മലങ്കര കത്തോലിക്കാ

പള്ളിയിൽ വച്ച് തിരുവല്ല പ്രോവിൻസിലെ സിസ്റ്റർ വിൻസി, സിസ്റ്റർ ഏഞ്ചൽ, സിസ്റ്റർ ക്രിസ്റ്റ, സിസ്റ്റർ ക്ലെയർ, സിസ്റ്റർ ജൊവാൻ എന്നിവരുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ ജനറലേറ്റിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

ഏപ്രിൽ 25-ാം തീയതി മൂവാറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സിസ്റ്റർ ജൊവാൻ - ന്റെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ ജനറലേറ്റിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

ഏപ്രിൽ 27-ാം തീയതി പത്തനംതിട്ട പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സിസ്റ്റർ സമർപ്പിതയുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ ജനറലേറ്റിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ദാവീദിന്റെ കിന്നരങ്ങൾ - റിയാലിറ്റി ഷോ പരിശീലനം

ഏപ്രിൽ 4-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 മണി വരെ കോട്ടയം ജനറലേറ്റിൽ വച്ച് ഗാനപരിശീലനം ക്രമീകരിച്ചു. 4 പ്രോവിൻസുകളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

## മിശിഹാനുകരണ സന്യാസിനീ സമൂഹം : ശതാബ്ദി ആഘോഷം വത്തിക്കാൻ നഗരിയിൽ.......

1925 സെപ്തംബർ 21 ന് ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനി സന്യാസിനീ സമൂഹം ഇന്ന് ശതാബ്ദിയുടെ നിറവിലായിരിക്കുന്നു. സീറോ മലങ്കര കത്തോലിക്കാ സഭയുടെ ചങ്കായി വർത്തിക്കുന്ന, വിശ്വാസത്തിന്റെ വെളിച്ചമായി നിലകൊള്ളുന്ന ബഥനി... സഭയുടെ അഭിമാനമാണ്.

1930 സെപ്തംബർ 22 ന് ആഗോള കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ബഥനി സന്യാസിനീ സമൂഹം മലങ്കര കത്തോലിക്കാ സഭയുടെ സ്പന്ദിക്കുന്ന ഹൃദയമാണ്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം, ജീവകാരുണ്യം, മാധ്യമങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയും ശുശ്രൂഷ എന്നീ മേഖലകളിലൂടെ സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച്, സ്ത്രീകൾക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിനും മാതൃകാപരമായ സേവനം

ഈ 100 വർഷക്കാലം കാഴ്ച വെയ്ക്കാൻ കഴിഞ്ഞു എന്നതിൽ ഏറെ സന്തോഷിക്കുന്നു.

ശതാബ്ദിയുടെ നിറവിലായിരിക്കുന്ന ബഥനി അതിന്റെ ആഘോഷപരിപാടികളുടെ ഭാഗമായി Papal Audience, Vatican ലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ കൃതജ്ഞതാ ബലിയർപ്പണം, Public Meeting, Agape എന്നിവ 2024 ഏപ്രിൽ 10,11 തീയതികളിലായി റോമിൽ ക്രമീകരിച്ചു.

സുപ്പീരിയർ ജനറൽ മദർ ആർദ്ര, 5 പ്രോവിൻസുകളുടെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, ജനറൽ-പ്രൊവിൻഷ്യൽ ടീമിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കൗൺസിലേഴ്സ്, 5 പ്രോവിൻസുകളിൽ നിന്നായി വിവിധ രംഗങ്ങളെ പ്രതിനിധീകരിച്ച് കേരളത്തിൽ നിന്നും 35 സിസ്റ്റേഴ്സ്, ജർമ്മനിയിൽ നിന്നും അമേരിക്കയിൽ നിന്നുമായി 23 സിസ്റ്റേഴ്സ്, റോമിൽ പഠിക്കുന്ന 10 സിസ്റ്റേഴ്സ് ഉൾപ്പടെ 74 സിസ്റ്റേഴ്സിന്റെ റോമാ നഗരത്തിലെ കൂട്ടായ്മ ബഥനിയുടെ ചരിത്രത്താളുകളിൽ ഒരു പൊൻതൂവൽ കൂടി...

2024 ഏപ്രിൽ 10-ാം തീയതി സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ബഥനി സിസ്റ്റേഴ്സിന് മാർപ്പാപ്പയെ കാണുന്നതിന് ബസിലിക്കായോടു ചേർന്ന ഭാഗം പ്രത്യേകം സജ്ജീകൃതമായി. ശതാബ്ദി സ്മരണികയായി തടിയിൽ കൊത്തിയ മാതാവിന്റേയും ഉണ്ണീശോയുടേയും രൂപം ബഥനി സന്യാസിനീ സമൂഹം സുപ്പീരിയർ ജനറൽ ബഹു. മദർ ആർദ്ര പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് നൽകി. അത്യഭിവന്ദ്യ കാതോലിക്കാ ബാവായുടെയും ബഹു. മദർ ആർദ്രയുടേയും ബഹു. ഈതൻ അച്ചന്റേയും കഠിന യത്നത്തിലൂടെ മാർപ്പാപ്പായെ അടുത്ത് കണ്ട് അനുഗ്രഹം നേടാൻ കഴിഞ്ഞു എന്നതിൽ ബഥനി ഏറെ അഭിമാനിക്കുന്നു.

2024 ഏപ്രിൽ 11-ാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ റോമൻ സമയം ഉച്ചയ്ക്ക് 2.30 മണിക്ക് സീറോ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും Prefect Emeritus of the Dicastery for the Orien-

tal Churches, Cardinal Leonardo Sandri യുടെ അനുഗ്രഹീത സാന്നിധ്യത്തിലും റോമിലെ വന്ദ്യ വൈദീകരുടെ സഹകാർമ്മീകത്വത്തിലും ബഥനി സന്യാസിനീ സമൂഹത്തിനു വേണ്ടി കൃതജ്ഞതാബലിയർപ്പണം നടത്തി. ദിവ്യബലിയുടെ ആരംഭത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവായും വന്ദ്യ വൈദീക ശ്രേഷ്ഠരും procession ആയി വന്നു. തുടർന്ന് മദർ ആർദ്ര കാതോലിക്കാ ബാവായെയും ക്ഷണം സ്വീകരിച്ച് എത്തിയ വന്ദ്യ വൈദീകശ്രേഷ്ഠരേയും സ്വാഗതം ചെയ്തു. ദിവ്യബലി മദ്ധ്യേ, കാതോലിക്കാ ബാവാ വചനസന്ദേഷം നൽകി. കൃതജ്ഞതാബലിയർപ്പണത്തിനു ശേഷം അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സ് അഭിവന്ദ്യ കർദ്ദീനാൾ സാന്ദ്രി പിതാവിനും വിശിഷ്ടാതിഥികൾക്കും നന്ദി പറയുകയും കർദ്ദീനാൾ സാന്ദ്രി പിതാവിന് മദർ ആർദ്ര മെമന്റോ നൽകി ആദരവും സ്നേഹവും പ്രകടിപ്പിക്കുകയും ചെയ്തു. ഇപ്രകാരമൊരു ക്രമീകരണം നടത്തിയതിനു പിന്നിൽ സമൂഹത്തിനു വേണ്ടി മദർ ആർദ്ര എടുത്ത ത്യാഗം ഏറെ പ്രശംസനാർഹം തന്നെ.

ബലിയർപ്പണത്തെത്തുടർന്ന് ബഥനി സന്യാസിനീ സമൂഹം സുപ്പീരിയർ ജനറൽ മദർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ Generalate House of the Society of Jesus, Borgo Santo Spirito 4 - ൽ വച്ച് പൊതുസമ്മേളനം ക്രമീകരിച്ചു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ബഥനിയെക്കുറിച്ച് വിശദീകരിച്ച മദർ ആർദ്ര സന്നിഹിതരായ ഏവർക്കും സ്വാഗതം ആശംസിക്കുമ്പോൾ സ്തോത്രഗാനം ആലപിച്ചത് ഏവരേയും ഹഠാദാകർഷിച്ച വേറിട്ട ഒരു അനുഭവമായിരുന്നു.

തുടർന്ന് Secretary of the Dicastery for the Eastern Churches ആയിരുന്ന നിയുക്ത ആർച്ച് ബിഷപ്പ് Rev. Michel Jalakh OAM, Archbishop Elect of Nisibis of the Maronites - നെ ഏലയ്ക്കാ മാല അണിയിച്ച് പുതിയ ദൗത്യത്തിന് എല്ലാ ആശംസകളും നേർന്നു.

Very Rev. Msgr. Kuriakose Cherupuzhathottathil, ജർമ്മനിയെ പ്രതിനിധീകരിച്ച് Rev. Fr. Santhosh Koickal, ഈശോസഭാസമൂഹത്തിന്റെ ഒന്നാം ജനറൽ കൗൺസിലർ Rev. Fr. M.K. George Mutholil SJ, ബഥനി ആശ്രമാംഗമായ Rev. Fr. Aby Abraham OIC, Rev. Fr.

Shaji Goerge Kochuthara CMI, Rev. Sr. Mary Abraham DM എന്നിവരുടെ ആശംസകൾക്കൊപ്പം ബഥനി സന്യാസിനീ സമൂഹത്തിന്റെ ചരിത്രത്തിന്റെ ഏടുകളിലൂടെ യാത്ര ചെയ്യുംവിധമുള്ള Video Presentation, ശതാബ്ദിഗാനാലാപനം എന്നിവ ആഘോഷങ്ങളെ അവിസ്മരണീയമാക്കി.

വത്തിക്കാൻ നഗരിയിൽ ക്രമീകരിച്ച ബഥനികുടുംബത്തിന്റെ സംഗമം അനുഗ്രഹകരമാകാനും ചരിത്രത്താളുകളിൽ ആലേഖനം ചെയ്യാൻ സഹായകമാകുന്ന ധന്യമുഹൂർത്തങ്ങൾക്ക് സാക്ഷ്യമാകാനും ബഥനിയെ സഹായിച്ച കരങ്ങളിൽ അഗ്രഗണ്യം മദർ ആർദ്രയുടേതു തന്നെ. എല്ലാ ക്രമീകരണങ്ങളും വളരെ ചിട്ടയോടും ക്രമത്തിലും സജ്ജമാക്കാനും റോമിലുള്ള ബഹു. അച്ചന്മാരേയും നമ്മുടേയും ഇതര സമൂഹങ്ങളിലേയും സിസ്റ്റേഴ്സിനേയും കൂട്ടിയിണക്കി ഏവരേയും അത്ഭുതപ്പെടുത്തുന്ന വിധം പ്രോഗ്രാമുകൾ ക്രമീകരിക്കാനും നടപ്പാക്കാനും മദർ പ്രകടിപ്പിച്ച സംഘാടനമികവിൽ ബഥനി മക്കൾ ഏറെ അഭിമാനിക്കുന്നു. മദറിനൊപ്പം കൂട്ടായ പരിശ്രമത്തിലൂടെ സംഗമം അനുഗ്രഹകരമാക്കിത്തീർത്ത റോമിൽ പഠനത്തിലും ശുശ്രൂഷയിലുമായിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സിസ്റ്റർ ശാന്തിദ, സിസ്റ്റർ അമല, സിസ്റ്റർ കരുണ, സിസ്റ്റർ റോസ്‌ലിറ്റ്, സിസ്റ്റർ ശാശ്വത, സിസ്റ്റർ വിനയ, സിസ്റ്റർ ആനന്ദ, സിസ്റ്റർ ജാസ്മിൻ, സിസ്റ്റർ ടെസ്സ, സിസ്റ്റർ ഏഞ്ചലിൻ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി നേരുന്നു.

ബഥനികുടുംബത്തിന്റെ മനോഹരമായ ഒരു ആവിഷ്ക്കരണമാണ് ബഥനി എന്ന പേരിലുള്ള ഡോക്യുമെന്ററി റോമിൽ വച്ച് പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചത്. മൂവാറ്റുപുഴ പ്രോവിൻസ് ഏറ്റെടുത്ത ഈ ഡോക്യുമെന്ററി അവതരണത്തിന് പിന്നിൽ പ്രവർത്തിച്ച പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ജോസ്ന, സിസ്റ്റർ നോയൽ, സിസ്റ്റർ സംപൂജ്യ എന്നീ സമർപ്പിത സഹോദരിമാർക്കും ഇതിന്റെ ഛായാഗ്രഹണം, എഡിറ്റിംഗ് എന്നിവ നിർവഹിച്ച ടൈറ്റസ് സാറിനും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു.

റോമിൽ ആലപിച്ച ശതാബ്ദിഗാനം രചിച്ചത് പത്തനംതിട്ട പ്രോവിൻസിലെ സിസ്റ്റർ ആഗ്നറ്റ് ആണ്. ശതാബ്ദിഗാനം രചിച്ച സിസ്റ്റർ ആഗ്നറ്റിനും ഗാനം ആലപിച്ച റോമിലെ എല്ലാ സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ!!!

# Centenary Sangamam

11.04.2024

## Holy Qurbono & Public Meeting

| | | |
|---|---|---|
| 2:30 P.M | : | **Holy Qurbono** (Syro - Malankara Rite)<br>Venue : Papal Basilica of Saint Peter, Vatican |

## Public Meeting

| | | |
|---|---|---|
| Venue | : | Generalate House of the Society of Jesus<br>Borgo Santo Spirito - 4, Roma, 001 93 |
| Time | : | 5:00 P.M |

## Programme

| | | |
|---|---|---|
| 1. Prayer Song | : | Centenary Choir |
| 2. Welcome | : | **Rev. Mother Sandra SIC**<br>(Provincial Superior) |
| 3. Bethany at a Glance | : | Video Presentation |
| 4. Presidential Address | : | **Rev. Mother Ardra SIC**<br>( Superior General) |
| 5. Inaugural address | : | **His Beatitude Moran Mor Baselios Cardinal Cleemis Catholicos**<br>(Major Archbishop of the Syro - Malankara Catholic Church) |
| 6. Jubilee Song | : | Centenary Choir |
| 7. Benedictory Message | : | **Rev. Michel Jalakh OAM**<br>Archbishop Elect of Nisibis of the Maronites |
| 8. Felicitations | : | **Very Rev. Msgr. Kuriakose Cherupuzhathottathil** |
| | : | **Rev. Fr Santhosh Thomas Koickal** |
| | : | **Rev. Fr. M.K. George Mutholil SJ** |
| | : | **Rev. Fr. Aby Abraham OIC** |
| | : | **Rev. Fr. Shaji George Kochuthara CMI** |
| | | **Rev. Sr. Mary Abraham DM** |
| 9. Vote of Thanks | : | **Rev. Mother Josna SIC**<br>(Provincial Superior) |

**Agape**

SISTERS OF THE IMITATION OF CHRIST

## ബഥനി ആശ്രമം ജനറലേറ്റ് ഗോൾഡൻ ജൂബിലി

ഏപ്രിൽ 29-ാം തീയതി രാവിലെ 6.30 മണിക്ക് കളത്തിപ്പടി ലിറ്റിൽ ഫ്ളവർ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന്റെ മുഖ്യകാർമ്മീകത്വ ത്തിൽ ബഥനി ആശ്രമം ജനറലേറ്റ് ഗോൾഡൻ ജൂബിലിയോടനു ബന്ധിച്ച് ക്രമീകരിച്ച ദിവ്യബലിയിലും തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത പൊതുമീറ്റിംഗിലും തുടർന്നുള്ള സ്നേഹഭോജനത്തിലും ബഥനി സിസ്റ്റേഴ്സ് ജനറ ലേറ്റിൽ നിന്നും എല്ലാവരും പങ്കെടുത്തു.

## ഇവാനിയൻ ധ്യാനം

ബഥനി ജനറലേറ്റിൽ ക്രമീകരിക്കുന്ന അവസാന ഘട്ട ഇവാ നിയൻ ധ്യാനം ഏപ്രിൽ 30-ാം തീയതി മുതൽ ആരംഭിച്ചു. തിരുവ നന്തപുരം (6), തിരുവല്ല(6), ബത്തേരി(10), മൂവാറ്റുപുഴ(7) പ്രോവിൻസുകളിൽ നിന്ന് 29 സിസ്റ്റേഴ്സ് പങ്കെടുത്തു. ബഹു. പ്രമോദ് അച്ചനും സിസ്റ്റർ നമിതയും ആണ് ധ്യാനം നയിച്ചത്.

# അഭിനന്ദനങ്ങൾ!!!
# ശതാബ്ദി ഗാന രചന–ആലാപന മത്സരം

## Score Sheet

| ക്രമ നമ്പർ | പങ്കെടുത്ത സിസ്റ്റർ | പ്രോവിൻസ് | നേടിയ മാർക്ക് (300 ൽ) | റിമാർക്ക് |
|---|---|---|---|---|
| 1. | Sr. Madline SIC | TVM | **281** | |
| 2. | Ranni Unit | TLA | **276** | |
| 3. | Sr. Amala SIC | PTA | **275** | |
| 4. | Sr. Michael SIC | TVM | **269** | |
| 5. | Kumily Unit | TLA | **268** | |
| 6. | Sr. Olivia SIC | PTA | **264** | |
| 7. | Sr. Hakim | PTA | **258** | |
| 8. | Sr. Melna Maria & Team | - | **253** | |
| 9. | Sr. Rejoice SIC | TLA | **248** | |

**ഒന്നാം സ്ഥാനം** - **Sr. Madline SIC**
**രണ്ടാം സ്ഥാനം** - **Ranni Unit**
**മൂന്നാം സ്ഥാനം** - **Sr. Amala SIC**

ജനറലേറ്റ് തലത്തിൽ ക്രമീകരിച്ച ഈ മത്സരത്തിൽ പങ്കെടുത്ത ഒൻപതു സിസ്റ്റേഴ്സിനും ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ സിസ്റ്റർ മാഡ്‌ലിൻ, റാന്നി യൂണിറ്റിലെ സിസ്റ്റേഴ്സ്, സിസ്റ്റർ അമല എന്നിവർക്കും ബഥനി സന്യാസിനീ സമൂഹത്തിന്റെ പ്രത്യേകം അഭിനന്ദനങ്ങൾ!!!

Ardra Sr SIC

മദർ ആർദ്ര SIC
സുപ്പീരിയർ ജനറൽ

# തിരുവനന്തപുരം

## ധന്യൻ പദവി

ബഥനിയുടെ സ്ഥാപക പിതാവായ ആർച്ച് ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് പിതാവിനെ പരിശുദ്ധ സിംഹാസനം ധന്യൻ പദവിയിലേക്ക് ഉയർത്തിയതിന്റെ കൃതഞ്ജതാ ബലിയിൽ മദർ സാന്ദ്രയും ധാരാളം സിസ്റ്റേഴ്സും നോവിസസ്സും സംബന്ധിച്ചു. മലങ്കര സഭയ്ക്ക് പ്രത്യേകിച്ച് ബഥനിക്ക് ഇത് അഭിമാനത്തിന്റേയും ആനന്ദത്തിന്റേയും നിമിഷങ്ങളാണ്.

## നാമഹേതുക തിരുനാൾ

അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ്സ് കാതോലിക്കാ ബാവാ തിരുമേനിയുടെ നാമഹേതുക തിരുനാളിന്റെ ഭാഗമായ വി.കുർബാനയിലും പൊതുസമ്മേളനത്തിലും മദറും സിസ്റ്റേഴ്സും നോവിസസും സംബന്ധിച്ച് പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളറിയിക്കുകയും ചെയ്തു.

മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുക തിരുനാളിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ച് പ്രാർത്ഥനകളും ആശംസകളും അറിയിച്ചു.

ബഥനി സന്യാസിനീ സമൂഹത്തിന്റെ അദ്ധ്യക്ഷ മദർ ആർദ്രയുടെ നാമഹേതുക തിരുനാളിൽ പ്രോവിൻസിൽ നിന്ന് ധാരാളം പേർ പങ്കെടുത്ത് മദറിനായി പ്രാർത്ഥിക്കുകയും ആശംസകളറിയിക്കുകയും ചെയ്തു.

## ജൂബിലി ആഘോഷം

ഈ വർഷത്തെ പ്രോവിൻസ്തല ജൂബിലി ആഘോഷം പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടന്നു. സന്യാസ സമർപ്പണത്തിന്റെ 75 വർഷങ്ങൾ പൂർത്തിയാക്കിയ സി. റഹമാസ്, 50 വർഷങ്ങൾ പൂർത്തിയാക്കിയ സി. അഞ്ജലി, സി.സൂസൻ, സി. പ്രകാശ്, 25 വർഷങ്ങൾ പൂർത്തിയാക്കിയ സി. സൗമ്യ, സി. വന്ദിത, സി. മാഗി, സി.പ്രദീപ, സി. ആനീസ്, സി.ശാന്തിദ, സി.അഞ്ജിത, സി.

ജൂബില എന്നിവരാണ് ജൂബിലി ആഘോഷിച്ചത്. അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ്സ് കാതോലിക്കാ ബാവാ തിരുമേനി കൃതജ്ഞതയുടെ ബലി അർപ്പിക്കുകയും ജൂബിലേറിയൻസിന് ആശംസകൾ നേരുകയും ചെയ്തു. ജൂബിലേറിയൻസിന്റെ കുടുംബാംഗങ്ങളും ബഥനി ആശ്രമത്തിലേയും രൂപതയിലേയും വൈദീകരും സിസ്റ്റേഴ്സും സുഹൃത്തുക്കളും സന്നിഹിതരായിരുന്നു.

## വ്രതവാഗ്ദാനം

തല്കാല വ്രതസ്ഥരായിരുന്ന സി.ഐവാനിയ, സി.ഏബൽ, സി.ജസീന്ത എന്നിവരുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷകൾ ഏപ്രിൽ 3- ാം തീയതി നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടന്നു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവാ തിരുമേനിയും പാറശ്ശാല രൂപതാ മെത്രാൻ തോമസ് മാർ എവുസേബിയോസ് പിതാവും സന്യാസ പ്രതിഷ്ഠാകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മദർ ജനറൽ മദർ ആർദ്ര, വന്ദ്യ വൈദീകർ, സന്യസ്തർ, കുടുംബാഗങ്ങൾ തുടങ്ങി നിരവധി പേർ ഈ കർമ്മത്തിൽ സന്നിഹിതരായിരുന്നു.

## ദിവ്യകാരുണ്യ കോൺഗ്രസ്

തിരുവനന്തപുരം മേജർ അതിരൂപതാ ദിവ്യകാരുണ്യ കോൺഗ്രസ് ആയൂർ ഇടവകയിൽ വച്ച് ഏപ്രിൽ 27-ന് സമുചിതമായി ആഘോഷിച്ചു. തദവസരത്തിൽ മദർ സാന്ദ്ര, കൗൺസിലേഴ്സ്, അതിരൂപതയിൽപ്പെട്ട സന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സ് ആയൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

## റോമാ സന്ദർശനം

ശതാബ്ദിയുടെ ഭാഗമായി ഏപ്രിൽ മാസത്തിൽ റോമിൽ വച്ചു സംഘടിപ്പിച്ച പരിപാടികളിൽ മദർ സാന്ദ്രയുടെ നേതൃത്വത്തിൽ സി.നൈർമല്യ, സി. സാരൂപ്യ, സി. രഞ്ജിത, സി. അഞ്ജലി, സി.

ദമഷീൻ, സി.ജോർജീന, സി. സുദീപ എന്നിവർ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

## സമർപ്പിത ദിനം

സമർപ്പിത ദിനം പ്രോവിൻസിൽ സമുചിതമായി ആചരിച്ചു. അന്ന് പ്രത്യേകമായ വി.കുർബാനയും ആരാധനയും നടത്തി. ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ഗീവർഗ്ഗീസ് കുറ്റിയിലച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാ മീറ്റിംഗിലും മദർ ആർദ്രയുടെ നേതൃത്വത്തിൽ നടന്ന ഓൺലൈൻ ക്ലാസ്സിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## മലങ്കര സഭാ സിനഡ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡിൽ സന്യാസ സമൂഹങ്ങളുടെ ജനറൽ - പ്രൊവിൻഷ്യൽ സമ്മേളനത്തിൽ മദർ ജനറലിനും മറ്റു പ്രൊവിൻഷ്യൽസിനുമൊപ്പം മദർ സാന്ദ്രയും സംബന്ധിച്ചു.

## മെത്രാഭിഷേകം

പൂന- കട്കി സെന്റ് എഫ്രേം രൂപതയുടെ പുതിയ അദ്ധ്യക്ഷനായി മാത്യൂസ് മാർ പക്കോമിയോസ് പിതാവ് അഭിഷേചിക്കപ്പെടുന്ന കർമ്മത്തിൽ മദർ സാന്ദ്രയും സി. കീർത്തന, സി. സുദീപ, സി.അജയ് എന്നിവരും ബാഹ്യകേരളത്തിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സും സംബന്ധിച്ച് പിതാവിനായി പ്രാർത്ഥിക്കുകയും ആശംസകളറിയിക്കുകയും ചെയ്തു.

## സ്വീകരണങ്ങൾ

### മാത്യൂസ് മാർ പക്കോമിയോസ് പിതാവ്

ഫെബ്രുവരി 21-ന് അഭിവന്ദ്യ പിതാവിന് നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തിൽ സ്വീകരണം നല്കി. കത്തിച്ച തിരികളുമായി പിതാവിനെ ചാപ്പലിലേക്ക് ആനയിക്കുകയും അഭിവന്ദ്യ പിതാവ് മഠം ചാപ്പലിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. അതിനുശേഷം പിതാവിന് പ്രാർത്ഥനകളം ആശംസകളും അറിയിക്കുകയും പിതാവ് സിസ്റ്റേഴ്സിനോടൊത്ത് പ്രഭാത ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു.

### അന്ത്യോക്യൻ പാത്രിയാർക്കീസ്

അന്ത്യോക്യൻ ഓർത്തഡോക്സ് സഭാ വിഭാഗത്തിന്റെ തലവനായ പാത്രിയാർക്കീസ് പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ തിരുമേനിയെ പട്ടം കത്തീഡ്രലിൽ സ്വീകരിക്കുന്ന ചടങ്ങിൽ മദർ സാന്ദ്രയുടെ നേതൃത്വത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു.

### നവവൈദീകർ

തിരുവനന്തപുരം മേജർ അതിരൂപതയിൽ പൗരോഹിത്യ ശുശ്രൂഷയിലേക്ക് ഉയർത്തപ്പെട്ട 4 വൈദീകർക്ക് പ്രൊവിൻഷ്യൽ മന്ദിരത്തിൽ സ്വീകരണം നൽകി. ഇവർ വി.കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും പ്രഭാത ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു. നവാഭിഷിക്തർക്ക് ആശംസകളും പ്രാർത്ഥനകളും അറിയിച്ചു.

### അനുസ്മരണം

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ബഥനി ആശ്രമത്തിലെ സ്വർഗ്ഗപ്രാപ്തരായ ബഹുമാനപ്പെട്ട വൈദീകരുടെ ഓർമ്മ ആചരിച്ചു. ബഥനിയുടെ സ്ഥാപന കാലംമുതൽ സഹോദര നിർവിശേഷമായ സ്നേഹത്തോടും കരുതലോടും സിസ്റ്റേഴ്സിനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത പ്രിയപ്പെട്ട ആത്മീയ ആചാര്യന്മാരെ വി. കുർബാനയിൽ അനുസ്മരിക്കുകയും അവരുടെ കബറിടത്തിൽ ധൂപം അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹു. മാത്യു ജേക്കബ് തിരുവാലിൽ അച്ചന്റെ നേതൃത്വത്തിൽ നാലാഞ്ചിറയിലെ രണ്ടു ദയാറാകളിലേയും വൈദീകരും നാലാഞ്ചിറ, എം.റ്റി.റ്റി., എം.റ്റി.സി എന്നിവിടങ്ങളിലെ സിസ്റ്റേഴ്സും ഇതിൽ സംബന്ധിച്ചു.

### പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

ഈ വർഷത്തെ പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ വാളകം മഠത്തിൽ വച്ച് മദർ സാന്ദ്രയുടെ അദ്ധ്യക്ഷതയിൽ സമ്മേ

ളിച്ചു. പ്രോവിൻസിനെ സംബന്ധിച്ച വിഷയങ്ങൾ ആത്മീയ ജീവിതം, കൂട്ടായ്മാ ജീവിതം, അപ്പസ്തോലിക പ്രവർത്തനങ്ങൾ, ശതാബ്ദി ആഘോഷങ്ങൾ എന്നിവ ചിന്താവിഷയമായിരുന്നു.

## സുപ്പീരിയേഴ്സ് കോൺഫറൻസ്

മാർച്ച് 8, 9 തീയതികളിലായി സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തുകയുണ്ടായി. ആത്മീയജീവിതം, കൂട്ടായ്മാ ജീവിതം, അപ്പ സ്തോലിക മേഖലകൾ ശതാബ്ദി ആഘോഷം എന്നിവയായിരുന്നു വിചിന്തന വിഷയങ്ങൾ. ക്രീയാത്മകമായ ചർച്ചകളും നിർദ്ദേശ ങ്ങളും ഈ കൂട്ടായ്മയിൽ നിന്ന് ഉരുത്തിരിഞ്ഞു.

## യൂത്ത് മിനിസ്ട്രി ട്രെയിനിംഗ് പ്രോഗ്രാം

ഏപ്രിൽ 29, 30 തീയതികളിൽ പ്രോവിൻസിലെ ആദ്യബാച്ച് യൂത്ത് മിനിസ്ട്രി ട്രെയിനിംഗ് പ്രോഗ്രാം നടന്നു. സലേഷ്യൻ സഭാം ഗമായ ബഹു. ഡൊമനിക് കണിയാന്ത്രയിൽ അച്ചൻ ട്രെയിനിം ഗിന് നേതൃത്വം നല്കി. 50 സിസ്റ്റേഴ്സ് സംബന്ധിച്ചു.

## വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗ്

പ്രോവിൻസിലെ വിവിധ യൂണിറ്റുകളിലെ യൂണിറ്റ് ലീഡേഴ്സും ദൈവവിളി പ്രോത്സാഹനാർത്ഥം തെരഞ്ഞെടുക്കപ്പെ ട്ടവരും മദർ സാന്ദ്രയുടെ നേതൃത്വത്തിൽ ഒരുമിച്ചു കൂടുകയും ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപരേഖ നല്കുകയും ചെയ്തു.

## സാമൂഹ്യസേവന മേഖലാ മീറ്റിംഗ്

സാമൂഹ്യ സേവന മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും സി. കീർത്തനയുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി കർമ്മ പദ്ധതി കൾ രൂപീകരിച്ചു.

## സന്യസ്ത സംഗമം

മാവേലിക്കര രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സന്യസ്ത സംഗമത്തിൽ ഈ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്യസ്തരും പങ്കെടുത്തു.

## ധ്യാനം

എം.റ്റി.സി. യിൽ വച്ച് നോമ്പുകാല ധ്യാനം, ജൂണിയേഴ്സിന്റെ പ്രൊഫഷന് ഒരുക്കമായുള്ള ധ്യാനം, വാർഷിക ധ്യാനം എന്നിവ ക്രമീകരിച്ചു. പ്രയർ ഡെയ്സ് എടുക്കുന്നവരും ഇവിടെ താമസിച്ച് പ്രാർത്ഥിച്ചുവരുന്നു.

## സെമിനാർ, ക്ലാസ്സ്

ദിവ്യകാരുണ്യത്തെ സംബന്ധിച്ച്, ബഹുമാനപ്പെട്ട ജോസഫ് പൂവത്തുംതറയിൽ അച്ചൻ നല്കിയ ഒരു ഓൺലൈൻ പ്രഭാഷണത്തിൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു.

മലങ്കര മേജർ സെമിനാരിയിൽ നടന്ന തിയോളജിക്കൽ കൊളോക്കിയത്തിൽ മദർ സാന്ദ്ര സംബന്ധിച്ചു.

സിനഡൽ കമ്മീഷൻ ഫോർ എക്യുമെനിസം ആന്റ് ഡയലോഗ് – ന്റെ ആഭിമുഖ്യത്തിൽ നടന്ന മീറ്റിംഗിൽ സി.കീർത്തനയും സി.സജീവയും സംബന്ധിച്ചു.

സിനഡൽ കമ്മീഷൻ സെക്രട്ടറിമാരുടെ മീറ്റിംഗിൽ സി. തെരേസ് സംബന്ധിച്ചു

തിരുവല്ലായിൽ വച്ച് മലങ്കര സഭാ വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിന് സി. മഹിമ, സി.നിഷ്ഠ, സി. വിമൽ എന്നിവർ സംബന്ധിച്ചു.

## ഹോം മിഷൻ

ഹോം മിഷന്റെ നേതൃത്വത്തിൽ യൂണിറ്റുകളുടെ സഹകരണത്തോടെ ഇളമാട് , മഞ്ഞക്കാല, പവിത്രേശ്വരം എന്നിവിടങ്ങളിൽ സന്ദർശനങ്ങൾ നടത്തി. പഞ്ചാബിലെ മോഗ, ഫിറോസ്പൂർ എന്നീ മിഷൻ പ്രദേശങ്ങളിൽ സി. തീർത്ഥയുടേയും സി. ആഗ്നസിന്റേയും നേതൃത്വത്തിൽ സന്ദർശനങ്ങൾ നടന്നു വരുന്നു.

## ജയിൽ മിനിസ്ട്രി

ജയിൽ മിനിസ്ട്രിയുടെ ഭാഗമായി മാസത്തിലെ രണ്ടു ഞായറാഴ്ചകളിൽ സി. കീർത്തന, ജയിലിൽ ക്ലാസ് എടുക്കുകയും വി.

കുർബാനയിൽ അവരോടുകൂടെ സംബന്ധിക്കുകയും ചെയ്യുന്നു. പീഡാനുഭവ വാരത്തിലെ ശുശ്രൂഷകൾക്കും സംബന്ധിച്ചു.

## 41-ാം ചരമദിനങ്ങൾ

സി. പ്രസാദയുടെ 41-ാം ചരമദിനം ജനുവരി 13-ാം തീയതി പ്രൊവിൻഷ്യൽ മന്ദിരത്തിൽ ആചരിച്ചു. മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവ് സിസ്റ്ററിനുവേണ്ടി വി. കുർബാന അർപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

സി. പൗളിന്റെ 41-ാം ചരമദിനം ജനുവരി 26-ാം തീയതി തിരുവനന്തപുരം മേജർ അതിരൂപതാ കൂരിയാ ബിഷപ്പ് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.

സി. ലറ്റീഷ്യയുടെ 41-ാം ചരമദിനം ഫെബ്രുവരി 24-ാം തീയതി അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും വന്ദ്യ വൈദീകരുടെ സഹകാർമ്മികത്വത്തിലും നടന്നു.

സി.നാഹീറിന്റെ 41-ാം ചരമദിനം ഏപ്രിൽ 17-ന് തിരുവനന്തപുരം മേജർ അതിരൂപതാ കൂരിയാ ബിഷപ്പ് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

എല്ലാ ഓർമ്മ ദിവസങ്ങളിലും സിസ്റ്റേഴ്സും കുടുംബാംഗങ്ങളും ദിവ്യബലിയിലും ധൂപപ്രാർത്ഥനയിലും സംബന്ധിച്ചു.

## നിത്യതയിലേക്ക്

സി.ലറ്റീഷ്യ ജനുവരി 13-ാം തീയതിയും സി. നാഹീർ മാർച്ച് 4-ാം തീയതിയും സി. സെൽക്കാ ഏപ്രിൽ 13-ാം തീയതിയും സുദീർഘമായ ഒരു കാലഘട്ടം പെരുമ്പുഴയിൽ ആയിരുന്ന അന്നമ്മ കൊച്ചമ്മ മാർച്ച് 11 -ാം തീയതിയും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ദൈവസന്നിധിയിലായിരിക്കുന്ന ഈ പാവനാത്മാക്കൾക്ക് നിത്യശാന്തി നേരുന്നു.

# തിരുവല്ല പ്രോവിൻസ്

## രജത ജൂബിലി ആഘോഷം

സിസ്റ്റർ പ്രീത, സിസ്റ്റർ ശോഭിത, സിസ്റ്റർ ബെറ്റി, സിസ്റ്റർ സാന്ദ്ര, സിസ്റ്റർ ഡെയ്സി, സിസ്റ്റർ ഗ്രേയ്സ്, സിസ്റ്റർ ഫിലോ, സിസ്റ്റർ ഷാർലറ്റ് എന്നിവരുടെ സന്ന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി തിരുമൂലപുരം മഠത്തിൽ ആഘോഷിച്ചു. തദവസരത്തിൽ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവ് കൃതജ്ഞതാബലി അർപ്പിച്ചു. അതിനുശേഷം നടന്ന അനുമോദന മീറ്റിംഗിൽ തിരുവല്ല അതിരൂപത മുഖ്യ വികാരി ജനറൽ റവ. ഡോ. ഐസക് പറപ്പള്ളിൽ മദർ ജനറൽ മദർ ആർദ്ര, മദർ ജോബ്സി എന്നിവർ ആശംസകളറിയിച്ചു.

കടമാൻകുളം മാർ ഗ്രീഗോറിയോസ് ബഥനി ശാന്തി ഭവൻ സ്പെഷ്യൽ സ്കൂളിന്റെ രജത ജൂബിലി സമാപന സമ്മേളനവും സെൻസറി റൂം കൂദാശയും മാർച്ച് 16 ശനിയാഴ്ച സമുചിതമായി നടത്തി. മദർ ജനറൽ മദർ ആർദ്ര അധ്യക്ഷപദം അലങ്കരിച്ച സമ്മേളനം കർദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ. ഷിബു ഐ.എ.എസ്., കേരളാ ഭിന്നശേഷി കമ്മീഷണർ ശ്രീ. എസ്. എച്ച്. പഞ്ചാപകേശൻ എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളോടെ രജത ജൂബിലി സമാപനസമ്മേളനം പര്യവസാനിച്ചു.

## പരീക്ഷ ഒരുക്ക ധ്യാനം

തിരുവല്ല യൂണിറ്റിൽ തിരുവല്ല, നിരണം മേഖലകളിലായി കുട്ടികൾക്കായി നടത്തപ്പെട്ട പരീക്ഷ ഒരുക്ക ധ്യാനത്തിൽ 105 കുട്ടികൾ സംബന്ധിച്ചു. റവ. ഫാ. പ്രദീപ് വാഴത്തറ മലയിൽ, റവ. ഫാ. മൈക്കിൾ ഒ.ഐ.സി., മിസ്റ്റർ സിജോ എന്നിവർ ക്ലാസുകൾ നയിച്ചു. ആരാധനക്ക് സിസ്റ്റേഴ്സ് നേതൃത്വം നൽകി.

കുമളി മേഖലയിൽ സിസ്റ്റേഴ്സ് ഇടവക ദൈവാലയങ്ങളിൽ പരീക്ഷ ഒരുക്ക ധ്യാനം നടത്തി.

## സഭൈക്യ വാര പ്രാർത്ഥന

ജനുവരി 18 മുതൽ 25 വരെ തിരുവല്ല മേഖലയിൽ വിവിധ ദൈവാലയങ്ങളിൽ നടത്തിയ സഭൈക്യവാര പ്രാർത്ഥനയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## നവ വൈദീകർക്കു സ്വീകരണം

ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച തിരുവല്ല അതിഭദ്രാസന ത്തിലെയും ബഥനി ആശ്രമത്തിലെയും നവദൈവീകർ തിരുമൂലപുരം മഠത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും അവർക്കു ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുകയും ചെയ്തു.

## ഓർമ്മപ്പെരുനാൾ

അഭിവന്ദ്യ തോമസ് മാർ ദിയസ്കോറോസ്സ് പിതാവിന്റെ ഓർമ്മ ദിവസത്തോടനുബന്ധിച്ച് ഫെബ്രുവരി 21, 22 തീയതികളിലായി തിരുമൂലപുരം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്ന സന്ധ്യപ്രാർത്ഥനയിലും, തിരി പ്രദക്ഷിണത്തിലും, വിശുദ്ധ കുർബാനയിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## ഫാമിലി ഗാതറിങ്

മണർകാട് മഠത്തിൽ വച്ച് നടന്ന ഈ വർഷത്തെ രണ്ടാമത്തെ ഫാമിലി ഗാതറിങ്ങിൽ റവ. ഡോ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി. സമർപ്പണ ജീവിതത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. 'മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനം' എന്ന വിഷയത്തെ ആധാരമാക്കി യൂണിറ്റ് അടിസ്ഥാനത്തിൽ പ്രസംഗ മത്സരവും സിസ്റ്റേഴ്സിന്റെ വിവിധ കലാപരിപാടികളും നടത്തി.

## സഭാതല മീറ്റിംഗ്

പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് ജനുവരി 17-ന് നടന്ന സഭാതല എക്യുമെനിക്കൽ കമ്മീഷൻ മീറ്റിംഗിൽ സിസ്റ്റർ ആനീസ്, സിസ്റ്റർ ടെസ്സി പോൾ എന്നിവർ സംബന്ധിച്ചു.

തിരുവല്ല മാക്ഫാസ്റ്റ് കോളേജിൽ വച്ച് ഫെബ്രുവരി 27-ന് നടന്ന സഭാതല എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗിൽ സിസ്റ്റർ ശാലോം സംബന്ധിച്ചു.

## ഒന്നാം ചരമവാർഷികം

ബഹു. ഫാ. വിൻസെന്റ് നെടുമങ്ങാട്ട്, ഫാ. ജോസ് കുളത്തൂർ (സിസ്റ്റർ മാർഗരറ്റിന്റെ സഹോദര പുത്രന്മാർ) സിസ്റ്റർ മാർഗരറ്റിനു വേണ്ടി (ജനുവരി 31) തിരുമൂലപുരം മഠം ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു, ധൂപപ്രാർത്ഥന നടത്തി.

ബഹു. ഫാ. ജോർജ് തോമസ് ഒ.ഐ.സി. സിസ്റ്റർ തെരസിറ്റാക്കുവേണ്ടി (ഫെബ്രുവരി 6) വിശുദ്ധ കുർബാന അർപ്പിച്ചു, ധൂപപ്രാർത്ഥന നടത്തി.

## സമർപ്പിത ദിനാചരണം

ലോക സമർപ്പിത ദിനാചരണത്തോടനുബന്ധിച്ചു 2024 ഫെബ്രുവരി 2-ന് സീറോ മലങ്കര കാതോലിക് ചർച്ച് സിനഡൽ കമ്മീഷൻ ഫോർ റിലീജിയസ് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## കാനോനിക്കൽ വിസിറ്റ്

എത്യോപ്യ, സൗത്ത് ആഫ്രിക്ക എന്നീ മിഷനുകളിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിനെ സന്ദർശിച്ച് മിഷൻ സാഹചര്യങ്ങൾ മനസിലാക്കി മദർ ജോബ്സി ഫെബ്രുവരി 20-ന് തിരികെ എത്തി.

## ടീച്ചേഴ്സ് ഗിൽഡ്

ബഥനി സിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ ട്രസ്റ്റ് മാനേജർ സിസ്റ്റർ ജിയോവാനിയുടെ അധ്യക്ഷതയിൽ ഫെബ്രുവരി 17-ന് ചെങ്ങരൂർ സെന്റ് തെരേസാസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ടീച്ചേഴ്സ് ഗിൽഡിൽ ബഹു. ഫാ. പ്രദീപ് വാഴത്തറ മലയിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രസ്തുത സമ്മേളനത്തിൽ 2023-24 അധ്യയനവർഷം വിരമിക്കുന്ന അദ്ധ്യാപകരെ ആദരിക്കുകയും നന്ദിസൂചകമായി ഉപഹാര സമർപ്പണം നടത്തുകയും ചെയ്തു.

മലങ്കര കത്തോലിക്കാസഭയിലെ മെത്രാന്മാരുടെ സിനഡിൽ നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ മദർ ജോബ്സി സംബന്ധിച്ചു.

### പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

പ്രൊവിൻഷ്യൽ ടീം, അഡ്വൈസറി കൗൺസിൽ മെമ്പേഴ്സ് എന്നിവർ ഒന്ന് ചേർന്ന് ഫെബ്രുവരി 24-ാം തീയതി തിരുമൂലപുരം പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് മീറ്റിംഗ് നടത്തുകയുണ്ടായി. വിവിധ പ്രേഷിത മേഖലകളിലെ റിപ്പോർട്ട് അവതരിപ്പിച്ചു. സമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് ഒരുക്കമായുള്ള ആക്ഷൻ പ്ലാൻ ചർച്ച ചെയ്തു.

### സെമിനാർ, കോൺഫറൻസ്

Accounting and Legal Matters എന്ന വിഷയത്തെ ആസ്പദമാക്കി പി.ഒ.സി.യിൽ നടത്തിയ സെമിനാറിൽ സിസ്റ്റർ ശാന്തി, സിസ്റ്റർ കീർത്തന, സിസ്റ്റർ ലിറ്റിൽ തെരേസ്, സിസ്റ്റർ ആൻസി, സിസ്റ്റർ സാഫല്യ എന്നിവർ സംബന്ധിച്ചു.

KCBC-യുടെ ആഭിമുഖ്യത്തിൽ Effectiveness of Formation in the Major Seminaries in the Catholic Church in Kerala Discerning Fruitful Strategies for an Effective Formation എന്ന വിഷയത്തെ ആസ്പദമാക്കി തൃശ്ശൂർ പാറോക് ഗവേഷണ കേന്ദ്രത്തിൽ വച്ച് നടന്ന കോൺഫറൻസിൽ മലങ്കര കത്തോലിക്ക സഭാ പ്രതിനിധി ആയി Dr. Sr. Grace പങ്കെടുത്തു. സിസ്റ്ററിന് അഭിനന്ദനങ്ങൾ!!!

JNU Convention Center, New Delhi-ൽ വച്ച് നടന്ന World Cancer Congress-ൽ Invited speaker ആയിരുന്ന ഡോ. സി. ജൂഡി എസ്.ഐ.സി. Illuminating the shadows of coping in cancer-A qualitative exploration in 8th world cancer congress on integrative medicine and translation research in cancer എന്ന വിഷയത്തിൽ paper presentation നടത്തി.

### ബൈബിൾ കൺവെൻഷൻ

ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിച്ച തിരുവല്ല കാതലിക്ക് ബൈബിൾ കൺവെൻഷനിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. കൺവെൻഷന്റെ ഉത്ഘാടന ദിവസം തിരുവല്ല അതിരൂപത സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ റാഫേൽ തട്ടിൽ പിതാവിന് നൽകിയ സ്വീകരണത്തിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## വിരമിക്കൽ

പുഷ്പഗിരി മെഡിക്കൽ കോളേജ് ഫാർമസിയിൽ 34 വർഷത്തെ സ്തുത്യർഹമായ സേവനത്തിൽ നിന്നും സിസ്റ്റർ നിർമൽ ജോസ് വിരമിച്ചു.

മണർകാട് ഇൻഫന്റ് ജീസസ്സ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ് സ്ഥാനത്തു നിന്നും സിസ്റ്റർ മേരി റോസ് വിരമിച്ചു.

## മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ് - 2024

തിരുവല്ല അതിഭദ്രാസനത്തിലെ വിവിധ മേഖലകളിലായി നടത്തിയ മലങ്കര ബൈബിൾ ഓറിയന്റഷൻ ക്യാമ്പിന് (MBOC) സിസ്റ്റേഴ്സ് നേതൃത്വം നൽകി.

## വാർഷിക ധ്യാനം

2024 ഏപ്രിൽ 17-23 വരെ ചെങ്ങരൂർ മഠത്തിൽ വച്ച് നടന്ന വാർഷിക ധ്യാനത്തിൽ 55 സിസ്റ്റേഴ്സ് സംബന്ധിച്ചു. റവ. ഫാ. റോയ് കടുപ്പിൽ ധ്യാനം നയിച്ചു.

## നിത്യവ്രത വാഗ്ദാനം

തത്കാല വ്രതപദം പൂർത്തിയാക്കിയ സിസ്റ്റർ വിൻസി, സിസ്റ്റർ ഏഞ്ചൽ, സിസ്റ്റർ ക്രിസ്റ്റ, സിസ്റ്റർ ക്ലയർ, സിസ്റ്റർ ജൊവാൻ എന്നിവർ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നിത്യവ്രത വാഗ്ദാനം നടത്തി.

## സ്വീകരണം

പുന-കഡ്കി രൂപതാധ്യക്ഷനായി സ്ഥാനമേറ്റ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന് തിരുമൂലപുരം മഠത്തിൽ ഏപ്രിൽ 30-ന് സ്വീകരണം നൽകി അനുമോദിച്ചു.

## ശതാബ്ദി ആഘോഷങ്ങൾ

നമ്മുടെ സമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടന്ന റോമാ സന്ദർശനത്തിലും പേപ്പൽ ഓഡിയൻസിലും തിരുവല്ല പ്രോവിൻസിൽ നിന്ന് Mother Jobsy,

Sr. Keerthana, Sr. Little Therese, Sr. Ancy, Sr. Preshitha, Sr. Nirmal Jose, Sr. Tessy Maria, Sr. Mercilit, Sr. Amal Jose, Sr. Lincy, Sr. Arpitha, Sr. Litty, Sr. Nithya, Sr. Regin Mary എന്നിവർ സംബന്ധിച്ചു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തിയ 'ഗുരുമൊഴികളുടെ' പരീക്ഷ നടത്തി. വിജയികളായ സിസ്റ്റേഴ്സിനു അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ**

മണർകാട് ഇൻഫന്റ് ജീസസ്സ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസായി സിസ്റ്റർ കൊച്ചുറാണി എസ്.ഐ.സി. സ്ഥാനമേറ്റു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എം.എ. ഇംഗ്ലീഷ് ലിറ്ററേച്ചറിൽ (private registration) സിസ്റ്റർ സാഫല്യ സെക്കന്റ് റാങ്കു കരസ്ഥമാക്കി.

"യുവ കുടുംബ പ്രേഷിതത്വം" - മേഖല കോ-ഓർഡിനേറ്റർ

Kottayam - Sr. Atma SIC

Vennikulam - Sr. Shaleena SIC

Post Basic B.Sc Nursing ൽ ഉയർന്ന ഫസ്റ്റ് ക്ലാസ്സ് മാർക്കോടെ സിസ്റ്റർ ബെറ്റി പാസ്സായി

എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും സിസ്റ്റർ വിൻസി B.S.W. കോഴ്സ് വിജയകരമായി പൂർത്തിയാക്കി.

# ബത്തേരി പ്രോവിൻസ്

## ബൈബിൾ കൺവെൻഷൻ

2024 മാർച്ച് 7 മുതൽ 10 വരെ ബത്തേരി സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ ബത്തേരി മേഖലയിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. ധ്യാനം നയിച്ചത് റവ. ഫാ. ജിസൻ പോൾ വേങ്ങാശ്ശേരി ആയിരുന്നു. അതുപോലെ തന്നെ കോഴിക്കോട്, നിലമ്പൂർ മേഖലകളിൽ നടന്ന കൺവെൻഷനിൽ അതാത് മേഖലയിൽപ്പെട്ട സിസ്റ്റേഴ്സ് സംബന്ധിച്ചു. നോമ്പിന് ഒരുക്കമായി നടത്തിയ ഈ ധ്യാനം വളരെ അനുഗ്രഹപ്രദമായിരുന്നു.

## ശുബുക്കോനൊ ശുശ്രൂഷ

സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തിയ ശുബുക്കോനൊ ശുശ്രൂഷയിൽ ബത്തേരി മേഖലയിലെ സിസ്റ്റേഴ്സും മദറും സംബന്ധിച്ചു.

## ദൈവവിളി ക്യാമ്പ്

ഏപ്രിൽ 10 മുതൽ 13 വരെ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സന്ന്യാസജീവിതത്തോട് താൽപര്യവും ആഭിമുഖ്യവുമുള്ള കുട്ടികൾക്കായി ദൈവവിളി ക്യാമ്പ് നടത്തി. 10 കുട്ടികൾ സംബന്ധിച്ചു. റവ. ഫാ. വർഗ്ഗീസ് കനിയാംപറമ്പിൽ, സി. അതുല്യ എസ്.ഐ.സി., സി. കിരൺ എസ്.ഐ.സി., സി. മഹിമ എസ്.ഐ.സി. എന്നിവർ ക്ലാസ്സെടുത്തു. സി. അരുണോദയ കുട്ടികളെ കൗൺസിലിങ്ങ് നടത്തി അവർക്ക് നല്ല ഒരു തീരുമാനം എടുക്കുവാൻ സഹായിച്ചു. യൂണിറ്റ്/പ്രോവിൻസ് തലത്തിൽ ഉത്തരവാദിത്വമുള്ള സിസ്റ്റേഴ്സ് ക്യാമ്പിന് നേതൃത്വം നൽകി. ഏപ്രിൽ മാസത്തിൽ വിവിധ പള്ളികളിൽ നടന്ന MBOC ക്യാമ്പിൽ സിസ്റ്റേഴ്സ് പോയി ക്ലാസ്സുകൾ എടുക്കുകയും, ക്യാമ്പുകൾക്ക് നേതൃത്വം കൊടുക്കുകയും, കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും ചെയ്തു.

## സി. ആർ. ഐ. മീറ്റിംങ്ങ്

2024 മാർച്ച് 16-ാം തീയതി സി.ആർ.ഐ. സൗത്ത് വയനാട്

സോണിന്റെ ആഭിമുഖ്യത്തിൽ വലിയ നോമ്പിന് ഒരുക്കമായി ബഥനി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സി.ആർ.ഐ. മീറ്റിംങ്ങ് നടത്തപ്പെട്ടു. നമ്മുടെ ബത്തേരി യൂണിറ്റിലുള്ള സിസ്റ്റേഴ്സ് മിക്കവരും അതിൽ സംബന്ധിച്ചു. വിവിധ സന്യാസ സമൂഹങ്ങളിൽപ്പെട്ട വൈദികരും, സന്ന്യസ്ഥരും ചേർന്ന് 80–ഓളം Religious ഈ മീറ്റിംഗിൽ ഉണ്ടായിരുന്നു.

## Procurators & Accountants Meeting

2024 മാർച്ച് 11–ാം തീയതി രാവിലെ 10 മണിക്ക് മദർ തേജസിന്റെ നേതൃത്വത്തിൽ മന്ദിരങ്ങളിലെ പ്രൊക്കുറേറ്റേഴ്സും, വിവിധ സ്ഥാപനങ്ങളിൽ accountants ആയി ജോലി ചെയ്യുന്ന സിസ്റ്റേഴ്സും, ചേർന്ന് ഒരു മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. സമയാസമയങ്ങളിൽ മാറിവരുന്ന നിയമങ്ങളുടെയും ഓഡിറ്റിൽ വരുന്ന തിരുത്തലുകളുടെയും വെളിച്ചത്തിൽ നമ്മുടെ ഓഡിറ്റർ, ലൂക്ക് സാറിന്റെ സ്റ്റാഫ് ആയ മിസ്സിസ് രമ ക്ലാസ്സ് എടുത്ത് സംശയങ്ങൾ ദൂരീകരിച്ചു. പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ സി. ലിറ്റി ഈ രണ്ട് വർഷങ്ങളിലെ സാമ്പത്തിക കാര്യങ്ങൾ, കണക്ക് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയെ പറ്റി സംസാരിച്ചു.

## കുരിശിന്റെ വഴി

2024 മാർച്ച് 22–ാം തീയതി 40–ാം വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ബത്തേരി, മാനന്തവാടി, കോഴിക്കോട് എന്നീ 3 രൂപതകൾ ചേർന്ന് സംയുക്തമായി നടത്തിയ കുരിശിന്റെ വഴിയിൽ ബഹു. മദറും വിവിധ മഠങ്ങളിൽ നിന്ന് കടന്ന് വന്ന സിസ്റ്റേഴ്സും പങ്കെടുത്തു. ദൃശ്യാവിഷ്ക്കരണത്തോട് കൂടിയ കുരിശിന്റെ വഴിയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാൻ സാധിച്ചതിൽ സിസ്റ്റേഴ്സ് കൃതജ്ഞത അർപ്പിച്ചു.

## റോമാ സന്ദർശനം

ബഥനി സന്ന്യാസിനി സമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സമൂഹമായി ഏപ്രിൽ 6 മുതൽ 14 വരെ പരിശുദ്ധ പിതാവിനെ കണ്ട് അനുഗ്രഹം പ്രാപിക്കുവാനും, കൃതജ്ഞതാ ബലി അർപ്പിക്കുവാനുമായി ബഥനി സമൂഹം റോമിലേക്ക് നടത്തിയ

തീർത്ഥാടന യാത്രയിൽ ബത്തേരി പ്രോവിൻസിൽ നിന്ന് മദർ തേജസ്, സി. മേരികാഞ്ചന, സി. ലീന, സി. ലിറ്റി, സി. മെർലിറ്റ്, സി. അജയ്യ, സി. മേരിപ്രഭ, സി. ഉത്തമ എന്നിവർ സംബന്ധിച്ചു.

## Renewal Course - "ഉണർവ് - 2024"

ഏപ്രിൽ 23, 24 തീയതികളിൽ മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ വച്ച് ബഹു. മദർ പ്രൊവിൻഷ്യലിന്റെ നേതൃത്വത്തിൽ ആദ്യ ബാച്ച് റിന്യൂവൽ കോഴ്സ് നടത്തുകയുണ്ടായി. തിരുവല്ല പ്രോവിൻസിലെ ബഹു. ഡോ. സിസ്റ്റർ ഗ്രേസ് എസ്.ഐ.സി. ക്ലാസ്സ് നയിച്ചു. പ്രസ്തുത കോഴ്സിൽ 69 സിസ്റ്റേഴ്സ് പങ്കെടുത്തു. ഏപ്രിൽ 30, മെയ് 1 എന്നീ ദിവസങ്ങളിൽ സെക്കൻഡ് ബാച്ച് റിന്യൂവൽ കോഴ്സ് നടത്തപ്പെട്ടു. തലശ്ശേരി പ്രോവിൻസിലെ ബഹു. ഡോ. സിസ്റ്റർ റിൻസി അഗസ്റ്റിൻ എസ്.എച്ച്. ആണ് ക്ലാസ്സ് നയിച്ചത്. ഇതിൽ 45 സിസ്റ്റേഴ്സ് പങ്കെടുക്കുന്നു. ഈ ക്ലാസ്സുകൾ വഴി സ്വയം കണ്ടെത്തുവാനും, മറ്റുള്ളവരെ മനസ്സിലാക്കുവാനും, ജീവിതത്തിൽ വരുന്ന വ്യതിയാനങ്ങളെ തിരിച്ചറിയുവാനും, തിരുത്തുവാനും, കൂടുതൽ ഉന്മേഷത്തോടെ സമർപ്പിത ജീവിതം നയിക്കുവാനും സിസ്റ്റേഴ്സിന് സഹായകമായി.

## എയ്ഡഡ് സ്കൂൾ ടീച്ചിംഗ് സിസ്റ്റേഴ്സ് മീറ്റിംഗ്

ഏപ്രിൽ 25-ാം തീയതി എയ്ഡഡ് സ്കൂളുകളിൽ പഠിപ്പി ക്കുന്ന സിസ്റ്റേഴ്സിനായി മദർ തേജസിന്റെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ വെച്ച് നടത്തപ്പെട്ടു. ടീച്ചേഴ്സിന്റെ റോൾ അവരുടെ പെരുമാറ്റം, ഉത്തരവാദിത്വം, കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണം, എന്നിങ്ങനെയുള്ള കാര്യങ്ങൾ ബോധ്യപ്പെടുത്തി കൊണ്ട് ബഥനി സിസ്റ്റേഴ്സ് സെക്രട്ടറി ജനറൽ, ബഹു. സി. രാജിത എസ്.ഐ.സി. വളരെ നന്നായി ക്ലാസ്സ് നയിച്ചു. ടീച്ചിംഗ് സിസ്റ്റേഴ്സിന് പുത്തൻ ഉണർവും പുതുചൈതന്യവും ക്ലാസ് വഴി ലഭിച്ചു. തുടർന്ന് സിസ്റ്റേഴ്സിന്റെ പങ്കുവെക്കൽ ഉണ്ടായിരുന്നു. സ്കൂൾ അന്തരീക്ഷത്തിൽ നമ്മുടെ ഒരുമിച്ചുള്ള സാക്ഷ്യവും സാന്നിധ്യവും സമർപ്പിതരുടെ ജീവിത വിശുദ്ധിയും ഏറ്റവും പ്രാധാന്യമാണെന്ന് മദർ തേജസ് ഓർമിപ്പിച്ചു.

**Parents Meet**

മാർച്ച്, ഏപ്രിൽ മാസങ്ങളിലായി സിസ്റ്റേഴ്സിന്റെ Parents Meet ബത്തേരി, നിലഗിരി, കാസർഗോഡ്, കണ്ണൂർ, പുൽപള്ളി, കോഴിക്കോട്, നിലമ്പൂർ എന്നീ യൂണിറ്റുകളിൽ നടത്തപ്പെട്ടു. അതാത് കോൺവെന്റിലെ ചാപ്ലേൻ അച്ചന്മാരുടെ മുഖ്യകാർമികത്വത്തിൽ വി.കുർബാനയും, സ്നേഹവിരുന്നും ഉണ്ടായിരുന്നു. പ്രസ്തുത കൂടിവരവിൽ ബഹു. മദർ പ്രൊവിൻഷ്യൽ, മദർ തേജസ്, മാർ ഈവാനിയോസ് പിതാവിനെ പറ്റിയും, ബഥനിയുടെ ആരംഭം മുതൽ ഇന്ന് വരെയുള്ള ചരിത്രത്തെ കുറിച്ചും വളരെ ശ്രദ്ധേയമായ വിധത്തിൽ പങ്കുവെച്ചു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥന Frame ചെയ്ത് എല്ലാ കുടുംബങ്ങൾക്കും നൽകി. സിസ്റ്റേഴ്സ് വിവിധ യൂണിറ്റുകളിൽ വളരെ മനോഹരമായി ക്രമീകരിച്ച കൂടിവരവ് അനുഗ്രഹപ്രദമായിരുന്നു. കാര്യങ്ങൾ ക്രമീകരിച്ച സിസ്റ്റേഴ്സിന് പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**മൊബൈൽ മിഷൻ**

കേരള സഭാനവീകരണ വർഷങ്ങളുടെ (2022-2025) ഭാഗമായി ബഥനി ബത്തേരി പ്രോവിൻസിന്റെ നേതൃത്വത്തിൽ ബത്തേരി രൂപതയുടെ തിരുമേനി, മാത്തിൽ, കോറോം, എറ്റുകുടുക്ക, ചെറുപുഴ, മാമാങ്കര, ലക്കിടി, ചെറ്റപാലം, മാങ്ങോട് എന്നീ പള്ളി കളിൽ സിസ്റ്റേഴ്സ് മൊബൈൽ മിഷൻ നടത്തി. എല്ലാ സ്ഥലങ്ങ ളിലും അവസാന ദിനത്തിൽ ഇടവകയിലെ ദൈവജനത്തെ ഒരുമിച്ച് ചേർത്ത് ദൈവവചനം പങ്കുവയ്ക്കുകയും, ആരാധന നടത്തുകയും ചെയ്തു. അനേകം പേർ വിശുദ്ധ കുമ്പസാരം നടത്തി, വിശുദ്ധ കുർബാന സ്വീകരിച്ച് ആത്മീയ ചൈതന്യം വീണ്ടെടുത്തു. അനേക ഭവനങ്ങളിൽ കൂട്ടായ്മ വീണ്ടും ശക്തമാക്കാൻ ഈ ശുശ്രൂഷ സഹായിച്ചു.

**അഭിനന്ദനങ്ങൾ**

ബത്തേരി രൂപതയിലെ St. George Teacher's Training Institute Pulpally- യിൽ TTC ക്ക് Distinction നോട് കൂടി പാസായ സിസ്റ്റർ

പൂജിതയ്ക്കും, പുത്തൂർ രൂപതയിലെ Mar Ivanios College of Education Kunthoor, BE.d ൽ Distinction നോട് കൂടി പാസായ സിസ്റ്റർ സമർപ്പിതയ്ക്കും ബഥനി ബത്തേരി പ്രോവിൻസിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും, ആശംസകളും നേരുന്നു.

## അവധിക്ക് വന്നു പോയവർ

ജർമ്മനിയിൽ നിന്ന് സി. ശുഭ, സി. പ്രേഷിത, സി. പ്രീത എന്നിവർ അവധിക്ക് നാട്ടിൽ വന്ന് അവധി കഴിഞ്ഞു സന്തോഷമായി തിരികെ പോയി. എത്യോപ്യയിൽ നിന്ന് സി. ഉത്ഥിത പഠനത്തിന്റെ ആവശ്യവുമായി നാട്ടിൽ വന്നിട്ടുണ്ട്.

## നിത്യതയിലേക്ക്

55 വർഷ കാലം ബഥനിയെ ശുശ്രൂഷിച്ച സി. പ്രശാന്ത 2024 ജനുവരി 27-ാം തീയതിയും, 58 വർഷക്കാലം ബഥനിയിൽ സന്യാസത്തിന്റെ ആഹ്ലാദം പങ്കുവെച്ച സി. തബീത്ത, 2024 ഫെബ്രുവരി 2-ാം തീയതിയും തങ്ങളുടെ ഈലോകവാസം അവസാനിപ്പിച്ച് നിത്യതയുടെ തീരത്തേക്ക് പറന്നുയർന്നു. മൂലങ്കാവ് ഫോർമേഷൻ ഹൗസ് ചാപ്പലിൽ പൊതുദർശനത്തിനുവെച്ച ഭൗതികശരീരങ്ങൾക്ക് ആദരാഞ്ജലികളർപ്പിക്കുന്നതിനായി രൂപതയുടെ വിവിധ മേഖലയിൽ നിന്നും ബഹു. വൈദികരും, ദൈവജനവും, ബഥനിയുടെ ബഹു. മദർ ജനറൽ, മദർ ആർദ്രയും, സിസ്റ്റേഴ്സും കടന്നുവന്നു. സി. തബീത്തക്ക് ആദരഞ്ജലികൾ അർപ്പിക്കുന്നതിനായി അത്യഭിവന്ദ്യ കർദിനാൾ ക്ലീമീസ് കാതോലിക്ക ബാവ തിരുമേനിയും, ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലിത്തായും സി.ബി.സി.ഐ മീറ്റിങ്ങ് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ബംഗ്ലൂരിൽ നിന്ന് വന്നിരുന്നു. മാർച്ച് 11 -ാം തിയതി, പ്രിയ സിസ്റ്റേഴ്സിന്റെ 40-ാം ചരമ ദിനത്തിൽ വന്ദ്യ മോൺസിഞ്ഞോർ അച്ചന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ വച്ച് നടന്ന സമൂഹ ബലിയിലും, ധൂപപ്രാർത്ഥനയിലും നിരവധി വൈദീകരും, സിസ്റ്റേഴ്സും, കുടുംബാംഗങ്ങളും സംബന്ധിച്ചു.

### ചരമ വാർഷികം

ജനുവരി 27 -ാം തീയതി സി. ദയയുടെയും, ഫെബ്രുവരി 5-ാം തിയതി സി. ടെസീനയുടേയും, ഫെബ്രുവരി 6-ാം തീയതി സിസ്റ്റർ പവിത്രയുടേയും ഏപ്രിൽ 12-ാം തീയതി പ്രിയപ്പെട്ട സി. വിമലയുടെയും സി. സ്റ്റനിസ്ലാവോസിന്റെയും, സി. അനർഘയുടെയും ചരമ വാർഷിക ദിനങ്ങളിൽ ദിവ്യബലിയർപ്പിച്ച് ധൂപപ്രാർത്ഥന നടത്തി. പ്രൊവിൻഷ്യൽ ഹൗസ്, കുപ്പാടി, തപോവനം എന്നീ മഠങ്ങളിൽ നിന്ന് സിസ്റ്റേഴ്സ് കടന്നുവന്ന് വി. ബലിയിലും, ധൂപപ്രാർത്ഥനയിലും പങ്കെടുത്ത് പ്രിയപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി പ്രാർത്ഥിച്ചു

## പത്തനംതിട്ട പ്രോവിൻസ്

### ഫീസ്റ്റാഘോഷം

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ യുടെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പട്ടം കത്തീഡ്ര ലിൽ ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ച് ആശംസകൾ അറി യിച്ചു.

സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ, മദർ ആർദ്രയുടെ നാമ ഹേതുക തിരുനാൾ ആഘോഷത്തിലും കൃതജ്ഞതാബലിയിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുക തിരുനാളിൽ സിസ്റ്റേഴ്സ് സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

### പൗരോഹിത്യം

2024 ജനുവരി 3-ാം തീയതി മാവേലിക്കര ജീവാരാം ആനി മേഷൻ സെന്ററിൽ 3 ബഥനി സന്യാസ ഡീക്കന്മാരുടെ പൗരോ ഹിത്യ അഭിഷേക ശുശ്രൂഷയിൽ ബഹു. മദർ തമിം, സിസ്റ്റർ വിനീത എന്നിവർ സംബന്ധിച്ചു.

## പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

ബഹു. മദർ പ്രൊവിൻഷ്യൽ മദർ തമീമിന്റെ അദ്ധ്യക്ഷത യിൽ ജനുവരി 6-ന് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻ ഷ്യൽ അഡ്വൈസറി കൗൺസിൽ നടത്തപ്പെട്ടു.

## വാർഷിക ധ്യാനം

ഏപ്രിൽ 18 വൈകിട്ടു മുതൽ 5 ദിവസങ്ങൾ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തപ്പെട്ട ധ്യാനത്തിൽ 64 സിസ്റ്റേഴ്സ് സംബ ന്ധിച്ചു. ബഥനി ജീവാരാമിന്റെ ഡയറക്ടർ ബഹു തോമസ് പ്രശോഭ് ഒ.ഐ.സി. അച്ചൻ ആണ് ധ്യാനം നയിച്ചത്.

## നിത്യവ്രത വാഗ്ദാനം

പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിലും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ സഹകാർമികത്വത്തിലും 27 04. 2024 ൽ സിസ്റ്റർ സമർപ്പിത നിത്യവ്രത വാഗ്ദാനം നടത്തി തന്നെത്തന്നെ നിത്യമായി ക്രിസ്തുവിനു പ്രതിഷ്ഠിച്ചു. ഈ മംഗളകർമത്തിൽ ധാരാളം വൈദികർ, സിസ്റ്റേഴ്സ് കുടുംബാംഗ ങ്ങൾ, ഇടവകജനങ്ങൾ എന്നിവർ സംബന്ധിച്ചു.

## പെരുന്നാളാഘോഷം

കുമ്പഴ, കടമ്മനിട്ട, പുത്തൻപീടിക എന്നീ പള്ളികളുടെ പെരു ന്നാളാഘോഷത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

## റമ്പാൻപട്ടം

ജനുവരി 9-ാം തീയതി പെ. ബഹു. മത്തായി കടവിൽ OIC അച്ചന്റെ റമ്പാൻപ്പട്ട ശുശ്രൂഷയിൽ ബഹു മദറും സിസ്റ്റേഴ്സും മൂവാ റ്റുപ്പുഴ പൂതൃക്കയിൽ ബഹു അച്ചന്റെ ഇടവക ദേവാലയത്തിൽ പോയി സംബന്ധിച്ചു.

## രജത ജൂബിലി ആഘോഷം

സന്യാസ സമർപ്പണ ജീവിതത്തിന്റെ 25 വർഷങ്ങൾ പിന്നി ടുന്ന സി. സെബിൻ, സി. അനുപമ എന്നിവരുടെ രജത ജൂബിലി

ആഘോഷം ജനുവരി 12,13 തീയതികളിൽ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടന്നു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കൃതജ്ഞതാ ബലി അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി അധ്യക്ഷത വഹിച്ച അനുമോദനയോഗത്തിൽ ബഹു. വൈദികർ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ എന്നിവർ സംബന്ധിച്ചു. തിരുവനന്തപുരം പ്രോവിൻസിലെ രജത ജൂബിലി ആഘോഷിക്കുന്ന സി. സൗമ്യ, സി. വന്ദിത, സി. മാഗി, സി. പ്രദീപ, സി. ശാന്തിദ, സി. അഞ്ചിത, സി. ജൂബില എന്നിവരും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. അജ്ഞലി, സി.സൂസൻ, സി. പ്രകാശ് എന്നീ സിസ്റ്റേഴ്സും കൃതജ്ഞതാ ബലിയിലും അനുമോദന യോഗത്തിലും പങ്കുചേർന്നു.

**കൂദാശ**

ബഥനി സന്യാസിനീ സമൂഹത്തിന്റെ ശതാബ്ദിയുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ മാതൃ ഭവനമായ കോട്ടയം ജനറലേറ്റിനോടു ചേർന്ന് പുതുതായി പണി കഴിപ്പിച്ച ശതാബ്ദി സ്മാരക മന്ദിര കൂദാശയിൽ ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

**മീറ്റിംഗ്**

എറണാകുളം പി.ഒ.സി-യിൽ വച്ചു നടന്ന കണക്കു സംബന്ധമായ മീറ്റിംഗിൽ സിസ്റ്റർ സുധ പങ്കെടുത്തു.

ദിവ്യകാരുണ്യ കോൺഗ്രസുമായി ബന്ധപ്പെട്ട് മൈലപ്രയിൽ വച്ച് നടത്തപ്പെട്ട ആലോചന മീറ്റിംഗിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

ബഹു. മദർ തമിം തിരുവനന്തപുരം കാതോലിക്കേറ്റിൽ വച്ചു നടന്ന സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

പത്തനംതിട്ട ഭദ്രാസന കൺവൻഷനുമായി ബന്ധപ്പെട്ട് കത്തിഡ്രലിൽ വച്ചു നടത്തപ്പെട്ട മിറ്റിംഗിൽ മദർ തമിം, സിസ്റ്റർ വിനീത എന്നിവർ പങ്കെടുത്തു.

**ഹൈദ്രാബാദ് യാത്ര**

ഹൈദ്രാബാദിലേക്ക് രണ്ടാമതായി നടത്തപ്പെട്ട ഉല്ലാസ യാത്രയിൽ പ്രോവിൻസിലെ 25 സിസ്റ്റേഴ്സ് പങ്കെടുത്തു.

## ദിവ്യകാരുണ്യ കോൺഗ്രസ്

പത്തനംതിട്ട ഭദ്രാസനത്തിന്റെ ഭാഗമായി ജനുവരി 26-ന് മൈലപ്ര തിരുഹൃദയ കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തപ്പെട്ട ദിവ്യകാരുണ്യ കോൺഗ്രസിൽ മദറും ഭൂരിഭാഗം സിസ്റ്റേഴ്സും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

## കാനോനിക്കൽ വിസിറ്റ്

ഫെബ്രുവരി 5 മുതൽ 21 വരെ മദർ തമിം എത്യോപ്യ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ കാനോനിക്കൽ വിസിറ്റ് നടത്തി.

മാർച്ച് 13-നു മദർ തമിം ആങ്ങമൂഴി മഠത്തിൽ കാനോനിക്കൽ വിസിറ്റ് നടത്തി.

## പാത്രിയാർക്കീസ് ബാവയ്ക്ക് സ്വീകരണം

അന്ത്യോക്യൻ സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് എഫ്രേം രണ്ടാമൻ പാത്രിയാർക്കീസ് ബാവായ്ക്ക് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തിഡ്രലിൽ വച്ചു നടത്തിയ സ്വീകരണത്തിൽ ഭദ്രാസനാംഗങ്ങളോടൊപ്പം സി. വിനീതയും സി. ശാലിനിയും സംബന്ധിച്ചു.

## മദ്ധ്യസ്ഥപ്രാർത്ഥന

പത്തനംതിട്ട ഭദ്രാസന കൺവൻഷനുമായി ബന്ധപ്പെട്ട് വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള സിസ്റ്റേഴ്സും അത്മായരും പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി. പ്രോവിൻസിലെ പല സിസ്റ്റേഴ്സും ഇതിൽ സംബന്ധിച്ചു.

## ധന്യൻ മാർ ഈവാനിയോസ്

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ധന്യൻ എന്ന പദവിയിലേക്ക് ഉയർത്തിയതിന്റെ അറിയിപ്പിൽ ബഹു. മദർ തമിം, സിസ്റ്റർ സുധ എന്നിവർ പട്ടം കത്തീഡ്രലിൽ പോയി സംബന്ധിച്ചു.

## കൺവൻഷൻ

പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 15 മുതൽ 20 വരെ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഭദ്രാസന കൺവൻഷനിൽ ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. 20-ാം തീയതി കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ട Hope എന്ന സിനിമ പ്രദർശനത്തിലും ബഹു. മദറും സിസ്റ്റേഴ്സും പങ്കെടുത്തു.

## ഏകദിന ക്ലാസ്സ്

ദൈവവിളി പ്രോത്സാഹനാർത്ഥം എട്ടാം ക്ലാസ്സ് മുതലുള്ള പെൺകുട്ടികൾക്കായി ഏപ്രിൽ 6 ന് പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച ക്ലാസ്സിൽ 38 കുട്ടികൾ സംബന്ധിച്ചു. ബഹു. മാത്യു OFM ക്ലാസ് നയിച്ചു. അന്നേ ദിവസം ഇവിടെ എത്തിയ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് കുട്ടികളെ കണ്ട് സംസാരിക്കുകയും ആശീർവാദം നൽകുകയും ചെയ്തു.

## Papal Audience

ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ശതാബ്ദിയുമായി ബന്ധപ്പെട്ട് Papal Audience-ന് റോമിലേക്ക് പോയ സമൂഹാംഗങ്ങളോടൊപ്പം പത്തനംതിട്ട പ്രോവിൻസിൽ നിന്നും ബഹു. മദർ തമീം സി. വിനീത, സി. ആഗ്നറ്റ്, സി. സുധ, സി. ഗബ്രിയേൽ എന്നിവരും ജർമനി, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കു ചേർന്നു.

## M.B.O.C

മാർച്ച് 23-ന് സിസ്റ്റേഴ്സിനുവേണ്ടിയുള്ള M.B.O.C Class പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ക്രമീകരിക്കുകയുണ്ടായി. പത്തനംതിട്ട ഭദ്രാസന സൺഡേ സ്ക്കൂൾ ഡയറക്ടർ ബഹു. റോബിൻ മനയ്ക്കലേത്ത് അച്ചനും മറ്റ് വൈദികരും ബ്രദേഴ്സും ക്ലാസുകൾ എടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡി.എം

സിസ്റ്റേഴ്സും ഗത്സമെൻ സിസ്റ്റേഴ്സും ക്ലാസിൽ സന്നിഹിതരായിരുന്നു.

പത്തനംതിട്ട, മാവേലിക്കര, തിരുവനന്തപുരം രൂപതകളിലെ 35 പള്ളികളിൽ സിസ്റ്റേഴ്സ് M.B.O.C യ്ക്ക് നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

2024 ൽ നടന്ന M.Ed. പരീക്ഷയിൽ സിസ്റ്റർ അഞ്ജലി ഉയർന്ന മാർക്കു നേടുകയും കേരള യൂണിവേഴ്സിറ്റിയിൽ ആറാം റാങ്ക് കരസ്ഥമാക്കുകയും ചെയ്തു. സിസ്റ്ററിന് പ്രത്യേകം അഭിനന്ദനങ്ങൾ!

## കുരിശുമല പ്രാർത്ഥനാ ദിനം

മാർച്ച് 24 മുതൽ 28 വരെ മദർ തമിം, സി. ആഗ്നറ്റ്, സി. പവിത്ര, സി. ജോയൽ എന്നിവർ വാഗമൺ കുരിശുമലയിൽ പ്രാർത്ഥനാ ദിനം ആചരിച്ചു.

## യൂണിറ്റ് മീറ്റിംഗ്

വിവിധ യൂണിറ്റുകളിൽ ബഹു. മദർ, കൗൺസിലേഴ്സ് എന്നിവരുടെ സാന്നിധ്യത്തിലും യൂണിറ്റ് ലീഡേഴ്സിന്റെ നേതൃത്വത്തിലും യൂണിറ്റ് മീറ്റിംഗ് നടത്തുകയുണ്ടായി. തദവസരത്തിൽ പ്രത്യേകമായി, ദൈവവിളി പ്രോത്സാഹനാർത്ഥം നടത്തപ്പെടേണ്ട പരിപാടികൾക്ക് ക്രമീകരണം ചെയ്തു.

**മരണം**

ബഥനി നാലാഞ്ചിറ ആശ്രമത്തിലെ ബഹു. ജെയിംസ് മാമ്മൂട്ടിൽ OIC അച്ചന്റെ ശവസംസ്ക്കാര ശുശ്രൂഷയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

ബഹു. തോമസ് കുരുവിള OIC അച്ചന്റെ സഹോദരൻ ജോസ് കുരുവിളയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

പത്തനംതിട്ട പ്രോവിൻസിന്റെ ഡ്രൈവറായി സേവനം ചെയ്യുന്ന ജോസിന്റെ വത്സല മാതാവിന്റെ മരണത്തിലും ശവസം

സ്ക്കാര ശുശ്രൂഷയിലും ബഹു. മദറും സിസ്റ്റേഴ്സ് മിക്കവരും ഭവനത്തിലും ദൈവാലയത്തിലും സംബന്ധിച്ചു.

തിരുവനന്തപുരം പ്രോവിൻസിലെ സിസ്റ്റർ ലെറ്റീഷ്യയുടെയും സിസ്റ്റർ സെൽക്കായുടെയും മൃതസംസ്ക്കാര ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും പങ്കെടുത്തു.

ജനറൽ കൗൺസിലർ സിസ്റ്റർ കുസമത്തിന്റെ വത്സല മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലും 40-ാം ചരമദിനത്തിലെ വി. കുർബാനയിലും ബഹു. മദറും സിസ്റ്റേഴ്സും ഉള്ളന്നൂർ ഇടവകയിൽ സംബന്ധിച്ചു.

സിസ്റ്റർ മയൂഖയുടെ പ്രിയപ്പെട്ട പിതാവിന്റെ നിര്യാണത്തിൽ ഭവനത്തിലും, ഇടവകപള്ളിയിലും ഉള്ള സംസ്ക്കാര ശുശ്രൂഷയിലും ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

സിസ്റ്റർ ക്ലെമന്റിന്റെ വത്സല പിതാവിന്റെ സംസ്ക്കാര ശുശ്രൂഷകളിൽ തൊടുപുഴ ഭവനത്തിലും കരിമണ്ണൂർ സെന്റ് മേരീസ് ഫെറോന പള്ളിയിലും ബഹു. മദറും സിസ്റ്റേഴ്സും പോയി സംബന്ധിച്ചു.

സിസ്റ്റർ ജോഷ്നയുടെ സഹോദരി ആൻസിയുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ സിസ്റ്റേഴ്സ് പൂഴിക്കാട് ഭവനത്തിലും മുടിയൂർകോണത്തു സെമിത്തേരിയിലും പോയി പങ്കെടുത്തു.

സിസ്റ്റർ സമർപ്പിതയുടെ വല്യമ്മച്ചിയുടെ മരണത്തിന് അല്പം മുമ്പ് സിസ്റ്ററിനോടൊപ്പം ബഹു മദറും സിസ്റ്റേഴ്സും ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും മരണസമയത്ത് അവിടെയായിരിക്കുകയും തുടർന്നു നടന്ന എല്ലാകർമങ്ങളിലും പങ്കുകാരാകുകയും ചെയ്തു.

സീതത്തോട് അഗതിമന്ദിരത്തിലെ അന്തേവാസി റോസമ്മ ജോസഫ് (62), പുഞ്ചവയൽ, കാഞ്ഞിരപ്പള്ളി 12.04.2024 ൽ നിര്യാതയായി. പരേതയുടെ ഭവനത്തിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സീതത്തോട് മഠത്തിൽ നിന്നുമുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

# മൂവാറ്റുപുഴ പ്രോവിൻസ്

## ബൈബിൾ കൺവെൻഷൻ

മൂവാറ്റുപുഴ രൂപതയിൽ വച്ച് ബഹു. ദാനിയേൽ പൂവ്വണ്ണത്തിൽ അച്ചൻ നയിച്ച മൂന്നു ദിവസത്തെ ബൈബിൾ കൺവെൻഷനിൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

## ഫീസ്റ്റ് ആഘോഷം

മൂവാറ്റുപുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവിന്റെയും, മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് പിതാവിന്റെയും ഫീസ്റ്റ്, കീഴില്ലം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു.

ജനുവരി 27 ന് കോട്ടയം ജനറലേറ്റിൽ വച്ച് നടന്ന മദർ ജനറൽ മദർ ആർദ്രയുടെ ഫീസ്റ്റാഘോഷത്തിൽ മദർ ജോസ്നയും സിസ്റ്റേഴ്സും സംബന്ധിക്കുകയും, കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

പ്രോവിൻസ് തലത്തിലും, യൂണിറ്റ് തലത്തിലും മദർ പ്രൊവിൻഷ്യൽ മദർ ജോസ്നയുടെ ഫീസ്റ്റ് ആഘോഷ പരിപാടികൾ വി. കുർബാന, ആരാധന, വിവിധ കാലപരിപാടികൾ, ഭക്ഷണം എന്നിവയോടു കൂടി അനുഗ്രഹപ്രദമായ രീതിയിൽ നടത്തപ്പെട്ടു.

## സിനഡ്

തിരുവനന്തപുരത്തു വച്ച് നടത്തപ്പെട്ട സിനഡിൽ മദർ ജോസ്ന സംബന്ധിച്ചു.

## വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിങ്ങ്

2024 ഫെബ്രുവരി 25 ഞായറാഴ്ച മദർ ജോസ്നയുടെ അധ്യക്ഷതയിൽ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വെച്ച് നടത്തപ്പെട്ട വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിൽ എല്ലാ യൂണിറ്റിലെയും സിസ്റ്റേഴ്സ് സംബന്ധിച്ചു.

## സുപ്പീരിയേഴ്സ് - പ്രൊക്കുറേറ്റേഴ്സ് മീറ്റിങ്ങ്

2024 മാർച്ച് 8-ന് മദർ ജോസ്നയുടെ അധ്യക്ഷതയിൽ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വെച്ചു നടത്തപ്പെട്ട സുപ്പീരിയേഴ്സ് - പ്രൊക്കുറേറ്റേഴ്സ് മീറ്റിങ്ങ് വളരെ അനുഗ്രഹപ്രദമായിരുന്നു.

## എഡ്യൂക്കേഷൻ ബോർഡ് വിസിറ്റ്

മദർ ജോസ്നയും എഡ്യൂക്കേഷൻ ബോർഡ് അംഗങ്ങളും സ്ക്കൂളുകൾ സന്ദർശിച്ച് ഓഡിറ്റും ഇൻസ്പെക്ഷനും നടത്തി.

## നാൽപ്പതാം വെള്ളി

നാൽപ്പതാം വെള്ളിയാഴ്ച അഖണ്ഡ ആരാധനയും, ഉച്ച കഴിഞ്ഞു പ്രൊവിൻഷ്യൽ മന്ദിരത്തിനു ചുറ്റും കുരിശിന്റെ വഴി യും നടത്തിയത് സിസ്റ്റേഴ്സിന് പ്രത്യേക അനുഭവമായിരുന്നു. ഓശാന ഞായറാഴ്ച മദർ ജോസ്നയും, സിസ്റ്റേഴ്സും മലയാറ്റൂർ തീർത്ഥാടനം നടത്തി.

## അഖണ്ഡ ബൈബിൾ പാരായണം

മാർച്ച് 25, 26, 27, തീയതികളിൽ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് അഖണ്ഡ ബൈബിൾ പാരായണം നടത്തി. അടുത്ത മഠങ്ങ ളിൽ നിന്നുള്ള സിസ്റ്റേഴ്സ്, സമീപ ഇടവകകളിൽ നിന്നുള്ള ദൈവ ജനം എന്നിവർ സംബന്ധിച്ചു.

## മെഡിക്കൽ ക്യാമ്പ്

കോയമ്പത്തൂർ ക്ലിനിക്കിന്റെ ഭാഗമായി കോയമ്പത്തൂർ സെൻറ് മേരീസ് ഹോസ്പിറ്റലിന്റെ സഹായത്തോടെ ഏകദിന മെഡിക്കൽ ക്യാമ്പ് നടത്തി. മെഡിക്കൽ ക്യാമ്പിൽ അനേകം ആളുകൾ പങ്കെടുത്തു.

## പോത്താനിക്കാട് ബഥനി ശാലോം ഭവൻ

### പൊതിച്ചോറ് വിതരണം

ശതാബ്ദിയോടനുബന്ധിച്ച് അഭ്യുദയകാംക്ഷികളുടെ സഹാ യത്തോടെ എല്ലാ മാസവും വിവിധ സ്ഥലങ്ങളിൽ നൂറ് പൊതിച്ചോറ്

വീതവും, ബൈബിൾ ഇല്ലാത്ത നൂറ് കുടുംബങ്ങൾക്ക് ബൈബിളും വിതരണം ചെയ്യുന്നു.

**ഭവനനിർമ്മാണം**

പോത്താനിക്കാട് ഇടവകയിലെയും, പുറത്തുള്ളതുമായ അഞ്ച് കുടുംബങ്ങൾക്ക് അവരുടെ ഭവനനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകി.

**പാലിയേറ്റിവ് ദിനാഘോഷം**

പാലിയേറ്റിവ് ദിനത്തിൽ പോത്താനിക്കാട് CI, പഞ്ചായത്തു പ്രസിഡന്റ്, എന്നിവർ പാലിയേറ്റീവ് കെയറിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുകയും, അവിടുത്തെ അന്തേവാസികളായ മക്കളെ പൂക്കൾ നൽകി ആദരിക്കുകയും, വിവിധ കലാപരിപാടികളോടെ ആഘോഷിക്കുകയും ചെയ്തു.

**ഏകദിനധ്യാനം**

വലിയ നോമ്പിനോടനുബന്ധിച്ചു നടത്തിയ ഏകദിന ധ്യാനത്തിൽ അറുപതോളം ആളുകൾ സംബന്ധിച്ചു.

**സ്ഥാനാരോഹണ ശുശ്രൂഷ**

Mount Mar Ivanios, Khopoli യിൽ വച്ച് St. Ephrem Khadki - Pune നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനും, സഹായിക്കുന്നതിനുമായി മദർ ജോസ്നയും, സിസ്റ്റേഴ്സും പോയിരുന്നു.

**പൂനാ വാർത്തകൾ**

ദേഹ്റോഡ് സ്കൂളിൽ നിന്നും Poor Fund വഴിയായി collect ചെയ്ത തുക ബദ്നാപൂർ മിഷൻ , സേവാ സോഷ്യൽ സർവീസ് സൊസൈറ്റി, സർവ്വത്ര വിഹാർ സ്കൂൾ, മദർ തെരേസ സിസ്റ്റേഴ്സ് നടത്തുന്ന അനാഥ മന്ദിരം എന്നിവിടങ്ങളിലേക്ക് നൽകി.

അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷയ്ക്കും, മെത്രാഭിഷേക ശുശ്രൂഷയ്ക്കും

ആവശ്യമായ ആത്മീയ, ഭൗതീക സഹായങ്ങൾ നൽകുകയും സിസ്റ്റേഴ്സ്, Finance , Liturgical , Choir കമ്മിറ്റികളിൽ പ്രവർത്തിക്കുകയും ചെയ്തു. കൂടാതെ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ കടന്നു വന്ന മുപ്പതോളം വൈദികരെയും, സിസ്റ്റേഴ്സിനെയും ഹൃദ്യമായി സ്വീകരിക്കുകയും ചെയ്തു.

സെൻറ് ജോസഫ് ഡേ ആഘോഷിക്കുകയും അതിന്റെ ഭാഗമായി സ്കൂളിലെ ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ബാഡ്നാപ്പൂർ മിഷനിലെ പാവപ്പെട്ടവർക്ക് പുതിയ സാരികളും, ബെഡ്ഷീറ്റും വിതരണം ചെയ്യുകയും ചെയ്തു.

School Annual Day വളരെ മനോഹരമായി നടത്തി.

**റോം യാത്ര**

ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി, ഏപ്രിൽ ആറ് മുതൽ പതിനഞ്ചു വരെ, റോമിൽ നടന്ന ആഘോഷപരിപാടികളിലും, പേപ്പൽ ഓഡിയൻസിലും സംബന്ധിക്കുന്നതിനായി മദർ ജോസ്ന, സി. ദീപ, സി. ഈവാനിയ എന്നിവർ പോയിരുന്നു.

**വാർഷിക ധ്യാനം**

2024 ഏപ്രിൽ പതിനാറു മുതൽ ഇരുപത്തിരണ്ടു വരെ കാഞ്ഞിരപ്പള്ളി രൂപതാംഗമായ ബഹു. ഷിനോജ് വടക്കേടത്ത് അച്ചൻ നയിച്ച വാർഷിക ധ്യാനത്തിൽ മുപ്പത്തിരണ്ട് സിസ്റ്റേഴ്സ് സംബന്ധിച്ചു.

**ജൂബിലി ആഘോഷം**

ദൈവപരിപാലനയുടെ തണലിൽ സമർപ്പണ ജീവിതത്തിൽ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കിയ, സി. വിമലയുടെ സിൽവർ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സിസ്റ്റർ വിമല അംഗമായിരുന്ന പോത്താനിക്കാട് ബഥനി ശാലോം ഭവനിൽ നിന്നും മൂവാറ്റുപുഴ, പെരുമ്പാവൂർ, അങ്കമാലി പ്രദേശങ്ങളിലെ തെരുവിലെ മക്കൾക്ക് 25 പൊതിച്ചോറ് വിതരണം ചെയ്ത് ജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു. 2024 ഏപ്രിൽ 23 -ന് പ്രൊവിൻഷ്യൽ മന്ദിരത്തിൽ വെച്ച് പൂന-കഡ്ക്കി നിയുക്തമെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് തിരുമേനിക്ക് സ്വീകരണവും, അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ സി. വിമലക്കു

വേണ്ടി കൃതജ്ഞതാബലിയും അർപ്പിച്ചു. തുടർന്ന്, അഭിവന്ദ്യ പിതാവ് അധ്യക്ഷത വഹിച്ച അനുമോദനയോഗത്തിൽ ബഹു. വൈദീകർ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

## Final Profession

സി. ജോവാന്റെ നിത്യവ്രത വാഗ്ദാനം, മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 2024 ഏപ്രിൽ 25-ന് കീഴില്ലം പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു. സി. ജോവാന് സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

## MBOC ലീഡർഷിപ്പ് ക്യാമ്പ്

ഏപ്രിൽ മാസത്തിൽ പീച്ചി ദർശനയിൽ വച്ച് നടത്തപ്പെട്ട MBOC ലീഡർഷിപ്പ് ക്യാമ്പിലും തുടർന്ന് ഇടവകകളിൽ വച്ച് നടന്ന ക്യാമ്പുകളിലും പത്തു സിസ്റ്റേഴ്സ് സംബന്ധിച്ചു.

## സെമിനാർ

മാർച്ച് 8-ന് എറണാകുളം POC-യിൽ വച്ച് ഓഡിറ്റേഴ്സ് നടത്തിയ Accounting and Legal Matters എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിൽ സി. കൃപ, സി. ജ്യോതി, സി. അൽഫോൺസ എന്നിവർ സംബന്ധിച്ചു.

ശതാബ്ദിയോടനുബന്ധിച്ചു ബഥനിയിലെ ആദ്യത്തെ പത്തു മദേഴ്സിനെക്കുറിച്ചുള്ള സെമിനാർ മദർ ജോസ്നയുടെ അധ്യക്ഷതയിൽ സി. ലിറ്റിൽ ഫ്ളവറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## സന്ദർശനം

മേജർ ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവ്, മൂവാറ്റുപുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവ്, മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് പിതാവ്, പൂനാ കഡ്ക്കി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവ് എന്നീ പിതാക്കന്മാർ പ്രൊവിൻഷ്യൽ മന്ദിരത്തിൽ സിസ്റ്റേഴ്സിനെ കാണുന്നതിനും ക്ഷേമ വിവരം അന്വേഷിക്കുന്നതിനും വന്നിരുന്നു.

# സിസ്റ്റർ ലെറ്റീഷ്യ എസ്.ഐ.സി

ജനനം: 05/10/1947 മരണം: 13/01/2024

**"നാമെല്ലാവരും ദൈവിക ഭവനത്തിലേക്കു പോകേണ്ട വരാണ്. കർത്താവിന്റെ ഒരു പുരോഹിതന് / സമർപ്പിതയ്ക്ക് ഇതിനേക്കാൾ നല്ലതായി ഇനിയൊന്നും കിട്ടാനില്ല. ഞാൻ തികച്ചും ശാന്തനാണ്, സംതൃപ്തനാണ്. ദൈവം എന്നിൽ നിന്ന് ആഗ്രഹിക്കുന്നതുപോലെ ഞാനെല്ലാം തയ്യാറാക്കിക്കഴിഞ്ഞു."**

വി. ജോൺ ഇരുപത്തിമൂന്നാം മാർപ്പാപ്പായുടെ ഈ വചന ങ്ങൾ അന്വർത്ഥമാക്കിക്കൊണ്ട് ബഥനിക്കും മലങ്കരസഭയ്ക്കും ഒരു മുതൽക്കൂട്ടായി 76 വർഷങ്ങൾ ഈ ഭൂമിയിലും 59 വർഷങ്ങൾ സന്ന്യാസവും ജീവിച്ച് നിത്യതയിൽ ചേർക്കപ്പെട്ടിരിക്കുന്ന സിസ്റ്റർ ലെറ്റീഷ്യ... ആ പാവന സ്മരണയ്ക്കു മുമ്പിൽ ബഥനിയുടെ ആദ രാഞ്ജലികൾ....പ്രാർത്ഥനകൾ....

മരണം വരെ തന്റെ സന്ന്യാസ ദൈവവിളിയോട് വിശ്വസ്തത പുലർത്തി, കാലാന്ത്യത്തിൽ തിരിച്ചറിഞ്ഞ തന്റെ രോഗത്തെ പുഞ്ചി രിയോടും സമചിത്തതയോടും നേരിട്ട് ദൈവഹിതം, സ്വന്തം ഹിത മാക്കി മാറ്റി ജീവന്റെ കിരീടം പ്രാപിച്ച് തന്റെ പിതൃഭവനത്തിലേക്ക് സിസ്റ്റർ ലെറ്റീഷ്യ പ്രവേശിച്ചിരിക്കുന്നു.

കൊല്ലം ജില്ലയിൽ പുത്തൂർ കടകംപള്ളി കുടുംബത്തിൽ വെള്ളായിൽ വീട്ടിൽ ശ്രീ. ഗീവർഗ്ഗീസിന്റേയും ശോശാമ്മയുടേയും മൂന്നു മക്കളിൽ ഇളയവളായി 1947 ഒക്ടോബർ 5 ന് സിസ്റ്റർ ലെറ്റീഷ്യ ജനിച്ചു. പുത്തൂർ മലങ്കര സിറിയൻ കത്തോലിക്കാ പള്ളിയിൽ വച്ച് ബഹു. മത്തായി അച്ചനിൽ നിന്ന് മാമ്മോദീസായും മൂറോനഭിഷേ കവും മറിയം എന്ന നാമവും സ്വീകരിച്ചു. പുത്തൂർ ഗവ. എൽ.പി. എസ്, യു.പി.എസ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ മറിയം പുത്തൂർ പാങ്ങോട് കുഴിക്കാലിടവക ഹൈസ്ക്കൂളിൽ നിന്ന് ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കി. 1962 ൽ എസ്.എസ്.എൽ.സി പാസ്സായ ശേഷം നാഥന്റെ വിളി സ്വീകരിച്ച് ബഥനി മഠത്തിൽ ഒരു അർത്ഥി നിയായിച്ചേർന്നു. സിസ്റ്റർ സബ്രായുടെയും തിരുവല്ലായിലെ സി. വിമലയുടേയും ശിക്ഷണത്തിൽ സന്ന്യാസ പരിശീലനത്തിന്റെ

ആദ്യഘട്ടങ്ങളും സിസ്റ്റർ മോനിക്കായുടെ ശിക്ഷണത്തിൽ നോവീഷ്യേറ്റ് പരിശീലനവും പൂർത്തിയാക്കിയ മറിയം 1965 മെയ് 12 ന് മദർ ജനറൽ മദർ മാക്സായുടേയും മദർ പ്രൊവിൻഷ്യൽ മദർ ശ്ലോമ്മോയുടേയും സാന്നിധ്യത്തിൽ തിരുവല്ലാ രൂപതാ മെത്രാനായിരുന്ന ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ ആദ്യവ്രതവാഗ്ദാനം നടത്തി ലെറ്റീഷ്യ എന്ന സന്ന്യാസ നാമം സ്വീകരിച്ചു.

തുടർന്ന് നഴ്സറി ട്രെയിനിംങ് പഠിച്ച് പാസ്സാകുകയും ഈരേഴ, ചെങ്ങന്നൂർ, പത്തനംതിട്ട, ചന്ദനപ്പള്ളി, പെരുനാട്, കായംകുളം, വെൺമണി, കുറവൻകോണം, വകയാർ, പുനലൂർ, കലയപുരം, നാലാഞ്ചിറ തുടങ്ങിയ മഠങ്ങളിൽ സുപ്പീരിയറായും അംഗമായും ആയിരുന്നുകൊണ്ട് മന്ദിരങ്ങളുമായി ബന്ധപ്പെട്ട സ്ക്കൂളുകളിൽ ഹെഡ്മിസ്ട്രസ്സായും അധ്യാപികയായും ബോർഡിംങ് മിസ്ട്രസ്സായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

1972 സെപ്റ്റംബർ 9 ന് തന്റെ നാഥന് സമ്പൂർണ്ണമായി സമർപ്പിച്ച് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ നിത്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ വലിയൊരു മിഷൻ പ്രവർത്തക കൂടിയായിരുന്നു. പുതിയകാവ്, ചെങ്ങന്നൂർ, നന്നുവക്കാട്, ചന്ദനപ്പള്ളി, പുത്തൻകാവ്, കല്ലുമല, കോടുകുളഞ്ഞി, നെടുമങ്ങാട്, പെരുനാട്, പുലിയൂർ, ആല, കുറിച്ചിമുട്ടം, ചാരുംമൂട്, നൂറനാട്, പണയിൽ, വെൺമണി, പേരൂർക്കട, പുനലൂർ, മഞ്ഞക്കാല, ഇടത്തറ, കലയപുരം, കുളക്കട, പാറോട്ടുകോണം, വേറ്റിനാട്, വെമ്പായം, കുശവർക്കൽ തുടങ്ങിയ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത് തന്റെ കുടുംബത്തിൽ നിന്ന് തന്നെ ലഭിച്ച ഒരു മിഷൻ പ്രവർത്തന പാരമ്പര്യം സിസ്റ്റർ നിലനിർത്തി എന്നു തന്നെ പറയാം. സന്ന്യാസനിഷ്ഠ, ദൈവഭക്തി, ജപമാലഭക്തി ഇവയൊക്കെ കൈമുതലാക്കിയ സിസ്റ്റർ 1990 മെയ് മാസത്തിൽ തന്റെ സന്ന്യാസ സമർപ്പണത്തിന്റെ രജതജൂബിലിയും 2014 ൽ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു.

തന്റെ ബോധ്യങ്ങളിൽ ഉറച്ചു നിന്ന് ജീവിതത്തെ ക്രമീകരിച്ച സിസ്റ്റർ കമ്മ്യൂണിറ്റിയിലെ നിറ സാന്നിധ്യമായിരുന്നു. കുടുംബത്തിലുള്ളവരെ ചേർത്തു പിടിക്കാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനും പ്രാർത്ഥിപ്പിക്കുവാനും സിസ്റ്റർ എന്നും ശ്രദ്ധി

ച്ചിരുന്നു. നന്മയെ പ്രോത്സാഹിപ്പിക്കുന്ന നർമ്മം ആസ്വദിക്കുന്ന ഒരു വലിയ മനസ്സിന് ഉടമയായിരുന്നു സിസ്റ്റർ. സഭയേയും സമൂഹത്തേയും സ്നേഹിച്ച് വൃത്തിയോടും വെടിപ്പോടും ലാളിത്യത്തോടും അച്ചടക്കത്തോടും ആത്മധൈര്യത്തോടും കൂടെ തന്റെ ജീവിതത്തെ ക്രമപ്പെടുത്തിയവൾ. തന്റെ പേര് സൂചിപ്പിക്കുംപോലെ സിസ്റ്റർ എന്നും സന്തോഷവതിയായിരുന്നു.

2014 മുതൽ സിസ്റ്റർ നാലാഞ്ചിറയിലെ മഠാംഗമായി. പ്രാർത്ഥനയിലും വിശ്രമത്തിലുമായി തുടർന്ന സിസ്റ്റർ പ്രഷറിന്റെ ഗുളിക കഴിക്കുന്നതൊഴിച്ചാൽ പ്രത്യേകിച്ച് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വിശ്രമാവസ്ഥയിലും രോഗികളായ എല്ലാ സിസ്റ്റേഴ്സിനേയും സീനിയർ ഫിസിഷ്യൻ ആയ ഡോ.വർഗ്ഗീസ് നാലാഞ്ചിറ മഠത്തിൽ വന്ന് എല്ലാ മാസവും ചെക്ക് അപ്പ് നടത്തുന്ന പതിവനുസിച്ച് സിസ്റ്ററിനേയും ചെക്ക് അപ്പ് നടത്തിയപ്പോൾ സിസ്റ്ററിൻെറ പ്രഷർ കുറയാതെ എപ്പോഴും ഉയർന്ന നിലയിൽ തന്നെ തുടരുന്നതു കണ്ടതിനാൽ ഡോക്ടറിന്റെ നിർദ്ദേശാനുസരണം ഒരു തുടർ പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചു. പരിശോധനയിൽ യൂട്രസ്സിലും റെക്ടത്തിലും ക്യാൻസറിന്റെ ആരംഭം കാണുകയും സിസ്റ്ററിന്റെ സഹോദരന്റെ കൊച്ചുമകൻ കിംസ് ഹോസ്പിറ്റലിലെ ഡോക്ടർ ആയതിനാൽ അവിടേക്കു തന്നെ ട്രീറ്റ്മെന്റിന് കൊണ്ടു പോകുകയും ചെയ്തു. 2023 നവംബർ 16 ന് ഓപ്പറേഷന് വിധേയമാക്കി. താല്ക്കാലികമായി കൊളൊസ്റ്റമി ചെയ്യുകയും ചെയ്തു. മൂന്നു മാസത്തിനു ശേഷം തുടർ ഓപ്പറേഷനായി ഒരുങ്ങുകയായിരുന്നു. ആരോഗ്യപരമായ മറ്റ് കുഴപ്പങ്ങൾ ഒന്നും ഇല്ലാതിരിക്കെ 2024 ജനുവരി 13 -ാം തീയതി ശനിയാഴ്ച രാത്രി എട്ട് മണിക്ക് സിസ്റ്ററിന് ഒരു ക്ഷീണം അനുഭവപ്പെടുന്നതായി കണ്ടതിനാൽ ബി.പി പരിശോധിച്ചപ്പോൾ വളരെ കൂടുതലാണെന്ന് മനസ്സിലാക്കി ഡോക്ടർ വർഗ്ഗീസിന്റെ നിർദ്ദേശാനുസരണം ഇൻജക്ഷൻ നല്കി. ഉടനെ ഡോ. വർഗ്ഗീസ് എത്തി. ഹോസ്പിറ്റലിലേക്ക് കൊണ്ടു പോകാനായി ആംബുലൻസും എത്തി. പക്ഷേ സിസ്റ്ററിൻെറ ആരോഗ്യം മോശമാകുന്നതു കണ്ടതിനാൽ ഡോക്ടർ തന്നെ സി.പി.ആറും നല്കി. സിസ്റ്ററിന്റെ സ്ഥിതി കൂടുതൽ മോശമായി. സിസ്റ്ററിന് ക്ഷീണം തുടങ്ങിയ സമയം മുതൽ സിസ്റ്റേഴ്സ് എല്ലാവരും ചുറ്റും നിന്ന് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. പ്രാർത്ഥനാമദ്ധ്യേ കണ്ണു

തുറന്ന് എല്ലാവരേയും നോക്കിയ ആ കണ്ണുകൾ സാവധാനം അടഞ്ഞു. വളരെ ശാന്തതയോടെ സിസ്റ്ററിന്റെ പാവനാത്മാവ് നിത്യ സമ്മാനത്തിനായി തന്റെ നാഥന്റെ പക്കലേക്ക് പറന്നകന്നു. ബഥനി കുടുംബത്തിന് ഒരു മധ്യസ്ഥ കൂടി സ്വർഗ്ഗത്തിൽ ലഭിച്ചു.

ആശ്രമത്തിൽ നിന്ന് ബഹു. ചാപ്ലേൻ തോമസ് സജീവ് ഒ.ഐ.സി അച്ചനും ബഥനി നവജീവൻ പ്രോവിൻസിന്റെ അസി. പ്രൊവിൻഷ്യൽ ബഹു. സിറിൽ ആനന്ദ് ഒ.ഐ.സി അച്ചനും പ്രൊക്കുറേറ്റർ സാജൻ അച്ചനും അരമനയിൽ നിന്നും ബഹു. തോമസ് മുകളുംപൂറം അച്ചനും ഷൈജു അച്ചനും എത്തിയിരുന്നു. ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിലെ പ്രാർത്ഥനകൾക്കു ശേഷം ആംബുലൻസിൽ സിസ്റ്ററിന്റെ ശരീരം മോർച്ചറിയിലേക്ക് കൊണ്ടുപോയി.

വി. അന്തോണിയോസ് പറയുന്നു "നാം വൈകിട്ടു വരെ ജീവിച്ചിരിക്കില്ല എന്ന ബോധ്യത്തോടു കൂടി വേണം ഓരോ ദിവസവും രാവിലെ നാം എഴുന്നേല്ക്കേണ്ടത്. രാവിലെ എഴുന്നേല്ക്കുകയില്ല എന്ന ബോധ്യത്തോടു കൂടി വേണം രാത്രി ഉറങ്ങാൻ കിടക്കേണ്ടത്. കാരണം നമ്മുടെ ജീവിതത്തെക്കുറിച്ച് യാതൊരു ഉറപ്പുമില്ല. നാം ഇത് മനസ്സിലാക്കി ജീവിക്കുകയും അപ്പസ്തോലന്മാരുടെ വാക്കുകൾ അനുസരിക്കുകയും ചെയ്യുകയാണെങ്കിൽ നമ്മൾ പാപത്തിൽ വീഴുകയില്ല. ഒരാഗ്രഹവും നമ്മെ തടവിലാക്കുകയില്ല. ഒരു കോപവും നമ്മെ ഇളക്കുകയില്ല. ഒരു നിധിയും നമ്മെ ഇഹലോകവുമായി ബന്ധിപ്പിക്കുകയില്ല. സ്വതന്ത്രമാക്കപ്പെട്ട ഹൃദയവുമായി നമുക്ക് മരണത്തെ നേരിടുവാൻ സാധിക്കും."

ഭൂതകാലം നിങ്ങളുടേതല്ല. ഭാവി നിങ്ങളുടെ ശക്തിയിൽ ഇല്ല. നന്മ ചെയ്യാനുള്ള വർത്തമാനം മാത്രമെ നിങ്ങൾക്കുള്ളൂ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ലോകത്തോട് വിടപറഞ്ഞ പ്രിയ സഹോദരി, സിസ്റ്റർ ലെറ്റീഷ്യ, സ്നേഹപൂർവ്വം ബഥനിക്കുടുംബത്തിന്റെ ബാഷ്പാഞ്ജലികൾ...പ്രാർത്ഥനകൾ...

ഉത്ഥാനദിനേ നിന്നെ പറുദീസിൽ
കാണും ഞങ്ങൾ മോഹന തരു മദ്ധ്യേ
ഞങ്ങൾ വിശ്വസിക്കുന്നു... പ്രത്യാശിക്കുന്നു.

**പ്രിയ സഹജേ , സമാധാനത്തോടെ വസിച്ചാലും.**

# സി. പ്രശാന്ത എസ്.ഐ.സി.

ജനനം: 04/06/1944 മരണം: 27/01/2024

പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ച് കഴിയുമ്പോൾ, തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന് ലഭിക്കും. (യാക്കോബ് 1:12) ഈ തിരുവചനം തന്റെ ജീവിതത്തിലൂടെ അന്വർത്ഥമാക്കി പരീക്ഷകളെ സഹനങ്ങളാക്കി ജീവന്റെ കിരീടം നേടി എടുത്ത ഞങ്ങളുടെ പ്രിയപ്പെട്ട സി. പ്രശാന്തയ്ക്ക് ബഥനി മക്കളുടെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയത്തിന് സങ്കൽപ്പിക്കാനാകാത്തതുമായ ആ സ്വർഗ്ഗീയ കാനാനിലേക്ക് നമ്മുടെ ഒരു സഹോദരി കൂടി.... പ്രതീക്ഷിച്ചതിലും മുമ്പേ അതിന്റെ തീരങ്ങളിലേക്ക് സി.പ്രശാന്ത അടുക്കുകയായിരുന്നു. സഹനങ്ങൾ സ്നേഹത്തിന്റെ മാറ്റ് കൂട്ടുന്നതാണെന്ന് തിരിച്ചറിയുമ്പോൾ സഹനങ്ങൾ ആനന്ദമാകും. പരാതികൾ കൂടാതെ ക്യാൻസർ എന്ന മഹാരോഗത്തെ കൈനീട്ടി സ്വീകരിച്ച് അതിന്റെ എല്ലാ അസ്വസ്ഥതകളും ബുദ്ധിമുട്ടുകളും അനുഭവിച്ച് സഹനത്തിന്റെ ബലികല്ലിൽ ശാന്തമായി, സൗമ്യമായി അർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു സി. പ്രശാന്തയുടേത്.

പത്തനംതിട്ട ജില്ലയിൽ കോടാത്തൂർ, കുഴിനാപുറത്ത് കുടുംബത്തിൽ പരേതരായ ചാക്കോ ജോർജ്ജിന്റെയും, ഏലിയാമ്മ ജോർജ്ജിന്റെയും 9 മക്കളിൽ, കടിഞ്ഞൂൽ പുത്രിയായി ജൂൺ മാസം 4- ാം തീയതി പൊന്നമ്മ ജനിച്ചു. തൊടുവക്കാട്, തേപ്പുപാറ, ഏഴംകുളം സെന്റ് മേരീസ് പള്ളിയിൽ വെച്ച് മാമ്മോദീസായും മൂറോനഭിഷേകവും സാറാമ്മ എന്ന മാമ്മോദീസാപ്പേരും സ്വീകരിച്ചു.

M.S.C.L.P.School തൊടുവക്കാട്, St George U.P. School നെടുമൺ, P.G.M.H. School പറക്കോട് എന്നീ സ്കൂളുകളിൽ പഠിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി, 1967-ൽ സന്യാസ ജീവിത

ത്തിലൂടെ ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കാനുള്ള തീരുമാനമെടുത്ത് തിരുവല്ല ബഥനി മഠത്തിൽ സന്യാസാർത്ഥിനിയായി പ്രവേശിച്ചു. സിസ്റ്റർ ഫബിയോളയുടെയും, സിസ്റ്റർ സെൽക്കായുടെയും ശിക്ഷണത്തിൽ സന്യാസ പരിശീലനത്തിന്റെ അർത്ഥിനിപദവും, യോഗാർത്ഥിനിപദവും, സി. മോനിക്കായുടെ നേതൃത്വത്തിൽ നോവിഷ്യേറ്റ് പരിശീലനവും പൂർത്തിയാക്കി. 1969 മെയ് 8-ാം തീയതി, തിരുവല്ലയിലെ, തിരുമൂലപുരം മഠത്തിൽ വെച്ച്, ബഹു. മദർ ജനറൽ, മദർ ഫിലോമിനായുടെയും, ബഹു. മദർ പ്രൊവിൻഷ്യൽ, മദർ മേരി മാഗ്ദലിന്റെയും സാന്നിധ്യത്തിൽ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയിൽ നിന്ന് സഭാവസ്ത്രം സ്വീകരിച്ച് ആദ്യ വ്രതവാഗ്ദാനം ചെയ്ത്, സിസ്റ്റർ പ്രശാന്ത എന്ന സന്യാസ നാമം സ്വീകരിച്ചുകൊണ്ട് ദൈവത്തിനും ദൈവജനത്തിനുമായി തന്നെത്തന്നെ പ്രതിഷ്ഠിച്ചു. 1975 മെയ് 25-ാം തീയതി ആയിരുന്നു നിത്യവ്രതവാഗ്ദാനം.

1970 ചെങ്ങരൂർ മഠത്തിൽ താമസിച്ച് കറുകച്ചാലിൽ Drawing പഠിച്ചു. 1972-ൽ തിരുവല്ല, തിരുമൂലയിൽ താമസിച്ച് സെന്റ് തോമസ് ഹൈസ്കൂളിൽ ജോലി ചെയ്തു. 1973-ൽ സിസ്റ്ററിനെ ചെങ്ങരൂർ ഹൈസ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ സിസ്റ്ററിന്റെ പോസ്റ്റ് നഷ്ടപ്പെട്ടു. ആയതിനാൽ സിസ്റ്റർ അവിടെയുള്ള ബോർഡിങ്ങിലെ കൊച്ചുകുട്ടികളുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. തന്റെ ജൂണിയറേറ്റ് കാലഘട്ടം കോട്ടയം ജനറലേറ്റിൽ പൂർത്തിയാക്കി നിത്യവ്രതത്തിന് ശേഷം 1975 മുതൽ 1980 വരെ ബത്തേരി, അസ്സാം എന്നീ മിഷൻ മേഖല തിരഞ്ഞെടുത്തു തന്റെ സഭയിൽ നിസ്വാർത്ഥമായ ശുശ്രൂഷ കാഴ്ച്ചവെച്ചു. 1980 ൽ ബത്തേരി വൈസ് പ്രോവിൻസിലേക്ക് Opt ചെയ്തു തന്റെ കർമ്മരംഗം ബത്തേരിയിൽ പ്രതിഷ്ഠിച്ചു. കോട്ടയം ജനറലേറ്റ്, പുത്തനങ്ങാടി, ചെങ്ങരൂർ, തിരുമൂലപുരം, ഉപ്പട്ടി, പുഷ്പഗിരി, ചീരാൽ ഹെൽത്ത് സെന്റർ, അസ്സാം, കുപ്പാടി, ചെറുപുഴ, പുളിക്കലോടി, വേളംകോട്, കല്ലിച്ചാൽ, നിർമല ലേഡീസ് ഹോസ്റ്റൽ പുൽപള്ളി, ബാംഗ്ലൂർ, കേളകം, മാമാങ്കര, ബ്ലോക്ക് ഓഫീസ് ഹെൽത്ത് സെന്റർ, കോഴിക്കോട്, Peace Home എന്നീ വിവിധ മഠങ്ങളുടെ Superior ആയും, മഠത്തിന്റെ അംഗമായും, നല്ല ഒരു Drawing ടീച്ചർ ആയും, Hostel Warden ആയും, Candidates

Mistress ആയും, 1989 മെയിൽ നടന്ന സിനാക്സിസിൽ തേർഡ് കൗൺസിലർ ആയിരുന്നു കൊണ്ടും വളരെ ത്യാഗബുദ്ധിയോടും, നിസ്വാർത്ഥമായും ശുശ്രൂഷ ചെയ്ത് ബഥനി സന്യാസിനീ സമൂഹത്തിന്റെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നൽകി. സമൂഹാധികാരികൾ ഏൽപ്പിച്ച എല്ലാ ദൗത്യങ്ങളും ഉത്തരവാദിത്വത്തോടും, വിധേയത്വത്തോടും കൂടി പൂർത്തിയാക്കുവാൻ സിസ്റ്റർ ആത്മാർത്ഥമായി പരിശ്രമിച്ചു. ഇതോടൊപ്പം തന്നെ മിഷൻ പ്രവർത്തനത്തിന് വളരെയധികം പ്രാധാന്യം കൽപ്പിക്കുകയും, ചുറ്റുപാടുമുള്ള ഇടവകയിൽ Sunday School, Youth, മാതൃവേദി എന്നിങ്ങനെയുള്ള സംഘടനകൾക്ക് വളരെ ശ്രേഷ്ഠമായ നേതൃത്വം നൽകുകയും, ഭവന സന്ദർശനം നടത്തി കുടുംബങ്ങളെ നവീകരിക്കുകയും, കുടുംബങ്ങളുമായി നല്ല ഒരു ബന്ധം കാത്തു സൂക്ഷിക്കുകയും ചെയ്യുമായിരുന്നു.

2009 ജൂൺ മുതൽ തൃശ്ശൂർ FATRI സെന്ററിൽ 3 മാസത്തെ ഫാമിലി അപ്പോസ്തോലേറ്റ് കോഴ്സ് പൂർത്തിയാക്കി സ്ത്രീജനോദ്ധാരണ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 2012 മുതൽ Sugar, Pressure, varicose vein തുടങ്ങിയ രോഗങ്ങൾ സിസ്റ്ററിൽ കാണപ്പെട്ടിരുന്നു. എങ്കിലും Treatment-മായി സന്തോഷത്തോടെ തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിരുന്നു. 2018–2019 ൽ തന്റെ സന്യാസസമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി തന്റെ സഹസഹോദരിമാരോടൊപ്പം പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആഘോഷിച്ചു.

സിസ്റ്റർ ചെറുപുഴയിൽ ആയിരുന്ന അവസരത്തിൽ സിസ്റ്ററിന്റെ ബ്രസ്റ്റിൽ ഒരു സിസ്റ്റ് ഉണ്ടെന്നറിയുകയും സിസ്റ്ററിനെ ചെറുപുഴയിൽ നിന്ന് തുടർന്നുള്ള ചികിൽസക്കായി അന്നത്തെ പ്രൊവിൻഷ്യൽ, മദർ പരിമള പ്രൊവിൻഷ്യൽ ഹൗസിൽ കൊണ്ടുവരുകയും തുടർന്ന് 2019 October 14-ാം തീയതി കോഴിക്കോട് പി.വി.എസ് ഹോസ്പിറ്റലിൽ കാണിച്ചപ്പോൾ അത് ക്യാൻസർ എന്ന രോഗം ആണെന്ന് നിർണ്ണയിക്കുകയും ചെയ്തു. തുടർന്ന് കീമോ, മറ്റ് Treament കൾ ആരംഭിച്ചു. ഡിസംബർ 14-ാം തീയതി സിസ്റ്ററിന് ഒരു നേഴ്സിന്റെ സഹായം അത്യാവശ്യമാണെന്ന് മനസ്സിലാക്കി മൂലങ്കാവ് പീസ് ഹോമിലേക്ക് മാറ്റി. 2019 മുതൽ

മരണംവരെ സമയാസമയങ്ങളിൽ ബഹു. മദർ തേജസ് ആശുപത്രിയിൽ കൊണ്ടുപോകാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യുകയും, വേണ്ട ശുശ്രൂഷകൾ നൽകുകയും ചെയ്തു പോന്നു.

2023 നവംബർ മാസം മുതൽ സിസ്റ്ററിന്റെ രോഗം ശരീരം മുഴുവനും വ്യാപിച്ചതിനാൽ 09/11/2023 ന് വൈകന്നേരം 7:30 ന് ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത തൈലാഭിഷേകം നല്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കൂദാശകളെല്ലാം ബോധപൂർവ്വം സ്വീകരിച്ച് തന്റെ സ്വർഗ്ഗയാത്രക്കായി ഒരുങ്ങുവാൻ സിസ്റ്ററിന് അവസരം ലഭിച്ചു. രോഗം മൂർഛരിച്ചപ്പോൾ നിരവധി വൈദീകരും, സിസ്റ്റേഴ്സും, ബന്ധുജനങ്ങളും, ഇടവകാംഗങ്ങളും വന്ന് സിസ്റ്ററിനെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു.

2024 ജനുവരി 27 -ാം തീയതി സിസ്റ്റർ ബോധപൂർവ്വം വി. കുർബാന സ്വീകരിച്ചു എങ്കിലും സിസ്റ്ററിന് അസ്വസ്ഥതകൾ വർദ്ധിച്ചതിനാൽ സിസ്റ്റേഴ്സ് മാറി മാറി സിസ്റ്ററിനോടൊപ്പം പ്രാർത്ഥനാനിരതരായി കഴിയവെ രാവിലെ 10:00 മണിക്ക് ചൊല്ലികൊടുത്ത പ്രാർത്ഥനകൾ ഉരുവിട്ടു കൊണ്ട് സിസ്റ്ററിന്റെ പാവനാത്മാവ് തന്റെ ആത്മനാഥന്റെ സന്നിധിയിലേക്ക് ശാന്തമായി പറന്നുയർന്നു. മരണവിവരം അറിഞ്ഞ നിമിഷം തന്നെ ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാ പ്പോലീത്തായും, ബഹുമാന്യരായ വൈദികരും, സന്യസ്തരും, കടന്ന് വരുകയും, പ്രാർത്ഥിക്കുകയും സിസ്റ്ററിന്റെ ഭൗതീക ശരീരം കൽപ്പറ്റ ഫാത്തിമ ഹോസ്പ്പിറ്റലിലെ മോർച്ചറിയിലേക്ക് മാറ്റുകയും ചെയ്തു.

29/01/2024 ന് ഉച്ചയ്ക്ക് സിസ്റ്ററിന്റെ മൃതശരീരം ഫാത്തിമ ഹോസ്പിറ്റലിൽ നിന്ന് തിരികെ കൊണ്ട് വന്ന് മൂലങ്കാവ് ഫോർമേഷൻ ഹൗസ് ചാപ്പലിൽ ക്രമീകരിച്ചിരുന്ന മൊബൈൽ മോർച്ചറിയിലേക്ക് മാറ്റുകയും ചെയ്തു. തുടർന്നുള്ള സമയവും, രാത്രി മുഴുവനും സിസ്റ്റേഴ്സ് സിസ്റ്ററിന്റെ ഭൗതീക ശരീരത്തി നരികിൽ പ്രാർത്ഥനാനിരതരായി ഉണ്ടായിരുന്നു. മദർ ജനറൽ, മദർ ആർദ്ര ഉൾപ്പെടെ ഒത്തിരി ദൈവവിളിയുള്ള കുടുംബം ആയതിനാൽ

കുടുംബാംഗങ്ങളായ വൈദികർ, സിസ്റ്റേഴ്സ് ഒന്ന് ചേർന്ന് 30-ാം തീയതി രാവിലെ 6.45 ന് സിസ്റ്ററിന് വേണ്ടി സമൂഹബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് സിസ്റ്ററിന്റെ ഭൗതീകശരീരം കാണുന്നതിനും, പ്രാർത്ഥിക്കുന്നതിനും, മറ്റ് ശുശ്രൂഷകൾ നടത്തുന്നതിനുമായി നിരവധി വൈദീകരും, സിസ്റ്റേഴ്സും, ബന്ധുമിത്രാദികളും സിസ്റ്റർ പ്രവർത്തിച്ച വിവിധ മേഖലകളിൽ നിന്നുള്ളവരും വന്നിരുന്നു. ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ അസാന്നിധ്യത്തിൽ രാവിലെ 10.30 ന് പുത്തൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തയുടെ കാർമ്മീകത്വത്തിൽ നിരവധി വൈദീകർ, ബഹു. മദർ ജനറൽ മദർ ആർദ്ര, ബഹു. മദർ പ്രൊവിൻഷ്യൽ മദർ തേജസ്, സിസ്റ്റേഴ്സ്, വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള സിസ്റ്റേഴ്സ്, ബന്ധുമിത്രാദികൾ എന്നിവരുടെ സാന്നിധ്യത്തിൽ അഭിവന്ദ്യ പിതാവ് അനുശോചന സന്ദേശം നൽകുകയും, മൂല ങ്കാവു ഫോർമേഷൻ ഹൗസിനോട് ചേർന്നുള്ള സെമിത്തേരിയിൽ സിസ്റ്ററിന്റെ ഭൗതീക ശരീരം സംസ്ക്കരിക്കുകയും ചെയ്തു.

കുശവന്റെ കൈയിൽ കളിമണ്ണ് പോലെയാണ് സ്രഷ്ടാവിന്റെ കൈയിൽ മനുഷ്യൻ. അവിടുന്ന് തന്റെ ഇഷ്ടമനുസരിച്ച് പ്രവർ ത്തിക്കുന്നു. (പ്രഭാ 33/13) സിസ്റ്റർ പ്രശാന്തയുടെ സഹനത്തിലൂടെ സ്ഫുടം ചെയ്തെടുത്ത ജീവിതം സിസ്റ്റർ കർത്താവിന്റെ കൈയിലെ കളിമണ്ണ് പോലെയായിരുന്നു. രോഗക്കിടക്കയിൽ തീരെ അവശത യിൽ ആയിരുന്ന അവസരത്തിൽ, തന്റെ വേദനകളെയും പ്രയാസ ങ്ങളെയും മറന്നുകൊണ്ട് സന്തോഷത്തോടെ മറ്റുള്ളവരോട് സംസാരിക്കുകയും ഇടപെടുകയും ചെയ്തിരുന്നു. കഠിനവേദന യിലും ക്ഷമയും ശാന്തതയും കൈവിടാതെ സുകൃതജപം ഉരുവിടു കയും, ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

വൈദികർ, മദർ ജനറൽ അടക്കമുള്ള സന്യാസിനികൾ എന്നിങ്ങനെ ഒരുപാട് ദൈവവിളികൾ നൽകി അനുഗ്രഹിക്കപ്പെട്ട കുടുംബമായതിനാൽ അഭിവന്ദ്യ പിതാക്കന്മാരോടും, വൈദിക രോടും സമൂഹാധികാരികളോടും പ്രത്യേകമായ ആദരവും, സ്നേഹവും, വിധേയത്വവും സിസ്റ്റർ പ്രകടിപ്പിച്ചിരുന്നു. എന്തു

പ്രശ്നവും ധൈര്യപൂർവ്വം നേരിടാനുള്ള പ്രാപ്തിയും ദൈവാശ്രയവും സിസ്റ്ററിൽ കണ്ടിരുന്നു. എപ്പോഴും പ്രസന്നമായ മുഖം, സംതൃപ്ത മനോഭാവം, മാതൃതുല്യമായ സ്നേഹം, ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള ശ്രദ്ധയും, താൽപര്യവും ഒക്കെ സിസ്റ്ററിന്റെ പ്രത്യേകതകളായിരുന്നു. നല്ല ഒരു Drawing Teacher ആയിരുന്നുകൊണ്ട് അനേക കുഞ്ഞുങ്ങൾക്ക് കലയും, ദിശാബോധവും പകർന്ന് നൽകുവാൻ സിസ്റ്റർ സർവ്വാത്മനാ പരിശ്രമിച്ചിരുന്നു. സ്നേഹമുള്ള സിസ്റ്റർ പ്രശാന്ത, ഒരു സത്യം ബഥനി മക്കൾ ഓർക്കുന്നു. മരണം കൊണ്ടുപോകാത്ത ഒന്നേയുള്ളു ഭൂമിയിൽ. അത് മറ്റുള്ളവരുടെ ഉള്ളിൽ അങ്ങ് പതിച്ച പുഞ്ചിരി... ദൈവം നൽകിയ സഹനത്തിന്റെ കാസാ, സന്തോഷത്തോടെ ഏറ്റുവാങ്ങി, ബഥനിയുടെ ഐശ്വര്യമായി ജീവിച്ച്, ഭാവി തലമുറക്ക് മാതൃക നൽകികൊണ്ട് നിത്യ സമ്മാനത്തിനായി നാഥന്റെ പക്കലേക്ക് വിളിക്കപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ സി. പ്രശാന്ത, സമാധാനത്തോടെ വസിച്ചാലും...... സിസ്റ്ററിന്റെ പാവനാത്മാവിന് ബഥനി മക്കളുടെ പ്രാർത്ഥനാപൂർവ്വമായ ഒരായിരം ആദരാഞ്ജലികൾ......................

# സിസ്റ്റർ തബീത്ത എസ്.ഐ.സി.

ജനനം: 23/10/1944 മരണം: 02/02/2024

ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്ക് സമ്മാനിക്കും (2 തിമോത്തി 4/7) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അന്വർത്ഥമാക്കി കൊണ്ട് സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് കടന്നുപോയ വാടാമലരാണ് സി. തബീത്ത.

തന്റെ 80 വർഷത്തെ ഇഹലോക ജീവിത യാത്രയിൽ 58 വർഷക്കാലം ബഥനിയുടെ ആരാമത്തിൽ, ജീവിതത്തിന്റെ ആഘാതങ്ങളിൽപെട്ട് തകർന്നുപോയവർക്ക് സുവിശേഷത്തിന്റെ മാധുര്യമാകാൻ സ്വയം സമർപ്പിച്ചവൾ... പാഠശാലകളിൽ കുരുന്നു ഹൃദയങ്ങളിൽ ജ്ഞാനാംബരം തീർത്ത അക്ഷര ജ്യോതിസ്സ്... ജീവിതത്തോട് വിശ്വസ്തതയും, ഉത്തരവാദിത്വവും, നിഷ്ഠയും പുലർത്തിയ സമർപ്പിത... തന്റെ സന്ന്യാസ സമർപ്പണം വഴി മലങ്കരസഭാമക്കളുടെ ജീവിതത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു പ്രകാശപൂരിതയാക്കിവൾ... ഇപ്രകാരം തന്റെ ജീവിതത്തിന്റെ ഓട്ടം പൂർത്തിയാക്കി സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് പറന്നുയർന്ന ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട സിസ്റ്റർ തബീത്തക്ക് പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

പത്തനംതിട്ട ജില്ലയിൽ പന്തളം വടക്കേക്കര കുളനട, കുഴിപാറ വീട്ടിൽ പരേതരായ പീലിപ്പോസ് തോമസിന്റെയും, അന്നമ്മ തോമസിന്റെയും 6 മക്കളിൽ 5-ാമത്തെ മകളായി 1944 ഒക്ടോബർ 23-ാം തീയതി ശോശാമ്മ ജനിച്ചു. 1944 ഡിസംബർ 24- ാം തീയതി ഉള്ളന്നൂർ സെന്റ് മേരിസ് കത്തോലിക്കാ പള്ളിയിൽ വെച്ച് മാമ്മോദീസായും, മൂറോനഭിഷേകവും നടത്തി സൂസന്ന എന്ന മാമ്മോദീസാപ്പേര് സ്വീകരിച്ചു.

കൈപ്പുഴ ഗിരിദീപം L.P.School, R. R. U.P School ഉള്ളന്നൂർ, P.H School മെഴുവേലി എന്നീ സ്കൂളുകളിൽ പഠിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി 1963 ജൂണിൽ സന്യാസ ജീവിത ത്തിലൂടെ തന്റെ ജീവിതം ദൈവത്തിന് സമർപ്പിക്കാനാഗ്രഹിച്ച് നാലാഞ്ചിറ ബഥനി മഠത്തിൽ സന്യാസാർത്ഥിനിയായി പ്രവേശിച്ചു. സിസ്റ്റർ അനസ്താസിയായുടെയും, സിസ്റ്റർ വിമലയുടെയും ശിക്ഷണത്തിൽ സന്യാസ പരിശീലനത്തിന്റെ അർത്ഥിനി പദവും, യോഗാർത്ഥിനി പദവും, സി. വിൻസെന്റിന്റെ നേതൃത്വത്തിൽ നോവിഷ്യേറ്റ് പരിശീലനവും പൂർത്തിയാക്കി. 1966 മെയ് 3-ാം തീയതി, നാലാഞ്ചിറ ബഥനി മഠത്തിൽ വെച്ച് ബഹു. മദർ പ്രൊവിൻഷ്യൽ, മദർ ശ്ലോമ്മോയുടെ സാന്നിധ്യത്തിൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് സഭാ വസ്ത്രം സ്വീകരിച്ച് ആദ്യ വ്രതവാഗ്ദാനം ചെയ്ത്, സിസ്റ്റർ തബീത്ത എന്ന സന്യാസ നാമം സ്വീകരിച്ചു. 1972 ഓഗസ്റ്റ് 9-ാം തീയതി, നിത്യവ്രതവാഗ്ദാനം ചെയ്ത് ദൈവത്തിനും ദൈവജന ത്തിനുമായി തന്നെത്തന്നെ പൂർണ്ണമായി പ്രതിഷ്ഠിച്ചു.

1966-ൽ പട്ടം സെന്റ് മേരിസ് സ്ക്കൂളിൽ ൽ വെച്ച് TTC പഠനം പൂർത്തിയാക്കി 1968 ൽ കുറവൻകോണം മഠാംഗമായി പേരൂർക്കട LP സ്കൂളിൽ അധ്യാപികയായി സേവനം ചെയ്തു. 1969-ൽ നാലാഞ്ചിറ, സെന്റ് ഗൊരേത്തി സ്ക്കൂളിലും, 1975-ൽ പുത്തൻപീടിക LP സ്കൂളിലും, 1977 ൽ പെരുനാട് UP സ്കൂളിലും അധ്യാപികയായി വളരെ സ്തുത്യർഹമായ സേവനം ചെയ്തു. 1979-ൽ ബത്തേരി രൂപത രൂപം കൊണ്ട അവസരത്തിൽ സ്കൂളിൽ നിന്ന് 3 വർഷത്തേക്ക് അവധിയെടുത്ത് നടുവിൽ നവോദയം സെന്ററിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സജീവ പ്രവർത്ത കയായി സേവനം ചെയ്തു. 1980-ൽ ബത്തേരി പ്രോവിൻസ് രൂപം കൊണ്ടപ്പോൾ ബാലാരിഷ്ടതകളിലൂടെ നീങ്ങുന്ന ബത്തേരി രൂപതയിൽ ശുശ്രൂഷ ചെയ്യുന്നതിനായി സിസ്റ്റർ ബത്തേരി പ്രോവിൻസിലേക്ക് opt ചെയ്തു.

1984 ൽ മാമാങ്കരയിൽ ആരംഭിച്ച സെന്റ് മേരീസ് യു.പി സ്കൂളിന്റെ Headmistress ആയി വീണ്ടും സ്കൂളിലെ സേവനം

തുടർന്ന് വളരെ പ്രശസ്തിയോടുകൂടിയും ഉത്തരവാദിത്വത്തോടു കൂടിയും സിസ്റ്റർ ചുമതല വഹിച്ചു. നാനാജാതി മതസ്ഥരു ടെയിടയിൽ അവരെ യോജിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു സിസ്റ്റർ. സിസ്റ്ററിന്റെ നേതൃത്വത്തിൽ സ്ക്കൂൾ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു. അതോടൊപ്പം ഒരു നേഴ്സറി സ്ക്കൂളും ആരംഭിച്ചു.

1988 മുതൽ സിസ്റ്ററിന്റെ കർമ്മരംഗം ബത്തേരിയിലേക്ക് മാറി കോളിയാടിയിലെ മാർ ബസേലിയോസ് UP സ്കൂളിന്റെ Headmistress ആയി ജോലി ഏറ്റെടുത്തു. 1991-ൽ ബത്തേരി രൂപതയിലെ മാതൃവേദിയുടെ രൂപതാ ആനിമേറ്റർ ആയും സേവനമനുഷ്ഠിച്ചു. തന്റെ കർമ്മ രംഗങ്ങളിൽ പേരും പെരുമയും നിലനിർത്തി അർപ്പണബോധത്തോടെ സിസ്റ്റർ സേവനം ചെയ്തു. 1998 ഏപ്രിൽ മാസത്തിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സി സിൽ സിസ്റ്ററിനെ സെക്കന്റ് കൗൺസിലറായി തെരഞ്ഞെ ടുത്തു. 1998 നവംബറിൽ കോളിയാടി സ്കൂളിൽ നിന്ന് Voluntary retirement എടുത്ത് മുഴുവൻ സമയവും മിഷൻ രംഗത്ത് പ്രവർത്തിച്ചു. ധന്യൻ മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്ത ബഥനിയുടെ കാരിസത്തിൽ ഒന്നായ സ്ത്രീജനോദ്ധാരണ പ്രവർത്തനത്തിൽ സഭക്ക് ഏറെ സംഭാവനകൾ നൽകി. സ്ത്രീ കൾക്ക് വേണ്ടിയുള്ള പല മീറ്റിംഗുകളിലും രൂപതയ്ക്ക് അകത്തും പുറത്തും സിസ്റ്ററിനെ ക്ഷണിക്കുകയും ക്ലാസ്സുകൾ നൽകുകയും ചെയ്തിരുന്നു. ഇടവകകൾ തോറും പോയി ഭവന സന്ദർശനം നടത്തുകയും ജനങ്ങളെ ഒന്നിച്ചുചേർത്ത് ബോധവൽക്കരണം നൽകുകയും ചെയ്തു. സമൂഹത്തിന്റെ എല്ലാ പ്രവർത്തന രംഗങ്ങളിലും നേതൃത്വം വഹിക്കുകയും ചെയ്തു പോന്നു. സിസ്റ്റർ നല്ല ഒരു മിഷനറി ആയിരുന്നു എന്നുള്ളത് ബഥനി മക്കൾ അഭിമാനത്തോടെ ഓർമ്മിക്കുന്നു. ബത്തേരി പ്രോവിൻസിലെ സ്ക്കൂളുകളുടെ മാനേജർ ആയും സിസ്റ്റർ സേവനം അനുഷ്ഠി ച്ചിരുന്നു. 2001 ഏപ്രിൽ മാസത്തിൽ നടന്ന 6-ാമത് പ്രൊവിൻഷ്യൽ സിനാക്സിസിൽ സിസ്റ്റർ, പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു.

2002 ൽ വിദേശത്ത് ജോലി ചെയ്യുന്ന സിസേഴ്സിനെ വിസിറ്റ് ചെയ്യുവാൻ പോയ അവസരത്തിൽ റോമിൽ പോയി പരിശുദ്ധ പിതാവ്, സെന്റ് ജോൺ പോൾ സെക്കന്റിന്റെ അനുഗ്രഹം വാങ്ങുകയും ചെയ്തു. ഡൽഹിയിൽ നടന്ന ബാഹ്യകേരള MCYM സമ്മേളനത്തിലും, ഗുജറാത്തിൽ നടന്ന ബാഹ്യ കേരള മലങ്കര കൺവൻഷനിലും പ്രസംഗിച്ച് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. മാത്രമല്ല ബത്തേരി രൂപതയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്ന ഹോം മിഷനിൽ സമർപ്പണ ഭാവത്തോടെ തന്റെ ശുശ്രൂഷ കാഴ്ച വെച്ചു. അതിനു ശേഷം ബത്തേരി രൂപതയിലെ ബാലദീപത്തിന്റെ Co-ordinator ആയും, കുപ്പാടി തൃപ്പാദത്തിന്റെ ചുമതല വഹിച്ചും അവരുടെ മാനസിക, ശാരീരിക, ആദ്ധ്യാത്മീക കാര്യങ്ങളിലുള്ള വളർച്ചയിൽ സിസ്റ്റർ ശ്രദ്ധ ചെലുത്തിയിരുന്നു.

2008 ൽ MRC മലബാർ റീജിയന്റെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു. 2010 ഫെബ്രുവരി മുതൽ പുതുതായി ആരംഭിച്ച ബറോഡ മിഷൻ ഹൗസിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ട് ഒരു വർഷകാലം മിഷനിൽ സേവനം അനുഷ്ഠിച്ചു. 2011–ൽ അത്യഭിവന്ദ്യനായ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്ക ബാവ തിരുവനന്തപുരം അതിരൂപതയിലേക്ക് ആർകെയ്വ്സിൽ ജോലി ചെയ്യുവാനായി ക്ഷണിക്കുകയും ആ ജോലി തന്നാൽ കഴിയുംവിധം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. 2014 ൽ ബഥനി ക്യാമ്പസ് മിനിസ്ട്രിയുടെ ഭാഗമായി, **എന്ന് സ്വന്തം ആനി** എന്ന ഡോക്കുമെന്ററിയുടെ നിർമ്മാണത്തിന് മുൻകൈ എടുത്ത് എല്ലാ സ്ക്കൂളുകളിലും പ്രദർശിപ്പിക്കുകയും ചെയ്തു.

തന്റെ ആദ്യ വ്രതവാഗ്ദാനത്തിന് ശേഷം സിസ്റ്ററിന്റെ കർമ്മരംഗങ്ങൾ നാലാഞ്ചിറ, പെരുനാട്, നടുവിൽ, മാമങ്കര, പ്രൊവിൻഷ്യൽ ഹൗസ്, ആയ്യങ്കൊല്ലി, ഗുജറാത്ത്, ബറോഡ മിഷൻ, കുപ്പാടി, തിരുവനന്തപുരം കാതോലിക്കേറ്റ്, ബഥനി ഹോം, കോട്ടയം ജനറലേറ്റ്, മൂലങ്കാവ് പീസ് ഹോം, എന്നീ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് സഭയ്ക്കും, സമൂഹത്തിനും വ്യത്യസ്ഥമായ

ശുശ്രൂഷ ചെയ്ത് തന്റെ ജീവിതം കാഴ്ചവെച്ചു. ജീവിതത്തിന്റെ നല്ലൊരു കാലയളവിൽ സ്ക്കൂൾ അദ്ധ്യാപികയായും, പ്രധാന അദ്ധ്യാപികയായും, ഹോസ്റ്റൽ വാർഡൻ ആയും, സുപ്പീരിയറായും, അതുപോലെ തന്നെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും, പ്രൊവിൻഷ്യൽ കൗൺസിലർ ആയും, വളരെ സ്തുത്യർഹമായ സേവനം ചെയ്ത് തന്നെ ഏൽപ്പിച്ച ദൗത്യം വിജയകരമായി പൂർത്തിയാക്കി. അധ്യാപനം തന്റെ ജീവിതവ്രതമാക്കി അനേകം കുഞ്ഞുങ്ങൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുവാൻ, തന്റെ ഉള്ളും, ഉള്ളതും, അസ്ഥിയും, അസ്തിത്വവും അനേക ജീവിതങ്ങൾക്ക് പങ്കിട്ട് നല്കുവാൻ സിസ്റ്റർ സർവ്വാത്മനാ പരിശ്രമിച്ചിരുന്നു. ഓരോരുത്തരോടുമുള്ള സിസ്റ്ററിന്റെ കരുതലും, സ്നേഹവും എടുത്തു പറയേണ്ട മറ്റൊരു സവിശേഷതയാണ്.

2016 ഏപ്രിലിൽ സിസ്റ്ററിന്റെ സന്യാസ സമർപ്പണത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുകയുണ്ടായി. 2023-ൽ സിസ്റ്ററിന് മറ്റൊരാളുടെ സഹായം ആവശ്യമാണെന്ന് മനസ്സിലാക്കി മൂലങ്കാവ് പീസ് ഹോമിലേക്ക് മാറ്റുകയും, അവിടെ പലരോഗങ്ങളും അസ്വസ്ഥതകളുമായി Treatment-ൽ കഴിയവെ കൂടുതൽ ക്ഷീണം അനുഭവപ്പെട്ടതിനാൽ 26/12/2023-ൽ രാവിലെ 9:30-ന് ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത തൈലാഭിഷേകം നല്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കൂദാശകളെല്ലാം ബോധപൂർവ്വം സ്വീകരിച്ച് തന്റെ സ്വർഗ്ഗയാത്രക്കായി ഒരുങ്ങുവാൻ സിസ്റ്ററിന് അവസരം ലഭിച്ചു. ശാരീരിക അസ്വസ്ഥതകൾ വർദ്ധിച്ചപ്പോൾ നിരവധി വൈദീകരും, സിസ്റ്റേഴ്സും, ബന്ധുജനങ്ങളും, ഇടവകാംഗങ്ങളും വന്ന് സിസ്റ്ററിനെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഫെബ്രുവരി 2-ാം തീയതി ബഹു. സിസ്റ്റേഴ്സ് പ്രാർത്ഥനാ നിരതരായി സിസ്റ്ററിനോടൊപ്പം ഉണ്ടായിരുന്ന അവസരത്തിൽ അതിരാവിലെ 12:30 ന് പെട്ടെന്ന് അസ്വസ്ഥതകൾ ഉണ്ടാകുകയും ഒരു glass വെള്ളം കുടിച്ച്, ദിവ്യനാഥന്റെ സന്നിധിയിലേക്കുള്ള തന്റെ യാത്രയുടെ വേഗത മനസ്സിലാക്കി സിസ്റ്റർ തബീത്ത സിസ്റ്റേഴ്സിനെ നോക്കി നന്ദി...എല്ലാവർക്കും നന്ദി ...എല്ലാറ്റിനും

നന്ദി.... എന്ന് പറഞ്ഞുകൊണ്ട് സിസ്റ്ററിന്റെ പാവനാത്മാവ് തന്റെ ആത്മനാഥന്റെ സന്നിധിയിലേക്ക് ശാന്തമായി പറന്നുയർന്നു. മരണവിവരം അറിഞ്ഞ നിമിഷം തന്നെ ഫോർമേഷൻ ഹൗസ് ചാപ്ലയിൻ ബഹു: ബെന്നി പനച്ചിപറമ്പിൽ അച്ചനും, ബഹു മദറും, സിസ്റ്റേഴ്സും കടന്നു വരുകയും പ്രാർത്ഥിക്കുകയും സിസ്റ്ററിന്റെ ഭൗതീക ശരീരം കൽപ്പറ്റ ഫാത്തിമ ഹോസ്പ്പിറ്റലിലെ മോർച്ചറിയിലേക്ക് മാറ്റുകയും ചെയ്തു. ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തയും മരണവിവരം അറിഞ്ഞപ്പോൾ മദറിനെ വിളിക്കുകയും, ഞങ്ങൾക്ക് വേണ്ട എല്ലാ നിർദ്ദേശങ്ങളും, പ്രാർത്ഥനയും, ആശ്വാസവും, സഹായവും, നൽകി ഞങ്ങളെ ബലപ്പെടുത്തുകയും ചെയ്തു. അന്ന് തന്നെ ഉച്ചയോട് കൂടി സിസ്റ്ററിന്റെ മൃതശരീരം ഫാത്തിമ ഹോസ്പിറ്റലിൽ നിന്ന് തിരികെ കൊണ്ട് വന്ന് മൂലങ്കാവ് ഫോർമേഷൻ ഹൗസ് ചാപ്പലിൽ ക്രമീകരിച്ചിരുന്ന മൊബൈൽ മോർച്ചറിയിലേക്ക് മാറ്റുകയും പകലും, രാത്രി മുഴുവൻ സിസ്റ്ററിന്റെ ഭൗതീക ശരീരത്തിനരികിൽ പ്രാർത്ഥനയോടെ സിസ്റ്റേഴ്സ് ആയി രിക്കുകയും ചെയ്തു.

വിവരം അറിഞ്ഞു സി. തബീത്തയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി അത്യുന്നത കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്ക ബാവ തിരുമേനിയും, ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലിത്തയും സി.ബി.സി.ഐ മീറ്റിങ്ങ് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ബാംഗ്ലൂരിൽ നിന്ന് വന്നു. 3/2/2024 ന് രാവിലെ 7 മണിക്ക് സിസ്റ്ററിന് വേണ്ടി റവ. മോൺസിഞ്ഞോർ സെബാസ്റ്റിൻ കീപ്പള്ളി കോർ എപ്പിസ്കോപ്പ അച്ചന്റെ മുഖ്യ കാർമികത്വത്തിൽ, റവ. ഡോ ജേക്കബ് ഒലിക്കൽ, ഫോർമേഷൻ ഹൗസ് ചാപ്ലയിൻ ബഹു: ബെന്നി പനച്ചിപറമ്പിൽ അച്ചൻ, മറ്റ് വൈദീകർ ചേർന്ന് സമൂഹ ബലി അർപ്പിച്ച് പ്രർത്ഥിച്ചു. അന്നേ ദിവസം രാവിലെ 10.30ന് ബത്തേരി രൂപതാധ്യക്ഷൻ, അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവിന്റെ കാർമ്മികത്വത്തിൽ, ബത്തേരി രൂപതയിലെയും, അയൽ രൂപതകളിലെയും ധാരാളം വൈദീകർ, ബഹു. മദർ ജനറൽ മദർ ആർദ്ര, ബഹു.മദർ പ്രൊവിൻഷ്യൽ മദർ തേജസ്, കൗൺസിലേഴ്സ്,

സന്യസ്തർ, ജനപ്രതിനിധികൾ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ, അധ്യാപക അനധ്യാപകർ, സ്നേഹിതർ, പരിചയക്കാർ, ശിഷ്യഗണം, ദൈവജനം എന്നിവർ സിസ്റ്ററിനു അന്തിമോപചാരം അർപ്പിക്കുകയും, അവരുടെ സാന്നിധ്യത്തിൽ ശുശ്രുഷകൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് അനുശോചന സന്ദേശം നൽകുകയും, മൂലങ്കാവു ഫോർമേഷൻ ഹൗസിനോട് ചേർന്നുള്ള സെമിത്തേരിയിൽ സിസ്റ്ററിന്റെ ഭൗതീക ശരീരം സംസ്ക്കരിക്കു കയും ചെയ്തു.

ബഥനിയുടെ മുഴങ്ങുന്ന ശബ്ദമായിരുന്നു സിസ്റ്റർ തബീത്ത. ബത്തേരി പ്രോവിൻസ് ഇന്ന് ഈ നിലയിൽ വളർന്നതിന്റെ പിന്നിൽ സിസ്റ്ററിന്റെ ത്യാഗപൂർണ്ണമായ ജീവിതവും, കഠിനാദ്ധ്വാനവും, ദീർഘവീക്ഷണവും നമുക്ക് കാണുവാൻ കഴിയും. ചുരുക്കി പറഞ്ഞാൽ സി. തബീത്ത തന്റെ ആരോഗ്യവും, സമയവും, കഴിവുകളും സർവശക്തിയും സമൂഹത്തിന്റെ അഭ്യുന്നതിക്കു വേണ്ടി പൂർണ്ണമായി സമർപ്പിച്ചിരുന്നു. ബത്തേരി പ്രോവിൻസിന്റെ ആത്മീയവും ഭൗതീകവുമായ നന്മക്കായി സിസ്റ്റർ സഹിച്ചിട്ടുള്ള ത്യാഗങ്ങൾ, പ്രാർത്ഥനകൾ, ചെയ്തിട്ടുള്ള സേവനങ്ങൾ, പകർന്നു തന്ന വിശ്വാസതീക്ഷ്ണത, കാണിച്ചു തന്നിട്ടുള്ള മാതൃകകൾ എല്ലാം നമുക്ക് മനസ്സിൽ സൂക്ഷിക്കാം. സന്ന്യാസ ജീവിതനിഷ്ഠ, ദൈവികമായ കാഴ്ചപ്പാട്, പ്രാർത്ഥനാജീവിതം, സ്നേഹം, കരുതൽ, സഭയോടും, സമൂഹത്തോടുമുള്ള പ്രതിബദ്ധത, മിഷൻ ആഭിമുഖ്യം, പിതാക്കന്മാരോടും, വൈദികരോടും, അധികാരികളോടുമുള്ള ബഹുമാനം, വിധേയത്വം ഇവയെല്ലാം സ്വജീവിതത്തിൽ കൈമുതലാക്കി ഇളം തലമുറയ്ക്ക് മാതൃകയും പ്രചോദനവും നൽകി, സ്വർഗീയപിതാവ് തനിക്ക് വേണ്ടി ഒരുക്കിയ നിത്യ സമ്മാനത്തിനായി കർത്തൃസന്നിധിയിലേക്ക് കടന്നുപോയ ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ സി. തബീത്ത, സമാധാനത്തോടെ വസിച്ചാലും...... സിസ്റ്ററിന്റെ പാവനാത്മാവിന് ബഥനി മക്കളുടെ പ്രാർത്ഥനാപൂർവ്വമായ ഒരായിരം ആദരാഞ്ജലികൾ......................

# സി. നാഹീർ എസ്.ഐ.സി

ജനനം: 28/11/1943 മരണം: 04/03/2024

"സ്നേഹം സഹനത്തെ മധുരമാക്കുന്നു. സഹനം സ്നേഹ ത്തെയും ". ആകുലതകളും കണക്കുകൂട്ടലുകളുമില്ലാതെ പരമ പിതാവ് നിശ്ചയിച്ചിടത്തോളം കാലങ്ങൾ ക്ഷമയോടെ സഹനങ്ങളെ സ്വീകരിച്ച് നിത്യതയെ പുൽകുന്നത് പുണ്യമാർന്ന ജീവിതങ്ങളാണ്. ഇവിടെ അങ്ങനെ ഒരാൾ തന്റെ സമർപ്പണ ജീവിതത്തിന്റെ 57 വർഷ ങ്ങൾ ജീവിച്ചിരുന്നു. അടുത്തുചെല്ലുന്ന ഏവരേയും നിറഞ്ഞ ചിരി യോടെ സ്വീകരിച്ചുകൊണ്ട്.... സി. നാഹീർ

ഇളമാട് തട്ടാരഴികത്തു പുത്തൻവീട്ടിൽ പരേതരായ റ്റി. ജി. അലക്സാണ്ടറിന്റേയും കുഞ്ഞമ്മ അലക്സാണ്ടറിന്റേയും സീമന്ത പുത്രിയായി 1943 നംവംബർ 28 നാണ് ഗ്രേസിക്കുട്ടി ജനിച്ചത്. വീട്ടിൽ വച്ചുതന്നെ വിശ്വാസവഴികളിലൂടെ ഗ്രേസിക്കുട്ടി നടക്കാ നാരംഭിച്ചു. രണ്ടു സഹോദരിമാർകൂടി ഗ്രേസിക്ക് ഉണ്ടായിരുന്നു. 1949 മുതൽ ആദിച്ചനല്ലൂർ, ഇളമാട്, ആയൂർ, വാളകം എന്നിവിട ങ്ങളിലായി പഠന കാലം പൂർത്തിയാക്കി. പുനരൈക്യത്തിന്റെ ശംഖൊലികൾ കേരളമെങ്ങും അലയടിക്കുന്ന ഒരു കാലമായിരുന്നു അത്. കൊല്ലം പ്രദേശങ്ങളിലും ഇത് എത്തിച്ചേർന്നു. കുടുംബാംഗ ങ്ങൾ എല്ലാവരും കത്തോലിക്കാ സഭയിലേക്ക് ചേരുന്നതിന് ആലോ ചിച്ച് ആയൂർ പള്ളിയിൽ ചേരാൻ തീരുമാനിച്ചു. എന്നാൽ ഗ്രേസി ക്കുട്ടിക്ക് ഇത് അല്പം പോലും ഉൾക്കൊള്ളാനായില്ല. താൻ കത്തോ ലിക്കാ സഭയിലേക്കില്ല എന്ന ഉറച്ച തീരുമാനത്തിൽതന്നെ ഗ്രേസി ക്കുട്ടി തുടർന്നു. ആ സമയത്ത് ഗ്രേസികുട്ടി മുഖത്തലയിലെ അമ്മ വീടായ വേളിക്കാട്ട് പുത്തൻവീട്ടിലേക്ക് അയക്കപ്പെട്ടു. അവിടെ കപ്പൂ ച്ചിയൻ ആശ്രമവും പള്ളിയുമാണ് തൊട്ടടുത്ത അയൽപക്കം. കൊല്ലം പ്രദേശം കണ്ട ഏറ്റവും തീഷ്ണവാനായ മിഷനറിയായി രുന്ന വന്ദ്യ കത്ബർട്ട് അച്ചൻ (കപ്പൂച്ചിൻ) മിഷൻ പ്രവർത്തനങ്ങൾ നടത്തുന്ന കാലം. ഗ്രേസിക്കുട്ടി കത്ബർട്ട് അച്ചനുമായി പരിചയ പ്പെടുകയും തന്റെ മനസിലെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുകയും ചെയ്തു. കത്ബർട്ട് അച്ചനുമായുള്ള

പരിചയം കത്തോലിക്കാ സഭയിലേക്കും സന്യാസത്തിലേക്കുമുള്ള തന്റെ വിളിയെ തിരിച്ചറിയാൻ ഗ്രേസിക്കുട്ടിയെ സഹായിച്ചു. ബഥനിയെക്കുറിച്ചും അച്ചനിലൂടെയാണ് അറിയുന്നത്. കൂടാതെ, മുഖത്തലയിൽ നിന്നും വിവിധ മഠങ്ങളിലേക്ക് പോയ പെൺകുട്ടികളെക്കുറിച്ചും കേട്ടു. അങ്ങനെ 1964 മെയ് മാസത്തിലാണ് ഗ്രേസിക്കുട്ടി നാലാഞ്ചിറ മഠത്തിൽ അർത്ഥിനിയായി എത്തിയത്. ഇവിടെ ഒരു വർഷത്തെ പരിശീലനത്തിനുശേഷം തിരുവല്ലയിൽ പോസ്റ്റുലൻസി പരിശീലനത്തിനായി അയക്കപ്പെട്ടു. തുടർന്ന് വീണ്ടും നാലാഞ്ചിറയിലെത്തി, സി. മോനിക്കായുടെ നേതൃത്വത്തിൽ നോവിഷ്യറ്റ് പരിശീലനം പൂർത്തിയാക്കി. 1967 മെയ് 12 ന് ആദ്യവ്രതാനുഷ്ഠാനം നടത്തി. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്ന് നാഹീർ എന്ന പേരും സ്വീകരിച്ചു. പ്രകാശിക്കുന്നത് എന്നാണ് ഈ പദത്തിനർത്ഥം.

വ്രതാനുഷ്ഠാനശേഷം സിസ്റ്ററിനെ കുറച്ച് കാലത്തേക്ക് കുണ്ടറയിലേക്കും തുടർന്ന് പെരുമ്പുഴയിലേക്കും അയച്ചു. തൊട്ടടുത്ത വർഷം സിസ്റ്ററിനെ ബഥനി ഹോസ്റ്റലിൽ താമസിപ്പിച്ചുകൊണ്ട് നഴ്സറി ട്രെയിനിംഗ് പഠിപ്പിച്ചു. പേരൂർക്കട സ്കൂളിലാണ് സിസ്റ്റർ തന്റെ അദ്ധ്യാപന ജീവിതം ആരംഭിക്കുന്നത്. തുടർന്ന് കുണ്ടറ, അമ്പിളികോണം, ഈരേഴ, കുടശ്ശനാട്, കുരിയോട്, ചന്ദനപ്പള്ളി, വെൺമണി, വട്ടക്കരിക്കം, നാലാഞ്ചിറ ക്രഷ്, കായംകുളം എന്നീ സ്കൂളുകളിലൂടെ കുഞ്ഞുങ്ങളെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചു. വെറുമൊരു അദ്ധ്യാപിക മാത്രമായിരുന്നില്ല സിസ്റ്റർ. തന്റെ മുമ്പിലിരിക്കുന്ന കുഞ്ഞുങ്ങൾ നന്മ നിറഞ്ഞ, അനേകം കഴിവുകൾ ഉള്ള കുട്ടികളാണെന്ന് സിസ്റ്റർ തിരിച്ചറിഞ്ഞിരുന്നു. കുട്ടികളെ ആത്മവിശ്വാസം ഉള്ളവരും ധൈര്യമുള്ളവരുമായി വളർത്തികൊണ്ടു വരുന്നതിന് സിസ്റ്റർ സർവ്വാത്മനാ പരിശ്രമിക്കുമായിരുന്നു. ഒരു അമ്മ മനസ്സോടെ ബോർഡിംഗ് മിസ്ട്രസ്സായും സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ വിദ്യാലയങ്ങൾ കൂടാതെ സഭയുടെ സ്കൂളുകളിലും സിസ്റ്റർ ശുശ്രൂഷ ചെയ്തിരുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടാതെ നല്ലൊരു നഴ്സ് കൂടിയായിരുന്നു സിസ്റ്റർ നാഹീർ. ആദ്യകാലങ്ങളിൽ നാലാഞ്ചിറയിൽ മഠത്തിന്റേതായി ഉണ്ടായിരുന്ന ക്ലിനിക്കിൽ സിസ്റ്റർ സേവനം

ചെയ്തിരുന്നത് ഇപ്പോഴും ഓർക്കുന്നു. പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയുടെ പ്രവർത്തനങ്ങളിലും സിസ്റ്റർ സഹകരിച്ചിരുന്നു. കൂടാതെ, കുറവൻകോണം ചെഷയർഹോമിലും സിസ്റ്ററിന്റെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതിൽ നിന്നും ഒരു സമർപ്പിത എന്ന നിലയിൽ പരിധികളില്ലാത്ത ഒരു വ്യക്തിത്വമായിരുന്നു സിസ്റ്ററിന്റേത് എന്ന് നമുക്ക് മനസിലാക്കാം. തന്നെക്കൊണ്ട് എന്താണോ ആവശ്യം അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള വലിയ ഒരു മനസ് സിസ്റ്ററിനുണ്ടായിരുന്നു.

ഇതിലുപരിയായി ഒരു സമർപ്പിത എന്ന നിലയിൽ തീഷ്ണമതിയായ ഒരു മിഷനറിയായിരുന്നു, സിസ്റ്റർ. താനായിരുന്ന ഇടങ്ങളിലെല്ലാം ഇടവക പള്ളികളിൽ സിസ്റ്റർ സജീവമായി പങ്കുചേർന്നു. വിശ്വാസ പരിശീലനത്തിലും കുഞ്ഞുങ്ങളുടെ രൂപീകരണത്തിലും സിസ്റ്റർ ബദ്ധശ്രദ്ധയായിരുന്നു. അതുപോലെ തന്നെ ഭവന സന്ദർശനത്തിന് സിസ്റ്റർ തന്റെ ജീവിതത്തിൽ വളരെ പ്രാധാന്യം കൊടുത്തിരുന്നു. എല്ലാവരുടേയും ഓർമ്മയിൽ തങ്ങിനിൽക്കുന്നത് സിസ്റ്ററിന്റെ ചിരിയാണ്. നിഷ്കളങ്കമായി ചിരിക്കുന്നതിന് സിസ്റ്ററിന് സാധിക്കുമായിരുന്നു. ആദ്യകാലങ്ങളിലെ ഇല്ലായ്മകളിൽ പങ്കുചേരുകയും മറ്റുള്ളവരുടെ ഇല്ലായ്മകളെ തന്നാലാവും വിധം പരിഹരിക്കുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്നു.

2007 മുതലാണ് സിസ്റ്ററിന് പാർക്കിൻസൺ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയത്. തുടർന്ന് ചികിത്സയും വിശ്രമവും അത്യന്താപേക്ഷിതമായതിനാൽ സിസ്റ്റർ പ്രൊവിൻഷ്യൽ മന്ദിരത്തിലേക്ക് വരുകയും 2024 വരെയുള്ള കാലഘട്ടം അവിടെ ആയിരിക്കുകയും ചെയ്തു. അല്പം ആരോഗ്യമുണ്ടെങ്കിൽ സിസ്റ്റർ സാൻജോസിലെ ഹാളിൽ വന്നിരിക്കുമായിരുന്നു. സിസ്റ്റർ അവിടെ ദീർഘനേരം ചിലവഴിച്ചിരുന്നു. കാരണം അവിടെയിരുന്നാൽ എല്ലാവരേയും കാണുകയും സംസാരിക്കുകയും ചെയ്യാം. അതുപോലെ യാമ പ്രാർത്ഥനകളും മറ്റ് ആത്മീയമായ എല്ലാ ക്രമങ്ങളിലും അവിടെയിരുന്ന് സംബന്ധിക്കുകയും ചെയ്യാനുള്ള സൗകര്യവും ഉണ്ടായിരുന്നു. കൂട്ടക്രമങ്ങളിൽ ഉൾച്ചേരുവാനും കൂട്ടത്തിലായിരിക്കുവാനും സിസ്റ്റർ ഇഷ്ടപ്പെട്ടു. കിടപ്പിലാണെങ്കിലും സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും സന്ദർശിക്കാൻ ചെല്ലുന്നവരുടെ ഹൃദയം നിറയ്ക്കുന്ന ഒരു ചിരി സിസ്റ്റർ സമ്മാനിക്കുമായിരുന്നു. പരാതികളില്ലാതെ സംതൃ

പ്തിയോടെ ആയിരിക്കുന്ന സിസ്റ്റർ കാണുന്നവർക്ക് വലിയൊരു സാക്ഷ്യമായിരുന്നു.

കഴിഞ്ഞ 3 മാസങ്ങളിൽ സിസ്റ്റർ തീർത്തും കിടക്കയിൽ തന്നെയായിരുന്നു. ശരീരം മുഴുവനും നീരു വയ്ക്കുന്നതായി കണ്ട തിനാൽ ഡോ.വർഗ്ഗീസിന്റെ നേതൃത്വത്തിൽ പരിശോധനകൾ നട ത്തുകയും കിഡ്നിയുമായി ബന്ധപ്പെട്ട തകരാറുകളാണന്ന് കണ്ടെ ത്തുകയും ചെയ്തിരുന്നു. അതിനനുസരിച്ച് നിർദ്ദേശിക്കപ്പെട്ട ചികി ത്സാക്രമങ്ങൾ സിസ്റ്ററിന് നല്കികൊണ്ടിരുന്നു. മിക്കവാറും ദിവ സങ്ങളിൽ ഡോ.വർഗ്ഗീസ് സിസ്റ്റേഴ്സിനെ പരിശോധിക്കുന്നതിന് ഇവിടെ വരുന്നത് വലിയ ഒരു സഹായമായിരുന്നു. സിസ്റ്ററിന് ക്ഷീണം വർദ്ധിക്കുന്നതിനനുസരിച്ച് പരിചരണങ്ങൾ ഡോക്ടർ നിർദ്ദേശിച്ചിരുന്നു. എങ്കിലും ക്ഷീണം വർദ്ധിച്ചുവരുകയായിരുന്നു.

ഫെബ്രുവരി 23 – ാം തീയതി മഠത്തിന്റെ ചാപ്ലെൻ ബഹു. തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി അച്ചൻ സിസ്റ്ററിന് രോഗീലേപനം നല്കി. കഠിനമായ ശ്വാസതടസ്സം സിസ്റ്ററിന് അനു ഭവപ്പെട്ടിരുന്നു. ചിലപ്പോൾ അത് വളരെ കൂടുകയും പിന്നീട് കുറ യുകയും ചെയ്തു. അതിനാൽ രോഗകിടക്കയിൽ എപ്പോഴും സിസ്റ്റ റിനോടൊത്ത് സിസ്റ്റേഴ്സിൽ ആരെങ്കിലുമൊക്കെ ഉണ്ടായിരിക്കു ന്നതിനും പ്രാർത്ഥിക്കുന്നതിനും ശ്രദ്ധിച്ചിരുന്നു. രോഗികളായ സിസ്റ്റേഴ്സിന്റെ ചുമതല വഹിക്കുന്ന സി. റ്റെൽമയും അവിടെ സഹായിക്കുന്ന സഹോദരങ്ങളും സുപ്പീരിയർ സി. ആശിഷും സി. നാഹീറിന്റെ സഹോദരീപുത്രി സി.സജീവയും മിക്കവാറും എല്ലാ സമയങ്ങളിലും സി. നാഹീറിനൊപ്പം ആയിരിക്കുന്നതിന് ശ്രദ്ധിച്ചു. മരണമടുത്തു എന്ന് മനസിലായപ്പോൾ മിക്കവാറും എല്ലാവരും തന്നെ സിസ്റ്ററിന്റെ അടുത്തായിരുന്ന് പ്രാർത്ഥിക്കുന്നതിന് ശ്രദ്ധിച്ചു. മരിക്കുവോളം ഉള്ളിൽ നല്ല ബോധമുണ്ടായിരുന്ന സിസ്റ്റർ എല്ലാവ രുടേയും സാന്നിധ്യം തിരിച്ചറിയുന്നുണ്ടെന്ന് മുഖഭാവം വ്യക്തമാ ക്കിയിരുന്നു. മാർച്ച് 2–ാം തീയതി മുതൽ സിസ്റ്ററിന് ക്ഷീണം വളരെ കൂടുതലായിരുന്നു. രാപകലില്ലാതെ സിസ്റ്റേഴ്സ് അടുത്തി രുന്ന് ശുശ്രൂഷിച്ചു. അവസാന ദിവസങ്ങളിൽ സിസ്റ്ററിന്റെ നോട്ടം ഒരു ദിശയിലേക്ക് മാത്രമായി. എങ്കിലും വിളിച്ചാൽ അറിയുന്നുണ്ടാ യിരുന്നു. 4–ാം തീയതി സിസ്റ്റർ തീർത്തും ക്ഷീണിതയായി. വിവര മറിഞ്ഞ് ബഹു. സജീവച്ചൻ വന്ന് പ്രാർത്ഥിച്ചു. ഉച്ച കഴിഞ്ഞ് മാവേ

ലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവ് സിസ്റ്ററിനെ വന്ന് കണ്ട് പ്രാർത്ഥിച്ചു.

അന്ന് രാത്രി പ്രാർത്ഥനയുടെ അവസരത്തിൽ സിസ്റ്ററിൽ ഉണ്ടായ ചില മാറ്റങ്ങൾ കണ്ട് സി.റ്റെൽമ മറ്റു സിസ്റ്റേഴ്സിനെ വിവരമറിയിച്ചു. പ്രാർത്ഥന കഴിഞ്ഞ് സിസ്റ്റേഴ്സ് മുറിയിലെത്തി. യാത്രയിലായിരുന്ന മദർ സാന്ദ്രയും കൗൺസിലേഴ്സും അപ്പോഴേക്കും എത്തിച്ചേർന്നു. ഈ ദിവസങ്ങളിലെല്ലാം സി. സജീവ കൂടെയുണ്ടായിരുന്നു. സമയം രാത്രി 11.25. എല്ലാവരുടേയും പ്രാർത്ഥനയ്ക്ക് നടുവിൽ അല്പം പോലും അസ്വസ്ഥതകൾ പ്രകടിപ്പിക്കാതെ വളരെ നിശബ്ദമായി സി.നാഹീറിന്റെ പാവനാത്മാവ് സ്വർഗ്ഗം ലക്ഷ്യമാക്കി ഉയർന്നു. 17 വർഷത്തെ രോഗ പീഡകൾക്ക് ശമനമായി. നിത്യമണവാളൻ അവളെ സ്വർഗ്ഗീയ സന്തോഷത്തിലേക്ക് പ്രവേശിക്കാൻ വിളിച്ചു.

നാഹീർ (പ്രകാശിച്ചവൾ) അങ്ങനെ നിത്യപ്രകാശത്തിൽ ലയിച്ചു. സിസ്റ്ററിന്റെ ജീവിതം ഒരു മേഖലയിൽ മാത്രം ഒതുങ്ങി നിന്നില്ല. തനിക്കാവുന്ന വിധത്തിൽ മറ്റുള്ളവരെ ശുശ്രൂഷിക്കാൻ സിസ്റ്റർ ശ്രമിച്ചു. ക്രിസ്താനുഭവം സ്വന്തമാക്കിയ ഒരാൾക്ക് മാത്രമേ ഇതൊക്കെ സാധിക്കുകയുള്ളു. താൻ ഏറ്റെടുത്തിരിക്കുന്ന ജീവിതത്തോടുള്ള വിശ്വസ്തതയും സ്വർഗ്ഗീയ മണവാളനോട് ചെയ്ത പ്രതിജ്ഞയും സമൂഹത്തോടുള്ള സ്നേഹവും സിസ്റ്ററിന്റെ ജീവിതത്തിലുടനീളം ദൃശ്യമായിരുന്നു. സന്യാസം വലിയ കാര്യങ്ങൾ ചെയ്യുന്നതിലല്ല, ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യുന്നതിലാണെന്ന് ഈ ജീവിതം നമ്മെ പഠിപ്പിക്കുന്നു. സ്വർഗ്ഗീയ സന്തോഷത്താൽ വിടർന്ന സിസ്റ്ററിന്റെ മുഖം ഞങ്ങൾക്ക് കൂടുതൽ പ്രചോദനമേകട്ടെ. ഇന്ന് ഞാൻ, നാളെ നീ എന്ന് ഒന്നുകൂടി ഓർമ്മിപ്പിച്ചു കൊണ്ട് ഞങ്ങൾക്ക് മുമ്പേ നടന്നു നീങ്ങിയ പ്രിയ സഹോദരീ, ബഥനിയുടെ സ്നേഹ പ്രണാമം.......... നിത്യതയുടെ തീരത്ത് നമുക്ക് വീണ്ടും കണ്ടുമുട്ടാം.

“ മണവറയതിലേക്കായ് നിന്നെ
ക്ഷണിച്ചോൻ വാഴ്ത്തപ്പെട്ടവനാം
വിളക്കുതെളിച്ചൊരു കന്യകമാർ
മധ്യേ നീയും നിന്നീടും”

# സി. സെൽക്കാ എസ്.ഐ.സി.

ജനനം: 02/04/1941 മരണം: 13/04/2024

സുകൃത വീഥിയിലെ സ്വർഗ്ഗീയ വസന്തം. സി. സെൽക്ക. സുവിശേഷത്തിലെ ബഥനിയെ അക്ഷരാർത്ഥത്തിൽ ഈ ലോകത്തിൽ അവതരിപ്പിച്ച കന്യാരത്നം. വാക്കുകളിൽ കോറിയിടാൻ കഴിയാത്തവിധം നാഥന്റെ തിരുഹൃദയത്തിനിണങ്ങിയ ജീവിതത്തിലൂടെ ബഥനിയെ സമ്പന്നമാക്കിയ സി.സെൽക്കായുടെ നാൾവഴികളെ ഇവിടെ കുറിക്കുന്നു.

തുമ്പമൺ പണമെടുത്തതിൽ പി.ഒ.ഏബ്രഹാമിന്റേയും വാളകം കുമ്പക്കാട്ട് അന്നമ്മയുടേയും 10 മക്കളിൽ സീമന്തപുത്രിയായി 1941 ഏപ്രിൽ രണ്ടാം തീയതി സിസ്റ്റർ ഭൂജാതയായി. വന്ദ്യനായ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനിൽ നിന്നും മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് സിസ്റ്ററിന്റെ മാതാപിതാക്കൾ കേട്ടിരുന്നു. സിസ്റ്ററിന്റെ പിതാവ് രണ്ടാഴ്ചക്കാലം പട്ടം അരമനയിൽ താമസിച്ച് കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചും മാതാവിനോടുള്ള ഭക്തിയെക്കുറിച്ചും പഠിച്ചറിഞ്ഞു. അതിനുശേഷം അദ്ദേഹം സഭയുടെ വിശ്വസ്തനും തീഷ്ണമതിയുമായ ഒരു വിശ്വാസപോരാളി ആയി മാറി. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് തന്റെ മൂന്ന് പെൺമക്കൾ സന്യാസവും( സി. സെൽക്ക, സി.സെറാഫിന, സി. പരിമള) ഒരു മകൻ പൗരോഹിത്യ ജീവിതവും( വന്ദ്യ അഗസ്റ്റിൻ മംഗലത്ത് കോർ എപ്പിസ്കോപ്പ) തെരഞ്ഞെടുത്തത്. മാതാപിതാക്കളുടെ തീഷ്ണത ഒട്ടും ചോരാതെ ഈ മക്കൾക്ക് ലഭിക്കുകയും ചെയ്തു. ഇവരിൽ ഏറ്റവും തീഷ്ണവതിയായിരുന്നു മൂത്തമകളായ മറിയാമ്മ ഏബ്രഹാം എന്ന ഓമന. മാതാപിതാക്കൾ വാളകം മാർതോമ്മ സ്കൂളിലെ അദ്ധ്യാപകരായിരുന്നു. വാളകം എൽ.പി. സ്കൂൾ, മാർതോമ്മ ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് മറിയാമ്മ പത്താം ക്ലാസ് വരെയുള്ള പഠനം പൂർത്തിയാക്കി. ആത്മാക്കളുടെ രക്ഷക്കായി അക്ഷീണം പ്രവർത്തിക്കുന്ന തന്റെ മാതാപിതാക്കളേയും മാർ ഈവാനിയോസ് പിതാവിനേയും മലങ്കര സഭയുടെ പുനരൈക്യപ്രവർത്തനങ്ങളേയും കണ്ടും കേട്ടും കൊ

ണ്ടാണ് മറിയാമ്മയുടെ ബാല്യകാലം കടന്നു പോയത്. സന്യാസ ത്തെക്കുറിച്ചും ഈ കാലഘട്ടത്തിൽ മറിയാമ്മ മനസിലാക്കിയിരുന്നു.

1958 – ൽ സന്യാസത്തിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ് മറിയാമ്മ ബഥനി മഠത്തിൽ അർത്ഥിനിയായി പരിശീലനം ആരം ഭിച്ചു. നവശിഷ്യപദം പൂർത്തിയാക്കി 1961 മെയ് മാസത്തിൽ ആദ്യ വ്രത വാഗ്ദാനം ചെയ്ത് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറി യോസ് പിതാവിൽ നിന്നും " സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടവൾ" എന്നർത്ഥമുള്ള സെൽക്ക എന്ന നാമം സ്വീകരിച്ചു.

ഈരേഴ ബാലഭവനിലേക്കായിരുന്നു ആദ്യത്തെ നിയമനം. തുടർന്ന് 1963 – ൽ ബിരുദ പഠനത്തിനായി അമേരിക്കയിലെ റോച്ച സ്റ്റർ യൂണിവേഴ്സിറ്റിയിൽ ചേർന്നു. അവിടെ ബി.എ., ബിഎഡ് എന്നീ ബിരുദങ്ങൾ നേടി. 1966 ഏപ്രിൽ മാസത്തിൽ അവിടെ വച്ച് തന്നെയായിരുന്നു നിത്യവ്രത വാഗ്ദാനവും. 1969 ൽ മടങ്ങി വന്ന ശേഷം നങ്ങ്യാർകുളങ്ങര ബി. ബി. എച്ച്. എസിൽ അദ്ധ്യാപിക യായി സേവനം അനുഷ്ഠിച്ചു. തുടർന്ന് ലൈബ്രറി സയൻസിൽ ബിരുദം നേടുകയും നാലാഞ്ചിറ, മാർ തിയോഫിലോസ് കോളേ ജിലെ ലൈബ്രേറിയനായി നിയമിതയാവുകയും ചെയ്തു. പിന്നീട് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദവും നേടി. മാർ ഈവാനിയോസ് കേളേജിലെ ലൈബ്രേറിയനായിട്ടാണ് സിസ്റ്റർ 1997 ൽ വിരമിക്കുന്നത്. റിട്ടയർമെന്റിനു ശേഷം മുംബൈ യിലെ ബോറിവിലിയിലുള്ള ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ എഞ്ചിനീയറിംഗ് കോളേജിലും റോമിലെ റെജീനമുന്തി യൂണിവേ ഴ്സിറ്റിയിലും ലൈബ്രേറിയനായി സേവനമനുഷ്ഠിച്ചു.

1980 മുതൽ 2010 വരെയുള്ള കാലഘട്ടങ്ങളിൽ പലപ്പോഴായി പ്രൊവിൻഷ്യൽ കൗൺസിലർ, പ്രൊവിൻഷ്യൽ സെക്രട്ടറി എന്ന നിലയിൽ സിസ്റ്റർ സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ട്. കൂടാതെ പോസ്റ്റലന്റ്സ്, ജൂനിയേഴ്സ് എന്നിവരുടെ മിസ്ട്രസ്സായും, സുപ്പിരിയർ, പ്രൊക്കുറേറ്റർ എന്ന നിലകളിലും ശുശ്രൂഷ ചെയ്തു. മാർ ഈവാനിയോസ് പിതാവിന്റെ സ്നേഹലാളനകൾ കുട്ടിക്കാ ലത്ത് അനുഭവിക്കാൻ ഇടയായ സിസ്റ്റർ പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗഭാക്കായി.

റോമിൽ ബഥനിക്ക് ഒരു ഭവനം ഉണ്ടാവുക എന്നത് സിസ്റ്ററിന്റെ സ്വപ്നം ആയിരുന്നു. അതിനായി സിസ്റ്റർ ഒരുപാട് അദ്ധ്വാനിക്കുകയും മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥയിൽ പ്രാർത്ഥിക്കുകയും ചെയ്തു. സിസ്റ്ററിന്റെ പരിശ്രമങ്ങളുടെ സത്ഫലം ഇന്ന് ബഥനി അനുഭവിക്കുന്നു.

നാലാഞ്ചിറ, പാളയം ബഥനി ഹോസ്റ്റൽ, എം.റ്റി.റ്റി. ഹോസ്റ്റൽ, നങ്ങ്യാർകുളം, ബോറിവിലി, സെക്കന്ദ്രാബാദ്, മുക്കമ്പാല, കുണ്ടറ, പുത്തൂർ എന്നീ മഠങ്ങളിലായിരുന്നു കൊണ്ട് വിവിധ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തു. ചെന്നിത്തല, ഈരേഴ, പാളയം, ബോറിവിലി, സാക്കിനാക്ക, കുണ്ടറ, പവിത്രേശ്വരം , നാലാഞ്ചിറ തുടങ്ങിയ ഇടവകകളിൽ ദൈവസ്നേഹത്തിന്റെ അടയാളമാകുന്നതിന് സിസ്റ്ററിന് സാധിച്ചു. പാവങ്ങളോടുള്ള സിസ്റ്ററിന്റെ കരുണ നിസ്സീമമാണ് എന്നുള്ളതിന് തെളിവാണ് കാരുവേലിൽ എൽ.പി.സ്കൂളിന്റെ പുനരുദ്ധാരണം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെടുന്ന മക്കൾക്ക്, എല്ലാ ഭൗതിക സാഹചര്യങ്ങളോടും കൂടിയ സ്കൂൾ കെട്ടിടം ഉണ്ടാകണമെന്ന് ആഗ്രഹിച്ചുകൊണ്ട് അതിനുവേണ്ടി രാപകലില്ലാതെ അദ്ധ്വാനിക്കുകയും ധനശേഖരണം നടത്തുകയും ചെയ്ത് സ്കൂളിനെ ഇന്നത്തെ നിലയിലാക്കിയത് സിസ്റ്ററിന്റെ കഠിന പ്രയത്നമാണ്. അതുപോലെ പ്രൈവറ്റ് രജിസ്ട്രേഷനുള്ള സ്കൂളുകൾക്ക് മൈനോറിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിലും സിസ്റ്ററിന്റെ നിതാന്ത പരിശ്രമം ഉണ്ടായിരുന്നു. ബഥനി സമൂഹത്തിന്റെ വി. നിയമവും ആചാരങ്ങളും പരിഷ്കരിക്കുന്നതിൽ സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ സ്മർത്തവ്യമാണ്.

ജീവിതത്തിന്റെ ഓരോ നിമിഷവും ബഥനിയെ ഏങ്ങനെ മറ്റുള്ളവർക്ക് സംലഭ്യമാക്കണം എന്നുള്ള അതിയായ ആഗ്രഹം സിസ്റ്ററിന്റെ ജീവനിൽ ചൂഴ്ന്നു നില്ക്കുന്നതായി ആ ജീവിതത്തിൽ നിന്ന് തൊട്ടറിയാമായിരുന്നു. സി.സെൽക്കാ ആത്മാർത്ഥതയുള്ള ഒരു ബഥാന്യയായിരുന്നു. ചങ്കൂറ്റമുള്ള സുവിശേഷ പ്രവർത്തക. സഭയെ തന്റെ ഹൃദയത്തിലും ബഥനിയെ തന്റെ സിരകളിലും വഹിച്ചവൾ. എവിടെയും ബഥനിക്കുവേണ്ടി നിലകൊള്ളുകയും സത്യത്തിന്റേയും നീതിയുടേയും ശബ്ദമാവുകയും ചെയ്ത യഥാർത്ഥ

ക്രിസ്തുശിഷ്യ. ലാളിത്യത്തിന്റെ മകുടോദാഹരണമായിരുന്നു ആ ജീവിതം. പ്രശംസ ആഗ്രഹിക്കുകയോ അതിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്യാത്ത, ഒന്നിനോടും പ്രത്യേകമായ പറ്റുമാനം കാണിക്കാത്ത, കറതീർന്ന സന്യാസ ജീവിതത്തിനുടമ. സിസ്റ്ററിന്റെ ആദർശ ശുദ്ധിയും കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും നിഷ്ഠാ ജീവിതവുമെല്ലാം മറ്റുള്ളവർക്ക് കണ്ടുപഠിക്കാനുള്ള ഒരു പാഠപുസ്തകമായിരുന്നു. ഒരു ജീവിതംകൊണ്ട് എന്തെല്ലാം ചെയ്തുതീർക്കാൻ കഴിയുമെന്ന് സ്വജീവിതം കൊണ്ട് സിസ്റ്റർ കാണിച്ചുതന്നു.

വലിയ ആരോഗ്യപ്രശ്നങ്ങളില്ലാതിരുന്ന സിസ്റ്ററിന് 2023 സെപ്റ്റംബർ അവസാനത്തിൽ ഷുഗർ കൂടി കുണ്ടറ മഠത്തിൽ നിന്ന് പെരുമ്പുഴ അസ്സീസി അറ്റോൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പലപ്പോഴും ഡയബറ്റിക് കൂടി ആശുപത്രിയിൽ അഡ്മിറ്റാകുമായിരുന്നെങ്കിലും ഇക്കുറി പതിവു തെറ്റിച്ചുകൊണ്ട് സിസ്റ്ററിന് നല്ല ക്ഷീണം ഉള്ളതായി മനസിലാക്കി. പെട്ടെന്ന് സുഖം പ്രാപിച്ചിരുന്ന രീതി മാറി. അതിനാൽ ഒക്ടോബർ ആറാം തീയതി അഭിവന്ദ്യ ഇഗ്നാത്തിയോസ് പിതാവ് സിസ്റ്ററിന് രോഗീലേപനം നല്കി. തുടർന്ന് സിസ്റ്ററിനെ ഡിസ്ചാർജ് ചെയ്ത് നാലാഞ്ചിറ മഠത്തിലേക്ക് കൊണ്ടുവന്നു. ഡിസംബർ മാസത്തിൽ സിസ്റ്റർ തന്നെ ആവശ്യപ്പെട്ട് കുണ്ടറ മഠത്തിലേക്ക് തിരികെ പോയി. വിശദമായ ഒരു ചെക്കപ്പിനുവേണ്ടി സിസ്റ്ററിനെ രണ്ടാഴ്ച കഴിഞ്ഞ് വീണ്ടും നാലാഞ്ചിറ മഠത്തിലേക്ക് കൊണ്ടുവന്നു. ഷുഗർ വീണ്ടും കൂടിയതിനാൽ പിറ്റേന്ന് തന്നെ സിസ്റ്ററിനെ ജൂബിലി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. അതോടൊപ്പം മറ്റു പരിശോധനകളും നടന്നു. ഈ കാലഘട്ടങ്ങളിലെല്ലാം സിസ്റ്റർ കൂടുതൽ ക്ഷീണിതയാവുകയായിരുന്നു. ഡോക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം സിസ്റ്ററിനെ നാലാഞ്ചിറ മഠത്തിൽ പരിചരിച്ചു കൊണ്ടിരിക്കേ മാർച്ച് 17-ന് വീണ്ടും സിസ്റ്ററിനെ പെരുമ്പുഴയിൽ അഡ്മിറ്റ് ചെയ്തു. ഏപ്രിൽ 8-ന് ഡിസ്ചാർജ് ചെയ്ത് നാലാഞ്ചിറ കൊണ്ടു വന്നു. വരുംവഴി സിസ്റ്റർ തന്റെ വീട്ടിൽ കയറി അനിയത്തിയേയും കുടുംബത്തേയും കണ്ടിട്ടാണ് നാലാഞ്ചിറയ്ക്ക് വന്നത്. എന്നാൽ അന്ന് രാത്രി സിസ്റ്ററിന് ഛർദ്ദി ഉണ്ടാവുകയും സിസ്റ്റർ വളരെയേറെ ക്ഷിണിതയായി കാണപ്പെടുകയും ചെയ്തപ്പോൾ വീണ്ടും പെരുമ്പുഴയിൽ തന്നെ കൊണ്ടു

പോയി. സി.സെൽക്കയ്ക്ക് അസുഖമായപ്പോൾ മുതൽ സി. പരിമള കൂടെനിന്ന് സിസ്റ്ററിനെ പരിചരിക്കുന്നുണ്ടായിരുന്നു. ഏപ്രിൽ 12-ന് വൈകിട്ട് മാവേലിക്കര രൂപതയിലെ ബഹുമാനപ്പെട്ട ജോസഫ് പടിപ്പുര അച്ചൻ സിസ്റ്ററിന് രോഗീലേപനം നല്കി. സിസ്റ്ററിന്റെ രോഗവിവരം അറിഞ്ഞ് സഹോദരങ്ങളും ആശുപത്രിയിലെത്തി. പിറ്റേന്ന് 13-ാം തീയതി 3 മണിയോടെ സിസ്റ്ററിന് അസുഖം കൂടുകയും വളരെയേറെ ക്ഷീണിതയായി കാണപ്പെടുകയും ചെയ്തു. സിസ്റ്ററിന്റെ കിടക്കയ്ക്ക് ചുറ്റും സഹോദരങ്ങളും പെരുമ്പുഴ മഠത്തിലെ സിസ്റ്റേഴ്സും ഒരുമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മാവേലിക്കര രൂപതയിലെ ജോസഫ് തെക്കേവീട്ടിൽ അച്ചൻ സിസ്റ്ററിന് അവസാന ആശീർവാദം നല്കി. എല്ലാവരുടേയും പ്രാർത്ഥനയ്ക്ക് നടുവിൽ 5.45-ന് സിസ്റ്ററിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.

സന്യാസത്തിന്റെ സമസ്തഭാവങ്ങളും ക്രിസ്തുവിൽ നിന്ന് ആവാഹിച്ചുകൊണ്ട്, വിശ്വസ്തവും വിശുദ്ധവുമായ വ്രതബദ്ധ ജീവിതത്തിന്റെ നിദർശനമായിരുന്നു സി. സെൽക്കായുടെ ജീവിതം. ബഥനിയുടെ തനിമയെ ആത്മശരീര മനസുകളിൽ നിറച്ചുകൊണ്ട് തീരാത്ത ദാഹത്തോടെ സന്യാസത്തിന്റെ ആനന്ദം മതിവരുവോളം നുകരുവാൻ ജാഗ്രത പുലർത്തുകയും സഹസന്യസ്തർക്ക് എല്ലാ കാര്യങ്ങളിലും മാതൃകയും പ്രചോദനവും നല്കികൊണ്ടുമാണ് സ്വർഗ്ഗീയ മണവറയിൽ ആത്മനാഥനോടൊപ്പം ആയിരിക്കുവാൻ സിസ്റ്റർ യാത്രയായിരിക്കുന്നത്. തീഷ്ണതയിൽ മന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവളായി കർത്താവിനെ ശുശ്രൂഷിച്ച പ്രിയ സഹോദരി, സമാധാനത്തോടെ പോവുക.... ക്രിസ്തുനാഥന്റെ ധീരയായ പോരാളിക്ക് ബഥനി കുടുംബത്തിന്റെ പ്രണാമം.

“മണവറയതിലേക്കായ് നിന്നെ
ക്ഷണിച്ചോൻ വാഴ്ത്തപ്പെട്ടവനാം
വിളക്കു തെളിച്ചൊരു കന്യകമാർ
മധ്യേ നീയും നിന്നീടും ”

# പ്രാർത്ഥനാസ്മരണകളോടെ.....

സിസ്റ്റർ നവീന(TLA)യുടെ വത്സല മാതാവ് ത്രേസ്യാമ്മ ഫിലിപ്പ് (88) 2024 മാർച്ച് 2 ന് നിര്യാതയായി

സിസ്റ്റർ ഫേബാ(TLA)യുടെ വത്സല മാതാവ് ഏലിയാമ്മ ചെറിയാൻ (98) 2024 മാർച്ച് 20 ന് നിര്യാതയായി

സിസ്റ്റർ സൗമ്യ(TLA)യുടെ വത്സല മാതാവ് ഏലിയാമ്മ സ്ക്കറിയ (98) 2024 ഏപ്രിൽ 8 ന് നിര്യാതയായി

സിസ്റ്റർ മയൂഖ(PTA)യുടെ പ്രിയപ്പെട്ട പിതാവ് പി.കെ. ഏബ്രാഹാം (82) കരിംതകരത്തടത്തിൽ (ചെമ്പോലിൽ), ഉള്ളന്നൂർ, 2024 ഏപ്രിൽ 11 ന് നിര്യാതയായി.

സിസ്റ്റർ ക്ലെമന്റി(PTA)ന്റെ വത്സല പിതാവ് ചാക്കോ തോമസ് (86) കുളങ്ങര വീട്, കരിമണ്ണൂർ, തൊടുപുഴ, 2024 ഏപ്രിൽ 23 ന് നിര്യാതയായി.

***പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുകയും പ്രിയപ്പെട്ട സിസ്റ്റേഴ്സിന് സഹോദരങ്ങളുടെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുകയും ചെയ്യുന്നു.***

# പ്രാർത്ഥനയിൽ ഓർക്കാം

## May 2024

| | |
|---|---|
| 01. Sr. Sebia | (TVM) |
| 03. Sr. Archana | (TVM) |
| 04. Sr. Martha | (TLA) |
| 05. Sr. Nirmala | (BTY) |
| 09. Sr. Monica | (TLA) |
| 11. Sr. Rita Mary | (MPA) |
| 13. Mother Denaha | |
| 18. Sr. Segdas | (TVM) |
| 19. Sr. Smirtha | (TVM) |
| 24. Sr. Bernaditha | (TLA) |
| 27. Sr. Agnes | (PTA) |
| 31. Sr. Beninja | (TLA) |

## June 2024

| | |
|---|---|
| 03. Sr. Philomina | (TLA) |
| 07. Sr. Annunciatta | (TLA) |
| 07. Sr. Dorothy | (PTA) |
| 08. Sr. Ivania | (PTA) |
| 14. Sr. Ann | (TLA) |
| 19. Sr. Thara | (BTY) |
| 22. Sr. Felix | (TLA) |
| 22. Sr. Mary | (TLA) |
| 23. Sr. Anasthasia | (TVM) |
| 25. Sr. Seraphia | (TLA) |
| 25. Sr. Mary Magdaline | (TLA) |
| 25. Sr. Rumsa | (TLA) |
| 26. Sr. Maria Goretti | (PTA) |
| 28. Sr. Mettilda | (TLA) |
| 30. Sr. Suseela | (TLA) |

## July 2024

| | |
|---|---|
| 02. Sr. Alphonsa | (TLA) |
| 02. Sr. Shyna Mary | (MPA) |
| 10. Mother Sybar | |
| 12. Sr. Mary Gertrude | (TLA) |
| 15. Sr. Emera | (TVM) |
| 16. Sr. Laura | (TLA) |
| 17. Sr. Haliyuse | (PTA) |
| 22. Sr. Thresia | (TLA) |
| 22. Sr. Blessy | (TLA) |
| 27. Sr. Virginia | (TLA) |










IHS

